# അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

ISSN: 2582-2764

നം. 05/2019 | ഡിസംബർ 2019 | തിരുവനന്തപുരം | പേജ് 16 | വില 10 രൂപ





മഹാത്മാഗാന്ധി അനുസ്മരണ സമ്മേളനം » 09

പതിനാലാം കേരള നിയമസഭയിൽ പുതുമുഖങ്ങൾ » 13

കോഫി ഹൗസിൽ പുതുചരിത്രമെഴുതി വനിതകൾ » 14


ചീഫ് എഡിറ്ററുടെ ഡെസ്കിൽ നിന്ന്

**പി.ശ്രീരാമകൃഷ്ണൻ** സ്പീക്കർ

## ഗാന്ധിപാദങ്ങളിൽ



രാഷ്ട്രപിതാവിന്റെ 150-ാം ജന്മവാർഷികം ആഘോഷിക്കുന്ന വേളയിൽ കേരള നിയമസഭ പ്രത്യേക സമ്മേളനം ചേർന്നത് അഭിമാനകരമാണ്. 150-ാം ജയന്തിക്ക് ഒരു പ്രത്യേകതയുണ്ട്. ഐക്യരാഷ്ട്രസഭ അന്താരാഷ്ട്ര അഹിംസാദിനമായി പ്രഖ്യാപിച്ചത് മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 ആണ്. നമ്മുടെ ചരിത്രത്തിന്റെ വീഥികളിൽ അനേകം മഹാരഥന്മാരെ നമുക്ക് കാണാൻ കഴിയും. എന്നാൽ നമ്മുടെ സമൂഹത്തെയും ചിന്തകളെയും ഇത്രയേറെ സ്വാധീനിച്ചവർ വിരളമാണ്. ബൃഹദാരണ്യകോപനിഷത്തിലാണ് 'അസതോ മാ സദ്ഗമയ, തമസോ മാ ജ്യോതിർ ഗമയ, മൃത്യോർ മാ അമൃതംഗമയ' എന്ന വാചകമുള്ളത്. രാജ്യത്തിന്റെ ചരിത്രത്തിൽ ഒരു ജനതയെയാകെ ഇത്തരത്തിൽ നയിച്ചവരെ ഓർക്കുമ്പോൾ ആദ്യം വരുന്നത് രണ്ട് പേരുകളാണ്; ഗൗതമബുദ്ധന്റെയും ഗാന്ധിജിയുടെയും. ഗാന്ധിജി മരണമടഞ്ഞപ്പോൾ 'ഓരോ ഇന്ത്യൻ പൗരനും തന്റെ പിതാവിനെ നഷ്ടപ്പെട്ടു' എന്ന് പറഞ്ഞത് ചൈനീസ് വിപ്ലവത്തെക്കുറിച്ച് പഠനം നടത്തിയ വിഖ്യാത അമേരിക്കൻ പത്രപ്രവർത്തകൻ എഡ്ഗാർ സ്നോ ആയിരുന്നു. ഗാന്ധീരക്തസാക്ഷിത്വത്തിന്റെ ഏഴ് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ അതുണ്ടാക്കുന്ന ഞെട്ടലിൽ നിന്ന് നാം ഇന്നും മുക്തിനേടിയിട്ടില്ല. ഗാന്ധിജിയുടെ മരണവിവരം രാഷ്ട്രത്തോടായി പ്രഖ്യാപിച്ച പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ഇടറിയ വാക്കുകൾ ഇങ്ങനെയായിരുന്നു: 'നമ്മുടെ ജീവിതത്തിന്റെ പ്രകാശം അണഞ്ഞു പോയിരിക്കുന്നു.....' ഇന്ന്, ഗാന്ധിജി തെളിച്ചുവച്ച നമ്മുടെ രാഷ്ട്രത്തിന്റെ പ്രകാശം അണഞ്ഞുപോകുമോ എന്ന ആശങ്കയുടെ കാർമേഘങ്ങളാണ് ചുറ്റിലും. ജീവിതത്തിന്റെ അവസാനദിവസങ്ങളിലെ പ്രാർത്ഥനായോഗങ്ങളിൽ ടാഗോറിന്റെ 'നിങ്ങൾ പറയുന്നത് ആരും ചെവിക്കൊള്ളുന്നില്ലെങ്കിൽ തനിയെ നടക്കുക....' എന്ന വരികൾ ഗാന്ധിജി നിരന്തരം ഉദ്ധരിച്ചുകൊണ്ടിരുന്നു. ഒടുവിൽ അദ്ദേഹം തനിയെ നടന്നു. തനിയെ നടന്ന് എന്തും ഏറ്റുവാങ്ങാനുള്ള ദൃഢത ഓരോ പൊതുപ്രവർത്തകനും, ഓരോ രാജ്യസ്നേഹിയും സ്വയം സജ്ജമാക്കേണ്ട ഒരു ഘട്ടത്തിലാണ് നമ്മൾ ഇപ്പോഴുള്ളത്. അദ്ദേഹത്തിന്റെ രാഷ്ട്രീയ നിലപാടുകളോടും ദർശനങ്ങളോടും വിയോജിക്കുന്നവർ പോലും ഒരു കാര്യം സമ്മതിക്കേണ്ടി വരും. ഒരു ജനതയെ ഒന്നിച്ചുനിർത്തിയ ശക്തിയായിരുന്നു ഗാന്ധിജി. അതുകൊണ്ടാണ് ടാഗോർ അദ്ദേഹത്തെ 'മഹാത്മാ' എന്ന് വിളിച്ചത്. സത്യത്തെ ഗ്രഹിക്കാനുള്ള യാത്രയാണ് അദ്ദേഹം നടത്തിയത്. അഹിംസയെ ലോകം ശ്രദ്ധിക്കുന്ന ഒരു ദർശനമാക്കാൻ ഇത്രയധികം പ്രയത്നിച്ച മറ്റൊരു മഹാത്മാവിനെ കാണാനാവില്ല.

ഗാന്ധിജിയുടെ സ്മരണകളും ദർശനവും ഇന്ന് ഓർമ്മിക്കുന്നത് കേവലമായ ഒരു കാല്പനിക മനോഭാവത്തോടുകൂടിയാകരുത്. കാലം നമ്മിൽ ഏല്പിച്ച കടമകൾ നിർവ്വഹിക്കാനുള്ള ഇന്ധനമാണത്. ഗാന്ധിജിയുടെ ജീവിതത്തിലെ ഏറ്റവും വലിയ സന്ദേശം മതത്തെക്കുറിച്ചുള്ളതാണ്. മതവും മനുഷ്യനും തമ്മിലുള്ള ബന്ധവും, മതവും രാഷ്ട്രവും തമ്മിലുള്ള ബന്ധവും സംബന്ധിച്ച നിലപാടുകളെ അദ്ദേഹം നിരന്തരം ആലോചിച്ച് പുതുക്കി പണിതുകൊണ്ടിരുന്നു. 1943 ജൂലായ് 15ന് ബ്രിട്ടീഷ് ഇന്ത്യയിലെ ആഭ്യന്തരവകുപ്പ് അഡീഷണൽ സെക്രട്ടറിക്ക് എഴുതിയ കത്തിൽ മതവും രാഷ്ട്രീയവും തമ്മിലുള്ള ബന്ധത്തെ കുറിച്ച് ഗാന്ധിജി ഇങ്ങനെ എഴുതി: 'മതം തീർത്തും വ്യക്തിപരമായ കാര്യമാണ്. അതിന് രാഷ്ട്രീയത്തിൽ ഒരു സ്ഥാനവും ഉണ്ടാകരുത്. വിദേശാധിപത്യം എന്ന അസ്വാഭാവിക സ്ഥിതി മൂലമാണ് മതാടിസ്ഥാനത്തിൽ വിഭജിക്കപ്പെടുന്ന അസ്വാഭാവിക സ്ഥിതി നമുക്കുണ്ടായത്.' മതം എന്നതുകൊണ്ട് താൻ അർത്ഥമാക്കുന്നത് ഔപചാരികമതത്തെ അല്ലെന്നും മറിച്ച് ധാർമ്മികവും നൈതികവുമായ മൂല്യങ്ങളെയാണെന്നും അദ്ദേഹം വ്യക്തമാക്കി. മതമെന്നത് പ്രപഞ്ചത്തെ നയിക്കുന്ന ധാർമ്മിക ക്രമമാണെന്നും അത് ഹിന്ദുമതം, ഇസ്ലാം, ക്രിസ്തുമതം തുടങ്ങിയവയൊക്കെ മറികടന്നുപോവുന്നതും അവയിലെ മൂല്യങ്ങളെ സംയോജിപ്പിക്കുന്നതുമാണെന്നും ഗാന്ധിജി പറഞ്ഞു. 1939 നവംബർ 11 ന് 'ഹരിജനി'ൽ മതം ദേശീയതയുടെ അടിസ്ഥാനമല്ലെന്ന് അദ്ദേഹം ഖണ്ഡിതമായി എഴുതി. തന്റെ രാഷ്ട്രീയ നിലപാടുകൾ നൈതികതയിൽ അഥവാ മതത്തിൽ നിന്നാണെന്ന് ഗാന്ധിജി പറയുന്നുണ്ട്. എന്നാൽ ഈ നൈതികതയെ ഏതെങ്കിലും ഒരു മതവുമായി കൂട്ടിയിണക്കേണ്ടതില്ലെന്നും അടിസ്ഥാനപരമായ നൈതികത എല്ലാ മതങ്ങൾക്കും ഒരുപോലെയുള്ളതാണെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

നാൽപ്പതുകളോടെ തന്റെ വീക്ഷണം ഗാന്ധിജി വീണ്ടും പുതുക്കിപ്പണിതു. ഇന്ത്യ അഭിമുഖീകരിച്ച വിഭജനഭീഷണിയും മതരാഷ്ട്രവാദവും വർഗ്ഗീയതയുടെ പടർന്നുപിടിക്കലുമാണ് മതവും രാഷ്ട്രീയവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പുനരാലോചനകളിലേക്ക് ഗാന്ധിജിയെ നയിച്ചത്. 1947 ഓഗസ്റ്റ് 22ന് കൽക്കട്ടയിൽ ചേർന്ന പ്രാർത്ഥനായോഗത്തിൽ മതം വ്യക്തിപരമായ കാര്യം മാത്രമാണെന്നും ഭരണാധികാരികളും ഉദ്യോഗസ്ഥരും ഒരു മതനിരപേക്ഷരാഷ്ട്രത്തിനായി ആത്മാർത്ഥമായി ശ്രമിച്ചാൽ ലോകത്തിന്റെ പ്രകാശമാകാൻ പോന്ന ഒരു രാഷ്ട്രം പണിതുയർത്താൻ നമുക്ക് കഴിയുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ഒരു രാഷ്ട്രത്തിലെ എല്ലാവർക്കും ഒരു മതമാണെങ്കിൽ പോലും രാഷ്ട്രത്തിന് മതം ആവശ്യമില്ലെന്ന് ഗാന്ധിജി വ്യക്തമാക്കിയിട്ടുണ്ട്. ഭരണകൂടം സംശയരഹിതവും മതനിരപേക്ഷവുമായിരിക്കണം. 'ഇന്ത്യ ഓഫ് മൈ ഡ്രീംസ്' എന്ന പുസ്തകത്തിൽ പൂർണ്ണസ്വരാജിനെ കുറിച്ച് ഗാന്ധിജി വിവരിക്കുന്നുണ്ട്. രാജകുമാരനും കർഷകനും ഒരുപോലെ അനുഭവപ്പെടുന്നതാകണം പൂർണ്ണ സ്വരാജ്. വൻകിട ഭൂവുടമയ്ക്കും ഭൂരഹിത കർഷകനും അത് അനുഭവവേദ്യമാകണം. ഈ നിലപാടിലൂടെ പങ്കാളിത്തവികസനത്തെക്കുറിച്ചുള്ള പാഠങ്ങൾ അദ്ദേഹം മുന്നോട്ട് വച്ചു.

ജനാധിപത്യത്തെക്കുറിച്ച് ഉന്നതമായ ഒരു സങ്കല്പമായിരുന്നു ഗാന്ധിജിയുടേത്. അധികാര വികേന്ദ്രീകരണം അനിവാര്യമാണെന്ന് ഗാന്ധിജി കരുതി. ശക്തർക്കുള്ള അതേ അവസരങ്ങൾ ദുർബലർക്കും ലഭ്യമാകുന്നതാണ് ജനാധിപത്യമെന്ന് അദ്ദേഹം വിവക്ഷിച്ചു. സ്ത്രീ-പുരുഷ സമത്വം അദ്ദേഹത്തിന് കേവലം ഒരു ആദർശം ആയിരുന്നില്ല. 'സേവനങ്ങളുടെ അവതാരമാണ് സ്ത്രീ. അവരെ നിസ്സഹായതയുടേയും പാരതന്ത്ര്യത്തിന്റെയും രൂപത്തിൽ


ശേഷം.... പേജ് 02





## കേരള നിയമസഭ രാജ്യത്തിന് മാതൃക - ഗവർണർ

കേരള നിയമസഭയുടെ പ്രവർത്തനങ്ങളും പുരോഗമനാത്മകമായ നിയമനിർമ്മാണവും രാജ്യത്തിനാകെ മാതൃകയാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. സഭാ ടി.വി. യുടെയും നിയമസഭാ നടപടികളുടെ ഓൺലൈൻ സ്ട്രീമിംഗിന്റേയും ലോഗോ, തീം സോംഗ് എന്നിവയുടെ പ്രകാശനവും 2019 ലെ നിയമസഭാ മാധ്യമ അവാർഡ് വിതരണവും നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിയമനിർമ്മാണ പ്രക്രിയയെക്കുറിച്ചും പാർലമെന്ററി സംവിധാനത്തെക്കുറിച്ചുമുള്ള അറിവില്ലായ്മയാണ് ജനങ്ങൾക്ക് ജനാധിപത്യത്തെക്കുറിച്ച് സംശയങ്ങളുണ്ടാകാൻ കാരണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ജനാധിപത്യത്തെ പരിപോഷിപ്പിക്കുന്നതിൽ പരമപ്രധാനമായ കർത്തവ്യം മാധ്യമങ്ങൾക്കുണ്ടെന്നും പൊതുപ്രവർത്തനങ്ങൾ ആരോഗ്യകരമായി അവതരിപ്പിക്കുകയും ജനങ്ങൾ അവ എങ്ങനെ മനസ്സിലാക്കുന്നു എന്ന് വിലയിരുത്തുകയും ചെയ്യുന്നത് മാധ്യമ ധാർമ്മികതയുടെ ഭാഗമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ മുഖ്യാതിഥി ആയിരുന്നു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, പട്ടിക ജാതി-പട്ടിക വർഗ്ഗ ക്ഷേമ വകുപ്പുമന്ത്രി എ.കെ.ബാലൻ, എം.എൽ.എ.മാർ, മാധ്യമപ്രവർത്തകർ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

## ഗാന്ധിപാദങ്ങളിൽ

... തുടർച്ച പേജ് 01

സൃഷ്ടിച്ചിരിക്കുന്നു' എന്ന് അദ്ദേഹം എഴുതി. അദ്ദേഹം വിഭാവനം ചെയ്ത 'നയീതാലീം' (നവീന വിദ്യാഭ്യാസം) കൂടുതൽ പ്രസക്തമാകുന്നു. ജ്ഞാനം, കർമ്മം, ആനന്ദം എന്നിവയുടെ സംയോജനത്തിലൂടെ പരിപൂർണ്ണനായ മനുഷ്യനെ വാർത്തെടുക്കലാണ് 'നയീതാലീം' എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

ഗാന്ധിജി ദാർശനികസൗരഭ്യത്തിന് നമുക്ക് മുന്നിൽവച്ച മാർഗ്ഗം ഇരുൾമൂടിക്കൂടാ. ഗാന്ധി കാട്ടിത്തന്ന പാതകളിൽ ഇരുട്ട് നിറയ്ക്കാനുള്ള ശ്രമങ്ങളെ പ്രതിരോധത്തിന്റെ തീജ്വാലകൾ കൊണ്ട് പ്രകാശപൂരിതമാക്കാം. ഇന്ത്യയെന്ന രാഷ്ട്രീയ ആശയത്തിൽ ഇഴുകിച്ചേരേണ്ട ജനാധിപത്യരീതികൾ, മതനിരപേക്ഷ വികസനപാത, ജാതി ശ്രേണികളെ തുത്തെറിയുന്ന ധാർമ്മികനൈതികത, ഹിംസയില്ലാത്ത രാഷ്ട്രശരീരം, സമൃദ്ധമായ ഫെഡറലിസം തുടങ്ങി രാഷ്ട്രത്തിന്റെ ആധാരശിലകളായ കാഴ്ചപ്പാടുകൾ ഭീഷണി നേരിടുന്നു, ഫെഡറലിസം നോക്കുകുത്തിയാകുന്നു... അധികാരവും സമ്പത്തും ഒരിടത്തേക്ക് കേന്ദ്രീകരിക്കപ്പെടുന്നു. നികുതിഘടന കേന്ദ്രീകരണത്തിന്റെലക്ഷണംപ്രകടിപ്പിക്കുന്നു. മതനിരപേക്ഷത അസ്ഥാനത്തുള്ള ഒരു പദമായി മാറുന്നു. ആൾക്കൂട്ടഹിംസ ദേശസാൽക്കരിക്കപ്പെടുന്നു.... പൗരത്വരജിസ്റ്ററിന്റെ പേരിൽ 20 ലക്ഷം മനുഷ്യരെ അന്യരാക്കി ചാപ്പകുത്തി കോൺസൺട്രേഷൻ ക്യാമ്പുകളിലേക്ക് അയയ്ക്കാൻ ആസൂത്രണം നടക്കുന്നു, രാജ്യം മുഴുവൻ പൗരത്വരജിസ്റ്റർ വ്യാപിപ്പിക്കുമെന്ന ഭീഷണി ഉയരുന്നു.... പാർലമെന്ററിജനാധിപത്യത്തിന്റെ മര്യാദകൾ മറന്ന് ഭരണഘടന പൊളിച്ചെഴുതാൻ ഉണ്ടുകടലാസുമായി പാർലമെന്റിൽ എത്തുന്ന അവസ്ഥ അവിശ്വസനീയമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു.

ഒരുരാഷ്ട്രത്തിന്റെദാർശനികസൗരഭ്യവും അതിന്റെ മുകളിൽ പരന്നൊഴുകാൻ ശ്രമിക്കുന്ന പ്രതിലോമദുർഗന്ധവും തമ്മിലുള്ള സംഘർഷത്തിന്റെ കാലത്ത് കേരളം ദൃഢതയുടെ ദീപസ്തംഭം കൊണ്ട് രാജ്യമാകെ പ്രകാശം പൊഴിക്കട്ടെ.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# മങ്കടയിലെ വികസന പദ്ധതികൾ

**ടി.എ.അഹമ്മദ് കബീർ,** മങ്കട



### മൂർക്കനാട് കുടിവെള്ള പദ്ധതി വിപുലീകരണം

മൂർക്കനാട് ഗ്രാമ പഞ്ചായത്തിലെ 1 മുതൽ 19 വരെ വാർഡുകളിൽ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി കൊളത്തൂർ പള്ളിയാൽ കുളമ്പിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. മങ്കട എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും 2018-19 സാമ്പത്തിക വർഷം 40 ലക്ഷം രൂപ ചെലവഴിച്ചാണ് പൈപ്പ്ലൈനില്ലാത്ത വീടുകളിൽ വെള്ളമെത്തിക്കുന്നതിന് ഫണ്ടനുവദിച്ചത്. 2017-18 സാമ്പത്തിക വർഷം എം.എൽ.എ ഫണ്ടിൽ നിന്നും മൂർക്കനാട് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടുന്നതിന് 35 ലക്ഷം രൂപ അനുവദിച്ചിരുന്നു.

മൂർക്കനാട് കുടിവെള്ളപദ്ധതി മണ്ഡലത്തിലെ മുഴുവൻ ഭാഗങ്ങളിലേക്കും വിപുലീകരിക്കുന്നതിന് 63 കോടി രൂപയുടെ പദ്ധതി യാഥാർത്ഥ്യമാകുന്നു. പദ്ധതിയുടെ ഇൻവെസ്റ്റിഗേഷനും സർവ്വേ നടപടികൾക്കുമായി 24 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു.

മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സ് നിലനിർത്തുന്നതിന് സഹായകരമാകുന്ന കീഴ്മുറിക്കടവ് - മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന് 68 കോടി രൂപയുടെ ധനാനുമതി ലഭിച്ചു. മണ്ഡലത്തിലെ മൂർക്കനാട്, പുഴക്കാട്ടിരി, കുറുവ, കൂട്ടിലങ്ങാടി, മങ്കട, മക്കരപ്പറമ്പ് എന്നീ പഞ്ചായത്തുകളിലേക്ക് വെള്ളമെത്തിക്കുന്നതിനായി നിർമ്മിച്ച കിണറിൽ ആവശ്യത്തിന് വെള്ളം ലഭ്യമാകാത്ത സാഹചര്യത്തിലാണ് കുന്തിപ്പുഴയിൽ നിലാപറമ്പിന് സമീപം തടയണ നിർമ്മിക്കണമെന്ന ആവശ്യം ഉയർന്നത്. റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം പൂർത്തിയാവുന്നതോടെ പദ്ധതിക്ക് ആവശ്യമായ വെള്ളം ലഭ്യമാകുന്നതാണ്. ഇതിനാൽ മൂർക്കനാട്, പുലാമന്തോൾ, പാലക്കാട് ജില്ലയിലെ വിളയൂർ, തിരുവേഗപ്പുറ പഞ്ചായത്തുകളിലെ കാർഷിക ആവശ്യത്തിനും ജലസേചനത്തിനും സൗകര്യമാകും.

### പള്ളിക്കൽ ഗവ.യു.പി.എസിന് 'ശതപൂർണ്ണിമ'

സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനും ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ മങ്കട മണ്ഡലത്തിൽ അന്തിമ ഘട്ടത്തിലാണ്. പള്ളിപ്പുറം ഗവ. യു .പി .സ്കൂളിൽ എം എൽ എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച കെട്ടിടം ഉദ്ഘാടനം ചെയ്തു. 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 65 ലക്ഷം രൂപ വിനിയോഗിച്ചാണ് 6 ക്ലാസ്സ് മുറികളോടെ മൂന്നു നിലയുള്ള 'ശതപൂർണ്ണിമ' ബ്ളോക്ക് നിർമ്മിച്ചത്. എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകളിൽ വിജയിച്ച സ്കൂളിലെ 17 വിദ്യാർത്ഥികളെ ചടങ്ങിൽ അനുമോദിച്ചു.

### മങ്കട ഗവ.ആശുപത്രി പുതിയ ബ്ലോക്കിന് ശിലാസ്ഥാപനം

മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന് ശിലയിട്ടു. 2015-16 വർഷത്തെ മങ്കട മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ ചെലവിലാണ് കെട്ടിടം നിർമ്മിക്കുന്നത്. നിലവിൽ നിർമ്മാണം പൂർത്തിയാക്കിയ ഒ.പി, ഫാർമസി ബ്ലോക്കുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രണ്ടാം നിലയും അനുബന്ധ സൗകര്യങ്ങളുമാണ് ഒരുക്കുക. മങ്കട ആശുപത്രിയിൽ ഒ.പി. സമയം വൈകുന്നേരം ആറ് മണിവരെയാക്കി ദീർഘിപ്പിക്കുന്നതിന്റെ പ്രഖ്യാപനം ജില്ലാ ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ ഡോ.ഇസ്മായിൽ നിർവ്വഹിച്ചു.

### മങ്കട ഗവ.കോളേജ് കെട്ടിടം ഉദ്ഘാടനത്തിനൊരുങ്ങി

2013 ലാണ് മങ്കട നിയോജക മണ്ഡലത്തിൽ സർക്കാർ കോളേജ് അനുവദിച്ചത്. കൊളത്തൂരിൽ ആരംഭിച്ച സർക്കാർ കോളേജിന് മൂർക്കനാട് പഞ്ചായത്തിലെ പുന്നക്കാട് നിർമ്മിക്കുന്ന സ്വന്തം കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്. പ്രാരംഭഘട്ടത്തിൽ ഏഴ് കോഴ്സുകളുമായി പ്രവർത്തനമാരംഭിച്ച മങ്കട ഗവ. കോളേജിനായി മൂർക്കനാട് ഗ്രാമപഞ്ചായത്ത് വിട്ടു നൽകിയ 5.79 ഏക്കർ സ്ഥലത്താണ് കെട്ടിട നിർമ്മാണം നടക്കുന്നത്. ഇപ്പോൾ കൊളത്തൂരിൽ താല്ക്കാലികമായി മദ്രസ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന കോളേജിൽ 730 വിദ്യാർത്ഥികളാണുള്ളത്.



# വേങ്ങരയിൽ വയോജനദിനം ആചരിച്ചു

**കെ.എൻ.എ.ഖാദർ,** വേങ്ങര

2019 ഒക്ടോബർ 1 ന് വേങ്ങര നിയോജകമണ്ഡലത്തിൽ അന്തർദേശീയ വയോജന ദിനം സാമൂഹ്യ നീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. മലപ്പുറം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുതിർന്ന പൗരന്മാരുടെ ഘോഷയാത്രയോടുകൂടി പരിപാടികൾ ആരംഭിച്ചു. വയോജന സംരക്ഷണ നിയമത്തെക്കുറിച്ചുള്ള ക്ലാസ്, സൗജന്യ ഗ്ലൂക്കോമീറ്റർ വിതരണം, മുതിർന്ന പൗരന്മാരെ ആദരിക്കൽ എന്നിവയും നടന്നു. മുതിർന്ന പൗരന്മാർ അവതരിപ്പിച്ച കോളാമ്പിപ്പാട്ട്, തുമ്പിതുള്ളൽ, കോൽക്കളി തുടങ്ങിയ വിവിധ കലാപരിപാടികളോടുകൂടി വയോജനദിനാഘോഷത്തിന് തിരശ്ശീല വീണു. ചടങ്ങിൽ 1500 ലധികം മുതിർന്ന പൗരന്മാർ പങ്കെടുത്തു.

# ചാലിയത്ത് മാതൃകാ ആരോഗ്യ കേന്ദ്രം

**വി.കെ.സി. മമ്മത്കോയ,** ബേപ്പൂർ



ചാലിയം കുടുംബാരോഗ്യ കേന്ദ്രം ഒക്ടോബർ 25-ാം തീയതി ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ.ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്തു. 1.25 കോടി രൂപ ചെലവഴിച്ചാണ് സ്വകാര്യ ആശുപത്രികളോട് കിടപിടിക്കുന്ന സൗകര്യങ്ങളോടെ കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തനസജ്ജമായിരിക്കുന്നത്. ചാലിയം സ്വദേശി ടി.കെ. എം. കോയയുടെ സ്മരണാർത്ഥം ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കോയ ആൻഡ് കമ്പനിയാണ് ആരോഗ്യ കേന്ദ്രത്തിനു കെട്ടിടം നിർമ്മിച്ചു നൽകിയത്.

ആധുനിക ലൈബ്രറി, ജീവിതശൈലീരോഗ നിയന്ത്രണ ക്ലിനിക്, കൗമാര ആരോഗ്യ കൗൺസലിംഗ്, വയോജനങ്ങൾക്കുള്ള പ്രത്യേക ക്ലിനിക്, കുത്തിവയ്പ് കേന്ദ്രം എന്നിവയും ഒരുക്കിയിട്ടുണ്ട്. ഇതിനു പുറമെ ലിഫ്റ്റ്, ഓഡിറ്റോറിയം, വായനാമുറി, കുട്ടികൾക്ക് കളിസ്ഥലം തുടങ്ങിയ സൗകര്യങ്ങളും ഇവിടെയുണ്ട്. സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം നടത്തുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

ദിവസവും മൂന്ന് ഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമാകുന്നതോടെ രണ്ട് മണി വരെ പ്രവർത്തിക്കുന്ന ഒ.പി. വൈകിട്ട് ആറുമണിവരെ പ്രവർത്തിക്കുന്നത് തീരദേശവാസികൾക്ക് ആശ്വാസകരമാവും.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ

# ചെമ്പൈയുടെയും എം.ഡി. രാമനാഥന്റെയും സ്മരണയിൽ

**എ.കെ. ബാലൻ** തരൂർ



കർണാടക സംഗീതത്തിലെ അതികായന്മാരായ രണ്ടു പ്രതിഭകളുടെ സ്വദേശം എന്റെ മണ്ഡലമായ തരൂരിലാണ്. കർണാടക സംഗീത കുലപതിയായ ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെയും വ്യത്യസ്തമായ ശൈലി കൊണ്ട് സംഗീതാസ്വാദകരെ വിസ്മയിപ്പിച്ച എം.ഡി. രാമനാഥന്റെയും വീടുകളാണ് തരൂർ മണ്ഡലത്തിലുള്ളത്. വൈദ്യനാഥ ഭാഗവതർ കോട്ടായി പഞ്ചായത്തിലെ ചെമ്പൈ ഗ്രാമത്തിലാണ് വളർന്നത്. എം.ഡി. രാമനാഥൻ കണ്ണമ്പ്ര പഞ്ചായത്തിലെ മഞ്ഞപ്രയിലും. ചെമ്പൈ എട്ടു വയസ്സ് മുതൽ എഴുപത്തിയെട്ട് വയസ്സ് വരെ കർണാടക സംഗീതത്തിന് തന്റെ സവിശേഷമായ നാദം കൊണ്ടും ഭാവന കൊണ്ടും വലിയ സംഭാവന നൽകി. സംഗീതത്തിലെ യാഥാസ്ഥിതികത്വത്തിനെതിരായി പോരാടി. മദിരാശിയിൽ ദീർഘകാലം താമസിക്കുകയും ഏഴു ദശകത്തോളം സംഗീത സപര്യ നടത്തുകയും ചെയ്തു. വിശാലമായ മനുഷ്യത്വത്തോടെ എല്ലാവരെയും സമഭാവനയോടെ നോക്കിക്കണ്ടു. ജാതിമത ഭേദമില്ലാതെ എല്ലാവരെയും സംഗീതം പഠിപ്പിച്ചു. കെ.ജെ. യേശുദാസും ജയവിജയന്മാരുമടക്കം നിരവധി ശിഷ്യന്മാർ കേരളത്തിന്റെ സംഗീതലോകത്തിനു മറക്കാനാവാത്ത സംഭാവനകൾ നൽകി. കർണാടക സംഗീതത്തിലെ ഏറ്റവും ജനപ്രിയനായ സംഗീതജ്ഞനായിരുന്നു ചെമ്പൈ.



ചെമ്പൈയും അരിയക്കുടിയും ജി.എൻ.ബി.യും എം.എസ്. സുബ്ബലക്ഷ്മിയും ഡി.കെ. പട്ടമ്മാളുമൊക്കെ കർണാടക സംഗീത ലോകത്ത് താരപ്രഭയോടെ തിളങ്ങിനിൽക്കുന്ന കാലത്താണ് എം.ഡി. രാമനാഥൻ കർണാടക സംഗീത ലോകത്ത് എത്തുന്നത്. നിരവധി പ്രതിഭകൾക്കിടയിൽ വ്യത്യസ്തമായ ഒരിടം അദ്ദേഹം നേടിയെടുത്തു. സംഗീതത്തിന്റെ സൂക്ഷ്മ ലോകത്തേക്ക് ആസ്വാദകരെ നയിച്ചുകൊണ്ടാണ് എം.ഡി.ആർ തന്റെ ഇടം കണ്ടെത്തിയത്. സവിശേഷമായ ആലാപന രീതി കൊണ്ട് സംഗീത പണ്ഡിതരുടെ ശ്രദ്ധ ആകർഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.



സ്വാഭാവികമായും ഇവരുടെ സ്മരണക്കായി ഉചിതമായ സ്മാരകങ്ങൾ നേരത്തെ ഉയരേണ്ടതായിരുന്നു. എന്നാൽ പല കാരണങ്ങൾ കൊണ്ട് അത് വൈകിപ്പോയി. ചെമ്പൈയുടെ വീട് കോട്ടായിയിലെ ചെമ്പൈ ഗ്രാമത്തിൽ സംരക്ഷിക്കപ്പെടുന്നുണ്ട്. ചെമ്പൈയുടെ പ്രതിമയും അവിടെയുണ്ട്. എല്ലാ വർഷവും ചെമ്പൈയുടെ ഓർമക്കായി സംഗീതോത്സവവും അവിടെ സംഘടിപ്പിക്കുന്നുണ്ട്. എന്നാൽ ചെമ്പൈ അർഹിക്കുന്ന തരത്തിൽ ഉചിതമായ സ്മാരകം ഇതുവരെ ഉയർന്നില്ല. എം.ഡി. രാമനാഥന് സ്മാരകമായി പാലക്കാട് ചെമ്പൈ സ്മാരക സംഗീത കോളേജിൽ ഒരു ഹാൾ നിർമിച്ചിട്ടുണ്ട്. എന്നാൽ സ്വദേശമായ കണ്ണമ്പ്രയിൽ ഉചിതമായ സ്മാരകമൊന്നും ഉയർന്നില്ല. ഈ കുറവ് പരിഹരിക്കാൻ ഒരു കോടി രൂപ ചെലവിൽ ഒരു സ്മാരകമന്ദിരം നിർമ്മിച്ചു കഴിഞ്ഞു. 2016-17 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയുടെ നിർമാണമാണ് പൂർത്തിയായത്. സംഗീത കച്ചേരി നടത്താനുള്ള ഒരു ഹാൾ, ഗ്രീൻറൂം, 350 പേർക്കിരിക്കാവുന്ന ഇരിപ്പിട സംവിധാനം, ടോയ്‌ലെറ്റുകൾ എന്നിവയാണ് താഴത്തെ നിലയിലുള്ളത്. മുകൾ നിലയിൽ അതിഥികൾക്ക് താമസിക്കാനുള്ള മുറികൾ ഒരുക്കിയിരിക്കുന്നു. കണ്ണമ്പ്ര പഞ്ചായത്ത് ഓഫീസിനോട് ചേർന്നാണ് ഇതിനു സ്ഥലം കണ്ടെത്തിയത്.

### ചെമ്പൈ സംഗീത പൈതൃകഗ്രാമം

കോട്ടായി പഞ്ചായത്തിലെ ചെമ്പൈ ഗ്രാമം സംഗീത പൈതൃക ഗ്രാമമായി സർക്കാർ പ്രഖ്യാപിച്ചു. സാംസ്കാരിക വകുപ്പ് ടൂറിസം വകുപ്പുമായി സഹകരിച്ചാണ് പൈതൃക ഗ്രാമം യാഥാർത്ഥ്യമാക്കുന്നത്. ടൂറിസം മന്ത്രിയുമൊത്ത് കഴിഞ്ഞ മാസം ചെമ്പൈ ഗ്രാമം സന്ദർശിച്ച് വിശദമായ ചർച്ചകൾ നടത്തി. ചെമ്പൈയുടെ സംഗീത പൈതൃകത്തെ ലോകശ്രദ്ധയിൽ കൊണ്ടുവരാൻ പാകത്തിൽ സഞ്ചാരികളെയും സംഗീതപ്രേമികളെയും ആകർഷിക്കാൻ കഴിയുംവിധമായിരിക്കും ഇത് യാഥാർത്ഥ്യമാക്കുക. ചെമ്പൈയുടെ സംഗീതോപകരണങ്ങൾ, സംഗീത ശേഖരം എന്നിവ സംരക്ഷിക്കുന്ന മ്യൂസിയം, ആംഫി തിയേറ്റർ, സംഗീത നടപ്പാത, വലിയ കച്ചേരി ഹാൾ, ചെറിയ രണ്ടു സ്മാരക ഹാളുകൾ എന്നിവ പൈതൃക ഗ്രാമത്തിന്റെ ഭാഗമായി സജ്ജീകരിക്കും. അതിന്റെ രൂപരേഖ തയ്യാറായി. മൂന്നു കോടി രൂപയാണ് ഇതിനു ചെലവ് പ്രതീക്ഷിക്കുന്നത്. കേരളത്തിന്റെ മാത്രമല്ല, ദക്ഷിണേന്ത്യയുടെ തന്നെ സംഗീത സംസ്കാരത്തെ ഉയർത്തിപ്പിടിക്കാൻ സഹായിക്കുന്ന രണ്ടു പദ്ധതികളാണിവ.

# കുന്തള്ളൂർ പ്രേംനസീർ മെമ്മോറിയൽ സ്കൂളിന് പുതിയ കെട്ടിടം

**വി.ശശി** ചിറയിൻകീഴ്



മലയാള സിനിമാലോകത്തെ നിത്യഹരിത നായകൻ പ്രേംനസീറിന്റെ പേരിലുള്ള കുന്തള്ളൂർ പ്രേംനസീർ മെമ്മോറിയൽ ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ സംസ്ഥാന സർക്കാർ രണ്ട് കോടി രൂപ ചെലവഴിച്ച് പുതുതായി നിർമ്മിക്കുന്ന ഹയർ സെക്കൻഡറി ബ്ലോക്കിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കപ്പെട്ടു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായാണ് സ്കൂളിൽ പുതിയ ഹയർ സെക്കൻഡറി ബ്ലോക്ക് നിർമ്മിക്കുന്നത്.

### 'അട്ടപ്പം' പൊതു വിദ്യാഭ്യാസ പദ്ധതി

ചിറയിൻകീഴ് നിയമസഭാ മണ്ഡലത്തിൽ 'അട്ടപ്പം' എന്ന പേരിൽ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി ഒരു സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതി 2013 മുതൽ നടപ്പിലാക്കി വരികയാണ്.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക, അദ്ധ്യാപക - വിദ്യാർത്ഥികൾ തമ്മിലുള്ള ഇഴയടുപ്പം വർദ്ധിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമിട്ടുകൊണ്ടാണ് 'അട്ടപ്പം' എന്ന പേരിൽ 6 വർഷങ്ങൾക്ക് മുൻപ് പദ്ധതി തുടങ്ങിയത്.

സ്വാതന്ത്ര്യാനന്തര കേരളത്തിൽ ആദ്യമായാണ് അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഗണ്യമായ തോതിലുള്ള സർക്കാർ ഇടപെടലുകൾ ഉണ്ടാകുന്നത്. എല്ലാ സർക്കാർ സ്കൂളുകളും ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുകയും അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ വരികയും ചെയ്യുന്നതിലൂടെ രൂപം കൊള്ളുന്ന അക്കാദമിക മികവ് എല്ലാ വിദ്യാർത്ഥികളിലും എത്തണമെന്ന കാഴ്ചപ്പാടോടെയാണ് 'അട്ടപ്പം' മുന്നോട്ട് പോകുന്നത്. ഓരോ കുട്ടിയേയും ഇതിന്റെ ഗുണഭോക്താവ് ആക്കുക എന്ന ലക്ഷ്യത്തോടെയാണ് മണ്ഡലത്തിൽ പദ്ധതി പുരോഗമിക്കുന്നത്.

2016 മുതൽ സംസ്ഥാന സർക്കാർ സമഗ്ര പൊതു വിദ്യാഭ്യാസ പദ്ധതി നടപ്പാക്കി തുടങ്ങിയതോടെ 'അട്ടപ്പം' പദ്ധതി ചിറയിൻകീഴിൽ കൂടുതൽ കാര്യക്ഷമമായി.

## വലയിൽ നിന്ന്

**The Tacoma News Tribune, April 11 ,1953**

**There'll Be No Escape in Future From Telephones**

PASADENA.- AP - The tele-phone of the future? Mark R. Sullivan, San Fran- cisco, president and director of the Pacific Telephone & Tele-graph Co., said in an address Thursday night:

" Just what form the future telephone will take is, of course, pure speculation. Here is my prophecy:

" In its final development, the telephone will be carried about by the individual , perhaps as we carry a watch today. It probably will require no dial or equivalent, and I think the users will be able to see each other, if they want, as they talk.

"Who knows but what it may actually translate from one language to another?"

## നിയമനിർമ്മാണസഭയിലെ തെരഞ്ഞെടുക്കപ്പെട്ട ആദ്യ വനിത



**1939** മേയ് 20 ന് തിരുവിതാംകൂർ ശ്രീചിത്തിര സ്റ്റേറ്റ് കൗൺസിലിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട ത്രേസ്യാ കോരയാണ് തിരുവിതാംകൂർ നിയമനിർമ്മാണസഭാ ചരിത്രത്തിലെ തെരഞ്ഞെടുക്കപ്പെട്ട ആദ്യ വനിത. എതിരില്ലാതെയാണ് ഇവർ തൊടുപുഴ-മീനച്ചിൽ മണ്ഡലത്തിൽ നിന്ന് ജയിച്ചത്. ആർ.വി. തോമസിന്റെ രാജിയെത്തുടർന്ന് ഒഴിവു വന്ന സീറ്റിലേയ്ക്കായിരുന്നു ഉപതെരഞ്ഞെടുപ്പ് നടത്തിയത്.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ



# അരീക്കൽ വെള്ളച്ചാട്ടം

**അനൂപ് ജേക്കബ്** പിറവം

എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ സന്ദർശകരെ ആകർഷിക്കുന്ന കേന്ദ്രമായി അരീക്കൽ വെള്ളച്ചാട്ടം മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് അനുവദിച്ച തുക ഉപയോഗിച്ച് ഏതാനും നിർമ്മാണ പ്രവൃത്തികൾ നടത്തിയിരുന്നു. സന്ദർശക തിരക്ക് കണക്കാക്കി ഇരിപ്പിടത്തിനായി ബഞ്ചുകൾ സ്ഥാപിക്കുവാനും കേടായ ലൈറ്റുകൾ നന്നാക്കുവാനും ലാന്റ്സ്കേപ്പിംഗ് ചെയ്യുവാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടോയ്‌ലറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും കുടുംബശ്രീയുടെ ഫുഡ്സ്റ്റാൾ സ്ഥാപിക്കുവാനും പഞ്ചായത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. തിരക്കുള്ള ദിവസങ്ങളിൽ പോലീസ് പട്രോളിംഗും ഉണ്ടാകും. അരീക്കൽ വെള്ളച്ചാട്ടം വേനൽക്കാലത്തും സമൃദ്ധമായി നിലനിർത്തുവാൻ ജലസേചന വകുപ്പ് പദ്ധതി തയ്യാറാക്കുന്നുണ്ട്.

## പുഴയുടെ തീരസംരക്ഷണം

മൂവാറ്റുപുഴയാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന പിറവം മുനിസിപ്പാലിറ്റിയിലെയും മണീട്, രാമമംഗലം പഞ്ചായത്തുകളിലെയും വിവിധ പ്രദേശങ്ങളിൽ 2018 ലെ പ്രളയത്തിൽ തകർന്ന നദീതീരം പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള ആദ്യഗഡുവായി 110 ലക്ഷം രൂപ ജലവിഭവ വകുപ്പിൽ നിന്ന് അനുവദിച്ചു. പിറവം നിയോജകമണ്ഡലത്തിലെ പുഴയോരം ഇടിഞ്ഞ വിവിധസ്ഥലങ്ങളിൽ സംരക്ഷണ ഭിത്തി കെട്ടുന്നതിനായി 5 കോടി 57 ലക്ഷം രൂപയുടെ സഹായമാണ് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നത്. മൂവാറ്റുപുഴയാറിന്റെ ഇടതുവശത്ത് പിറവം മുനിസിപ്പാലിറ്റിയിലെ 19-ാം ഡിവിഷനിൽ തോട്ടഭാഗം, ഒന്നാം ഡിവിഷനിൽ കക്കാട് ഫിഷർമെൻ കോളനിക്ക് സമീപം, രണ്ടാം ഡിവിഷനിൽ കക്കാട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് സമീപം, മണീട് ഗ്രാമപഞ്ചായത്തിൽ അഞ്ചാം വാർഡിൽ മടക്കിൽ ശ്രീ ഭദ്രകാളി ക്ഷേത്രത്തിന് സമീപം മൂന്നാം വാർഡിൽ തൊണ്ടികടവിന് സമീപം, രാമമംഗലം പഞ്ചായത്തിലെ ഒൻപതാം വാർഡ് മനയ്ക്കൽ കടവിന് സമീപം, എറുമ്പിൽഭാഗം എന്നിവിടങ്ങളിലാണ് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് തുക അനുവദിച്ചിരിക്കുന്നത്. സർക്കാരിൽ നിന്നും കൂടുതൽ തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കും.

# പൊന്നാനി ഹാംഗിംഗ് ബ്രിഡ്ജ്

**പി. ശ്രീരാമകൃഷ്ണൻ** പൊന്നാനി



പൊന്നാനിയുടെ മുഖഛായ മാറ്റുന്ന നവീന പദ്ധതിയാണിത്. കേരളത്തിലെ ആദ്യത്തെ ഹാംഗിംഗ് ബ്രിഡ്ജ്. കൊച്ചിയിൽ നിന്ന് കോഴിക്കോട്ടേക്കുള്ള ദൂരം 45 കിലോമീറ്ററിലധികം കുറയ്ക്കുന്ന ഈ കടൽപ്പാലം കേവലമൊരു പാലം മാത്രമല്ല, കേരളത്തിലെ ടൂറിസം രംഗത്തെ ഏറ്റവും ശ്രദ്ധേയമായ ആകർഷണങ്ങളിലൊന്നായിരിക്കുമിത്. പാലത്തിന്റെ പകുതി ഭാഗം ടൂറിസം സാധ്യതകൾക്കുപയോഗപ്പെടുത്തിയും അടിയിൽ ഡക്കും റസ്റ്റോറന്റും ഉൾപ്പെടുത്തിയും ആസൂത്രണം ചെയ്തു. എൽ ആന്റ് ടി. തയ്യാറാക്കിയ പ്രസന്റേഷൻ പൊതുജനാഭിപ്രായത്തിനു വേണ്ടി പൊന്നാനിയിലെ മാസ്സ് ഓഡിറ്റോറിയത്തിൽ ചേരുകയുണ്ടായി. ജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കൂടി പരിഗണനയിലെടുത്തുകൊണ്ട് ആവശ്യമായ ഭേദഗതികൾ വരുത്തി എൽ ആന്റ് ടി., വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് പാലം ടെണ്ടർ ചെയ്യും. പാലം നിർമ്മിക്കാനാവശ്യമായ 236 കോടി രൂപയും സർക്കാർ അനുവദിച്ച്, ഭരണാനുമതി നൽകിക്കഴിഞ്ഞിരിക്കുകയാണ്. എത്രയും വേഗം പാലം യാഥാർത്ഥ്യമാകുന്നതോടുകൂടി പൊന്നാനി, കേരളത്തിലെ ഏറ്റവും ശ്രദ്ധേയമായ ടൂറിസം കേന്ദ്രങ്ങളിലൊന്നാകും. കർമ്മ റോഡിന്റെ അനുബന്ധറോഡും കടൽപ്പാലവും തീരദേശപാതയും സംഗമിക്കുന്നതോടുകൂടി ഏറ്റവും കൂടുതൽ വിനോദസഞ്ചാരികൾ വന്നുപോകുന്ന ഒരു തീരദേശമായി പൊന്നാനി മാറും. പഴയ പ്രതാപം പൂർവ്വാധികം ശക്തിയോടെ തിരിച്ചുവരും.

# വികസന പാതയിൽ വള്ളിക്കുന്ന്

**പി.അബ്ദുൽ ഹമീദ്** വള്ളിക്കുന്ന്

## പുഴയോര ടൂറിസം പദ്ധതി

വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ തേഞ്ഞിപ്പലം, വള്ളിക്കുന്ന്, ചേലേമ്പ്ര ഗ്രാമപഞ്ചായത്തുകളിലെ പുഴയോര ടൂറിസം പദ്ധതിയാണ് ടയാങ്കിൾ ടൂറിസം പദ്ധതി. ഒന്നാംഘട്ട പദ്ധതിയുടെ ഭാഗമായി ചേലേമ്പ്ര സിൽക് പാലം മുതൽ മുനമ്പത്ത് കടവ് പാലം വരെയുള്ള പുഴയോര പ്രദേശങ്ങൾ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്ദർശിച്ചു. സിൽക് പാലം മുതൽ മുനമ്പത്ത് കടവ് പാലം വരെ 4 അടി വീതിയിൽ നടപ്പാതയും 8 അടി വീതിയിൽ സൈക്കിൾ പാതയും പെഡസ്റ്റൽ ബോട്ട്, ലാൻഡിങ് സെൻറർ, മിനി കഫെറ്റീരിയ, ഉൾനാടൻ മത്സ്യബന്ധന പദ്ധതികൾ, ചിൽഡ്രൻസ് പാർക്ക്, ഇൻഡോർ സ്റ്റേഡിയം എന്നിവയുമാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. കണ്ടൽ കാട് സംരക്ഷിച്ചു കൊണ്ടാണ് പദ്ധതി രൂപകൽപന ചെയ്യുന്നത്.

## ചേളാരി ജി. വി.എച്ച്.എസ്.എസ് കെട്ടിട ഉദ്ഘാടനവും ഹയർ സെക്കന്ററി കെട്ടിട ശിലാസ്ഥാപനവും

ചേളാരി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ വള്ളിക്കുന്ന് നിയോജക മണ്ഡലം എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 76 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച കെട്ടിട ഉദ്ഘാടനവും, ഹയർ സെക്കന്ററി വിഭാഗത്തിന് സർക്കാർ ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിടശിലാസ്ഥാപനവും നിർവ്വഹിക്കപ്പെട്ടു. ചേളാരി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നിലവിലെ കളിസ്ഥലത്ത് ടർഫ് കോർട്ട് നിർമ്മിക്കുന്നതിനും, സ്ഥലം കണ്ടെത്തുന്ന പക്ഷം പുതിയ കളിസ്ഥലത്തിനും, നീന്തൽ കുളത്തിനും ഫണ്ട് അനുവദിക്കുന്നതാണ്.

## കുമ്മിണിപ്പറമ്പ് ഗവ. എൽ.പി സ്കൂളിന് പുതിയ കെട്ടിടം

പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ കുമ്മിണിപ്പറമ്പ് ഗവ. എൽ.പി സ്കൂളിന് വേണ്ടി നിർമിച്ച പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു. എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 25 ലക്ഷം രൂപ ഉപയോഗിച്ചാണ് കെട്ടിടം പൂർത്തീകരിച്ചത്.

## പനയപ്പുറം മാണക്കാത്ത് - പൈങ്ങോട്ടൂർ റോഡ് പുനരുദ്ധാരണം

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ പുനരുദ്ധാരണം ചെയ്ത പനയപ്പുറം മാണക്കാത്ത് - പൈങ്ങോട്ടൂർ റോഡ് ഉദ്ഘാടനം ചെയ്തു. എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപയും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദിച്ച 5 ലക്ഷം രൂപയും ചെലവഴിച്ചാണ് റോഡ് നവീകരണം പൂർത്തീകരിച്ചത്.

## വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നവീകരണം

ചേലേമ്പ്ര വില്ലേജ് ഓഫീസ് നവീകരണം രണ്ടാം ഘട്ടം പ്രവർത്തനങ്ങൾക്ക് 5 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ചോർന്നൊലിച്ചിരുന്ന കെട്ടിടത്തിന് ഷീറ്റ് കൊണ്ട് മേൽക്കൂരയും പൊതുജനങ്ങൾക്കുള്ള ഇരിപ്പിടവും ചുറ്റുമതിലും ഓഫീസ് നവീകരണവും ഇലക്ട്രിഫിക്കേഷനും ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പൂർത്തീകരിച്ചു. പള്ളിക്കൽ വില്ലേജ് ഓഫീസ് നവീകരണ പദ്ധതിയുടെ ടെണ്ടർ നടപടികൾ



പൂർത്തീകരിച്ച് ഉടൻ പ്രവൃത്തി ആരംഭിക്കും. വള്ളിക്കുന്ന്, അരിയല്ലൂർ വില്ലേജ് ഓഫീസുകളുടെ ഒന്നാംഘട്ട നവീകരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മുന്നിയൂർ വില്ലേജ് ഓഫീസ് ഒന്നാം ഘട്ട നവീകരണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

## തലപ്പാറ മുതൽ ഇടിമുഴിക്കൽ വരെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് നടപടി

ദേശീയപാതയിൽ തലപ്പാറ മുതൽ ഇടിമുഴിക്കൽ വരെയുള്ള ഗതാഗതക്കുരുക്ക് പരിഹരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് നടന്ന വള്ളിക്കുന്ന് മണ്ഡലം ട്രാഫിക് ഉപദേശക സമിതി യോഗത്തിൽ രണ്ട് ഘട്ടങ്ങളിലായി ഗതാഗത പരിഷ്കരണങ്ങൾ നടത്താൻ തീരുമാനമായി. ചേളാരി മുതൽ തലപ്പാറ വരെയുള്ള പരിഷ്കാരങ്ങൾ ഒന്നാം ഘട്ടം നടപ്പിലാക്കാൻ സമിതി സംയുക്ത പരിശോധന നടത്തും. പിന്നീട് ട്രയൽ റൺ നടത്താനാണ് തീരുമാനം. ഒരാഴ്ച ട്രയൽ റൺ നടത്തിയതിന് ശേഷം വീണ്ടും സമിതി ചേർന്ന് അപാകതകൾ വിലയിരുത്തി പരിഹാരം കാണും.

സ്പീക്കറുടെ പൊതുപരിപാടികൾ

# നവോത്ഥാനം നവ ജനാധിപത്യം നവകേരളം



സ്പീക്കർ പി. ശ്രീരാമകൃഷ്ണന്റെ മൂന്നാമത്തെ പുസ്തകമായ 'നവോത്ഥാനം നവ ജനാധിപത്യം നവകേരളം' ഷാർജ ഇന്റർനാഷണൽ ബുക്ക് ഫെയറിൽ ഷേഖ് അബ്ദുള്ള ബിൻ മുഹമ്മദ് അൽഖാസിമി പ്രകാശനം ചെയ്തു. പ്രശസ്ത എഴുത്തുകാരൻ ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് പുസ്തകം ഏറ്റു വാങ്ങി. നവംബർ 2-ാം തീയതി ഷാർജ എക്സ്പോ സെന്ററിൽ നടന്ന ചടങ്ങിൽ ഡോ.എം.കെ. മുനീർ എം.എൽ.എ., ബിനോയ് വിശ്വം എം.പി., ഷഹനാസ് എം.എ, അറ്റ്ലസ് രാമചന്ദ്രൻ തുടങ്ങിയവർ സംബന്ധിച്ചു. ലോകത്തെ അക്ഷര പൂജകളിൽ ഏറ്റവും വലിയ ഒന്നാണ് ഷാർജ പുസ്തകോത്സവം. കേരളത്തിനു പുറത്ത് മലയാളികൾക്കും മലയാള സാഹിത്യത്തിനും എഴുത്തുകാർക്കും ഇത്രയധികം സാന്നിധ്യമുള്ള മറ്റൊരു ആഗോള പുസ്തകോത്സവം ഉണ്ടാകാനിടയില്ല.

ജനാധിപത്യത്തിന്റേയും ജനപ്രതിനിധിസഭയുടേയും സർഗ്ഗാത്മക പ്രവർത്തനതലങ്ങൾ അന്വേഷിക്കുന്ന ഒരു നിയമസഭാധ്യക്ഷന്റെ സങ്കല്പങ്ങളാണ് ഈ പുസ്തകം. നവകേരള നിർമ്മാണം എന്നത് പ്രളയത്തിൽ നിന്ന് രക്ഷപ്പെടാനുള്ള കേവലമായ ഒരു പ്രവൃത്തിയല്ല; കേരളത്തിന്റെ വിവിധ മേഖലകളിലെ സ്വപ്നതുല്യമായ വളർച്ചയെക്കുറിച്ചുള്ള സങ്കല്പമാണ് അത്. നവകേരള നിർമ്മാണം ഒരു സമഗ്ര സമീപന രീതിയാണ്. സമൂഹത്തിന്റെ മുന്നോട്ടുള്ള യാത്രയിൽ അനിവാര്യമായ ചരിത്രത്തിന്റെ തുടർപ്രക്രിയയാണ് നവോത്ഥാനം. ജനാധിപത്യം എന്നത് ഒരു ആന്തരിക ഊർജപ്രവാഹമായി ഒരു സമൂഹത്തിലേക്ക് വ്യാപരിക്കേണ്ടതാണ്. നവകേരള നിർമ്മിതിയിൽ ഒരു നാട് ഒന്നാകെ മുഴകുന്നതിന്റെ വിവരണങ്ങൾ പങ്കുവയ്ക്കാനും, കേരളത്തിന്റെ ജ്വലിക്കുന്ന ഭൂതകാലത്തിൽ നിന്ന് ശോഭനമായ ഭാവിയിലേക്കുള്ള ഒരു പാലമായി വർത്തിക്കാനുമുള്ള ശ്രമമാണ് ഈ പുസ്തകം.

കേരളത്തിന്റെ വളർച്ചയിൽ സംഭവിച്ചുപോയ പിശകുകൾ, നേട്ടങ്ങൾ, നവകേരള സങ്കല്പത്തിൽ ഉൾപ്പെടുത്തേണ്ടവ സംബന്ധിച്ച അവബോധങ്ങൾ എന്നിവ പുസ്തകത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഒലിവ് പബ്ലിക്കേഷൻസാണ് പുസ്തകം പുറത്തിറക്കിയിരിക്കുന്നത്.

മൊഴിമുഴക്കം






**'പൊള്ളയായ വാക്കുകൾ കൊണ്ട് നിങ്ങൾ എന്റെ സ്വപ്നങ്ങൾ കവർന്നു. ബാല്യം മോഷ്ടിച്ചു. എന്നിട്ടും ഞാനുൾപ്പെടുന്ന യുവതലമുറയുടെ മുന്നിൽ പ്രതീക്ഷയർപ്പിച്ച നിങ്ങൾ വരുന്നു. എങ്ങനെ ഇതിനു ധൈര്യം വരുന്നു?'**

– ഗ്രേറ്റ ത്യൂൻബർഗ്

(തന്റെ തലമുറയെ ഹരിതഗൃഹവാതകങ്ങൾ പുറന്തള്ളുന്ന ലോകത്തിലേയ്ക്ക് തള്ളിവിട്ടതിൽ ലോക രാഷ്ട്രത്തലവൻമാരെ കുറ്റപ്പെടുത്തിക്കൊണ്ട് പരിസ്ഥിതി മുന്നേറ്റത്തിന്റെ പുതിയ പ്രതീക്ഷയായ സ്വീഡിഷ് കൗമാരക്കാരി ഗ്രേറ്റ ത്യൂൻബർഗ് യു.എൻ.കാലാവസ്ഥാ അടിയന്തര ഉച്ചകോടിക്കിടെ നടത്തിയ പ്രസംഗത്തിൽ നിന്ന്)

ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ

# പാഠം ഒന്ന് – ഡെപ്യൂട്ടി സ്പീക്കറോടൊത്ത് പാടത്തേക്ക്

സംസ്ഥാന സർക്കാറിന്റെ കൃഷി വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും ചേർന്നൊരുക്കിയ 'പാഠം ഒന്ന് – പാടത്തേക്ക്' ചിറയിൻകീഴ് മണ്ഡലത്തിലെ വിവിധ സ്കൂളുകളുടെയും പഞ്ചായത്തുകളുടെയും ആഭിമുഖ്യത്തിൽ വിപുലമായി സംഘടിപ്പിച്ചു. ഇത് വിദ്യാർത്ഥികൾക്ക് കർഷകരോടൊപ്പം പാടത്തിറങ്ങി നെൽകൃഷിയെ സംബന്ധിച്ച് മനസ്സിലാക്കാനും വിളകളും വളവും കാർഷിക മേഖലയിലെ തൊഴിൽ ഉപകരണങ്ങളും അടുത്തറിയുവാനും കഴിയുന്ന നല്ലൊരു അനുഭവമായി. വിദ്യാർത്ഥികളോടൊപ്പം കേരള നിയമസഭ ഡെപ്യൂട്ടി സ്പീക്കർ വി ശശി കൂടി എത്തിയതോടെ ആവേശം പതിന്മടങ്ങ് വർദ്ധിച്ചു.



കേരളത്തിലെ കാർഷിക ഉത്പന്നങ്ങളുടെ അപര്യാപ്തതയും മഹാപ്രളയം കാരണം കർഷകർക്കുണ്ടായ നഷ്ടവും, വിളകളുടെ ഉൽപ്പാദനക്കുറവും കാർഷിക മേഖലയ്ക്ക് മാത്രമല്ല മലയാളി സമൂഹത്തിന്റെയാകെ നഷ്ടമാണെന്ന് പരിപാടി ഉദ്ഘാടനം ചെയ്ത ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു. പരിപാടിയിൽ കർഷകർ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, സ്കൂൾ അദ്ധ്യാപകർ, പി. ടി. എ. ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

ചിറയിൻകീഴ് പഞ്ചായത്തിലെ പാലകുന്നിൽ സംസ്ഥാന കൃഷി വകുപ്പിന് കീഴിലുള്ള സീഡ് ഫാമും, കിഴുവിലം ഗ്രാമ പഞ്ചായത്തിൽ തിരുവനന്തപുരം ജില്ലയിലെ ഏറ്റവും കൂടുതൽ നെൽകൃഷിയുള്ള കാട്ടുമുറാക്കൽ വലിയചിറ പാടശേഖരവുമാണ് പുത്തൻ കൃഷി അറിവിന് വേദിയായത്.

### കുട്ടിച്ചോദ്യങ്ങൾക്ക് ഉത്തരവുമായി ഡെപ്യൂട്ടി സ്പീക്കർ

ഒരു ബ്യൂറോക്രാറ്റിൽ നിന്നും താങ്കൾ എങ്ങനെയാണ് ഡെപ്യൂട്ടി സ്പീക്കർ ആയത് ....? നിയമസഭയ്ക്കുള്ളിലെ പ്രതിഷേധങ്ങൾ ശരിയാണോ? 370-ാം അനുച്ഛേദം റദ്ദ് ചെയ്തതുമായി ബന്ധപ്പെട്ട് എന്താണ് അഭിപ്രായം..? ചോദ്യങ്ങൾ ഒന്നിനുപിറകെ മറ്റൊന്നായി വന്നുകൊണ്ടേയിരുന്നു. എല്ലാത്തിനും ലളിതവും വ്യക്തവുമായ ഉത്തരങ്ങളും.

പട്ടം സെന്റ്മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ 'സക്സ'യുടെ നേതൃത്വത്തിൽ നിയമസഭയിൽ സംഘടിപ്പിച്ച സംവാദ പരിപാടിയിൽ ഡെപ്യൂട്ടി സ്പീക്കർ വി. ശശി ആയിരുന്നു അതിഥി.


എഴുതി തയ്യാറാക്കാത്ത ചോദ്യങ്ങളുമായി മികച്ച പ്രകടനം കാഴ്ചവച്ച കൊച്ചുകൂട്ടുകാരെ അനുമോദിച്ച അദ്ദേഹം നിയമസഭാ സമ്മേളന നടപടികൾ കാണാൻ അവരെ ക്ഷണിക്കുകയും ചെയ്തു. തെരഞ്ഞെടുത്ത 70 വിദ്യാർത്ഥികളാണ് ഡെപ്യൂട്ടി സ്പീക്കറുമായുള്ള സംവാദ പരിപാടിയിൽ പങ്കെടുത്തത്.

നീണ്ട 25 വർഷത്തോളം വ്യവസായ വകുപ്പിൽ ജോലിചെയ്ത താൻ യാദൃശ്ചികമായാണ് നിയമസഭാംഗം ആയതെന്ന് അലോക് എന്ന വിദ്യാർത്ഥിയുടെ ചോദ്യത്തിനുത്തരമായി ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു. എന്നാൽ വളരെ വേഗം തന്നെ പൊതുപ്രവർത്തകന്റെ ഉത്തരവാദിത്വങ്ങളിലേക്ക് കടന്നുവരാൻ കഴിഞ്ഞതായും അദ്ദേഹം കൂട്ടിച്ചേർത്തു. ഒരു ചോദ്യം നിയമസഭയിലെ പ്രതിഷേധങ്ങളെ കുറിച്ചായിരുന്നു. നിയമസഭയും പാർലമെന്റും ജനങ്ങളുടെ കൂട്ടായ്മയുടെ പ്രതീകമാണ്. പൊതുവിഷയങ്ങളാണ് ചർച്ച ചെയ്യേണ്ടത്. ഭരണപക്ഷം ഏകപക്ഷീയമായി നിലപാട് കൈക്കൊള്ളുമ്പോൾ പ്രതിഷേധം സ്വാഭാവികമാണെന്നും ഡെപ്യൂട്ടി സ്പീക്കർ മറുപടിയായി പറഞ്ഞു.

ഭരണഘടനയുടെ അനുച്ഛേദം 370 റദ്ദാക്കിയതിനെപ്പറ്റിയുള്ള ചോദ്യത്തിനും അദ്ദേഹം പ്രതികരിച്ചു. കാശ്മീരിന് പ്രത്യേക പദവി കൈവന്ന സാഹചര്യത്തിന്റെ അടിസ്ഥാനം ഉൾക്കൊള്ളണം. അതിനെ ഇല്ലാതാക്കാൻ സ്വീകരിച്ച നിലപാടുകൾ പ്രതിഷേധത്തിന് വഴിതെളിച്ചുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ക്യാമ്പസ് രാഷ്ട്രീയത്തെക്കുറിച്ചായിരുന്നു മറ്റൊരു വിദ്യാർത്ഥിയുടെ ചോദ്യം. കലാലയങ്ങൾ സർഗ്ഗാത്മകമായി നിറഞ്ഞു നിൽക്കണമെങ്കിൽ ആരോഗ്യകരമായ രാഷ്ട്രീയപ്രവർത്തനം കലാലയങ്ങളിൽ വേണമെന്ന് അദ്ദേഹം പറഞ്ഞു. പൗരബോധവും രാഷ്ട്രീയബോധവും സംബന്ധിച്ച് ധാരണ ഇല്ലാത്തവർ അരാഷ്ട്രീയവാദികളായി മാറ്റപ്പെടുമെന്നും ഈ പ്രവണത ജനാധിപത്യത്തെ തളർത്തുമെന്നും ഡെപ്യൂട്ടി സ്പീക്കർ ഓർമ്മിപ്പിച്ചു. എല്ലാ വിഷയങ്ങളെക്കുറിച്ചും കലാലയങ്ങളിൽ ചർച്ച ഉണ്ടാകണം. തുറന്ന ചർച്ചകളിലൂടെ പൊതു വിഷയങ്ങളിൽ അഭിപ്രായസമന്വയം സാധ്യമാക്കണം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സഭയിൽ ഒരു ബില്ലിന്റെ അവതരണം മുതൽ നിയമമാകുന്നത് വരെയുള്ള നടപടിക്രമങ്ങൾ അദ്ദേഹം വിദ്യാർത്ഥികളോട് വിശദീകരിച്ചു. സംവാദ പരിപാടിയിൽ ഹെഡ്മാസ്റ്റർ എബി എബ്രഹാം സന്നിഹിതനായിരുന്നു.



## 'കേരള നിയമസഭ നടപടിക്രമവും കീഴ്‌വഴക്കങ്ങളും' ആധാരമാക്കി സ്പീക്കറുടെ റൂളിംഗ്

'കേരള നിയമസഭ നടപടിക്രമവും കീഴ്‌വഴക്കങ്ങളും' എന്ന ഗ്രന്ഥത്തെ ഉദ്ധരിച്ചുകൊണ്ട് സ്പീക്കറുടെ റൂളിംഗ്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019 ലെ കേരള പ്രവാസി ക്ഷേമനിധി (ഭേദഗതി) ബില്ലിന്റെ വകുപ്പു തിരിച്ചുള്ള പരിഗണനാ വേളയിൽ മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി കഴിഞ്ഞതിനു ശേഷം ബില്ലിന്റെ ചുമതലയുള്ള മുഖ്യമന്ത്രിയുടെ അഭ്യർത്ഥന മാനിച്ച് സഭയുടെ അനുമതിയോടെ മൂന്നാം വകുപ്പ് റീ ഓപ്പൺ ചെയ്ത് അതിൽ ഒരു ഭേദഗതി വരുത്തിയ നടപടി ക്രമപ്രകാരമല്ലെന്ന് നവംബർ 13 ന് ചില അംഗങ്ങൾ സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് നവംബർ 14 ന് സ്പീക്കർ സഭയിൽ റൂളിംഗ് നൽകിയത്.

സമാന സാഹചര്യങ്ങളിൽ സഭയുടെ അനുമതിയോടെ വകുപ്പ് റീ ഓപ്പൺ ചെയ്ത് ഭേദഗതി വരുത്തിയ കീഴ്‌വഴക്കം സഭയിൽ ഉണ്ടായിട്ടുണ്ടെന്ന് ഉദാഹരണസഹിതം സ്പീക്കർ അറിയിച്ചു. കേരള നിയമസഭയുടെ ഔദ്യോഗിക റഫറൻസ് ഗ്രന്ഥത്തിലെ 'നിയമനിർമ്മാണം' എന്ന അദ്ധ്യായത്തിലെ 375 മുതൽ 379 വരെ പേജുകളിലെ വിവരങ്ങളാണ് സ്പീക്കർ പരാമർശിച്ചത്. ഇത്തരത്തിൽ സഭയുടെ റഫറൻസ് ഗ്രന്ഥത്തിലെ ഉള്ളടക്കത്തെ സഭാനടപടികളുടെ ഭാഗമായി ഉദ്ധരിക്കുന്നത് ആദ്യമാണെന്നും അതിനുള്ള അവസരം ലഭ്യമായതിലുള്ള സന്തോഷവും സ്പീക്കർ അറിയിച്ചു.

പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ 2018 ഏപ്രിൽ 4-ാം തീയതിയാണ് 'കേരള നിയമസഭ നടപടിക്രമവും കീഴ്‌വഴക്കങ്ങളും' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

### ഇതരസഭാ വാർത്തകൾ



## മിസോറാമിന് വീണ്ടും മലയാളി ഗവർണർ

മിസോറാമിന്റെ ഗവർണറായി ബി.ജെ.പി. സംസ്ഥാന അദ്ധ്യക്ഷനായിരുന്ന പി.എസ്.ശ്രീധരൻ പിള്ള നിയമിതനായി. കുമ്മനം രാജശേഖരൻ രാജിവച്ച ഒഴിവിലേക്കാണ് രാഷ്ട്രപതി രാംനാഥ് കോവിന്ദ് പി.എസ്.ശ്രീധരൻ പിള്ളയെ നിയമിച്ചത്. വക്കം പുരുഷോത്തമനും കുമ്മനം രാജശേഖരനും ശേഷം മിസോറാം ഗവർണറാകുന്ന മൂന്നാമത്തെ മലയാളിയാണ് പി.എസ്. ശ്രീധരൻ പിള്ള.

നവംബർ 5 ന് അദ്ദേഹം മിസോറാം ഗവർണറായി സത്യപ്രതിജ്ഞ ചെയ്തു. ഐസ്വാൾ രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗുവാഹത്തി ഹൈക്കോടതി ചീഫ് ജസ്റ്റിസ് അജയ് ലാംബ സത്യവാചകം ചൊല്ലിക്കൊടുത്തു.

ആലപ്പുഴ ജില്ലയിലെ വെൺമണിയിൽ ജനിച്ച പി.എസ്.ശ്രീധരൻ പിള്ള കോഴിക്കോട് ലോ കോളേജിൽ നിന്ന് നിയമബിരുദം നേടിയ ശേഷം അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ചു. കോഴിക്കോട് ബാർ അസോസിയേഷൻ പ്രസിഡന്റായിരുന്നു. കേരള ഹൈക്കോടതിയിൽ കേന്ദ്രസർക്കാരിന്റെ സ്റ്റാന്റിംഗ് കൗൺസൽ, സി.ബി.ഐ. യുടെ കൗൺസൽ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു.

നിരവധി കേസുകൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ അദ്ദേഹത്തെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ചിട്ടുണ്ട്.

### സഭാ വാർത്തകൾ

## ആർ.സി.ഇ.പി. കരാർ : കേന്ദ്രസർക്കാർ പിന്മാറണം - നിയമസഭാ പ്രമേയം

ആർ.സി.ഇ.പി. കരാർ ഒപ്പിടാനുള്ള നീക്കത്തിൽ നിന്ന് കേന്ദ്രസർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെട്ട് കേരള നിയമസഭ ഒക്ടോബർ 30ന് പ്രമേയം പാസ്സാക്കി. പാർലമെന്റിൽ ചർച്ച ചെയ്യാതെയും സംസ്ഥാനങ്ങളെയും പൊതുജനങ്ങളെയും വിശ്വാസത്തിലെടുക്കാതെയും മേഖലാ സമഗ്ര സാമ്പത്തിക ധാരണയിൽ (ആർ.സി.ഇ.പി.) ഒപ്പുവെക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം രാജ്യത്താകെ ആശങ്ക സൃഷ്ടിച്ചതായും യാതൊരു നിയന്ത്രണവും നികുതിയുമില്ലാതെ കരാറിലെ പങ്കാളിത്ത രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേയ്ക്ക് ഉൽപ്പന്നങ്ങളും സേവനങ്ങളും ഒഴുകിവന്നാൽ കാർഷിക മേഖലയും ആരോഗ്യമേഖലയും വലിയ തകർച്ചയെ നേരിടേണ്ടി വരുമെന്നും പ്രമേയത്തിൽ ചൂണ്ടിക്കാട്ടി. ചട്ടം 130 പ്രകാരം കെ.സി.ജോസഫ് അവതരിപ്പിച്ച ഉപക്ഷേപം സഭ ചർച്ച ചെയ്ത ശേഷം മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

### കേന്ദ്രാവിഷ്കൃത പദ്ധതികൾ: സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകണം - നിയമസഭാ പ്രമേയം

കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളും സാഹചര്യങ്ങളും അനുസരിച്ച് പുനരാവിഷ്ക്കരിച്ച് കൂടുതൽ ഫലപ്രദമാക്കുന്നതിന് സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ അയവ് വരുത്താൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്നാവശ്യപ്പെട്ട് മാത്യു ടി.തോമസ്, നവംബർ 8ന് അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സംസ്ഥാനത്തിന്റെ സ്വതന്ത്ര ധനവിനിയോഗത്തിന് വിഘാതമാകുന്ന തരത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം ഗണ്യമായി വർദ്ധിപ്പിച്ചതു മൂലം, സംസ്ഥാനത്തിന്റെ പരിമിത വിഭവം വലിയതോതിൽ ഇവയ്ക്കായി നീക്കി വയ്ക്കുവാൻ നിർബന്ധിതമാകുകയാണെന്നും ഇതിനു പകരമായി, കേന്ദ്ര വിഹിതം സംസ്ഥാനങ്ങൾക്ക് നിശ്ചിത ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കി ഗ്രാന്റുകളായി കൈമാറിയാൽ സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്ക് ഉതകുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഫലപ്രാപ്തിയിൽ എത്തിക്കാനാകുമെന്നും പ്രമേയം ചൂണ്ടിക്കാട്ടി.

### വയനാട്ടിലെ യാത്രാ നിരോധനം : സഭ പ്രമേയം പാസാക്കി

കേരളത്തെയും കർണാടകയെയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന പാതയായ എൻ.എച്ച് 766 ൽ ഗതാഗതം പൂർണമായി നിരോധിക്കുന്നതു സംബന്ധിച്ച് വയനാട് ജില്ലയിലെ ജനങ്ങളുടെ ആശങ്ക സംബന്ധിച്ച് ഗതാഗത വകുപ്പുമന്ത്രി എ.കെ.ശശീന്ദ്രൻ അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസാക്കി. വാഹനങ്ങൾ കടന്നു പോകുന്ന ഇന്ത്യയിലെ അമ്പതോളം കടുവാ സങ്കേതങ്ങളിലൊന്നും കൊണ്ടുവരാത്ത നിയന്ത്രണം ദേശീയ പാത 766 ൽ മാത്രം കൊണ്ടു വരുന്നത് തികഞ്ഞ ജനദ്രോഹവും വിവേചനവുമാണെന്ന് ചൂണ്ടിക്കാട്ടിയ പ്രമേയം വയനാട്ടിലെയും മലബാറിലേയും ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം ഉറപ്പു വരുത്താനും നിലവിലുള്ള രാത്രിയാത്രാ നിരോധനം നീക്കുവാനും ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.

നിയമസഭാ ചട്ടം 118 പ്രകാരമുള്ള പ്രമേയങ്ങളാണ് സഭ പാസാക്കിയത്.



## ഇനി ഇരുപത്തിയെട്ട് സംസ്ഥാനങ്ങൾ



രാധാകൃഷ്ണ മാഥൂർ



ഗിരീഷ് ചന്ദ്ര മുർമു

ജമ്മുകശ്മീരിന്റെ പ്രത്യേക പദവി വ്യവസ്ഥ ചെയ്യുന്ന ഭരണഘടനയുടെ അനുച്ഛേദം 370, 2019 ആഗസ്റ്റ് 5 ന് റദ്ദാക്കുകയും ജമ്മുകശ്മീർ- ലഡാക്ക് പുന:സംഘടനാ ബില്ലിന് ആഗസ്റ്റ് 9 ന് രാഷ്ട്രപതി രാംനാഥ് കോവിന്ദ് അംഗീകാരം നൽകുകയും ചെയ്തതിനെ തുടർന്ന് ഒക്ടോബർ 30 ന് അർദ്ധ രാത്രി ജമ്മുകശ്മീർ സംസ്ഥാനം ജമ്മുകശ്മീർ, ലഡാക്ക് എന്നീ കേന്ദ്രഭരണപ്രദേശങ്ങളായി മാറി. പുതിയ കേന്ദ്രഭരണപ്രദേശങ്ങൾ നിലവിൽ വന്നതോടെ സംസ്ഥാനങ്ങളുടെ എണ്ണം 28 ഉം കേന്ദ്രഭരണ പ്രദേശങ്ങളുടെ എണ്ണം ഒൻപതും ആയി. ഇതിൽ ജമ്മുകശ്മീരിന് നിയമസഭയുണ്ട്. ലഡാക്കിൽ രാധാകൃഷ്ണ മാഥൂറും ജമ്മുകശ്മീരിൽ ഗിരീഷ് ചന്ദ്ര മുർമുവും ലഫ്റ്റനന്റ് ഗവർണർമാരായി സത്യപ്രതിജ്ഞ ചെയ്തു.

നം. 05/2019 ഡിസംബർ | തിരുവനന്തപുരം

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

# സർഫാസി സമിതി യോഗത്തിൽ അഡ്വക്കേറ്റ് ജനറൽ ഹാജരായി



സി.പി. സുധാകരപ്രസാദ്, അഡ്വക്കേറ്റ് ജനറൽ

സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾ മൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി എസ്. ശർമ്മ അധ്യക്ഷനായി രൂപീകരിച്ച നിയമസഭാ സമിതിയുടെ യോഗത്തിൽ അഡ്വക്കേറ്റ് ജനറൽ ഹാജരായി. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിലെ ശിപാർശകളുടെ നിയമവശങ്ങളെക്കുറിച്ച് സമിതി അഡ്വക്കേറ്റ് ജനറലുമായി ആശയവിനിമയം നടത്തി. നവംബർ 8 ന് നിയമസഭാ സമുച്ചയത്തിലാണ് യോഗം ചേർന്നത്.

ഭരണഘടനയുടെ അനുച്ഛേദം 177 അനുസരിച്ച് അഡ്വക്കേറ്റ് ജനറലിന് നിയമസഭയിലോ നിയമസഭാ സമിതിയിലോ സംസാരിക്കുന്നതിനും നടപടികളിൽ പങ്കെടുക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ അദ്ദേഹത്തിന് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. നിയമസഭയിൽ ഹാജരാകുമ്പോൾ ഭരണപക്ഷത്ത് രണ്ടാമത്തെ വരിയിലെ ആദ്യ ഇരിപ്പിടം അഡ്വക്കേറ്റ് ജനറലിന്റേതാണ്. നിയമോപദേശം നൽകുന്നതിനായി കേരള നിയമസഭയിൽ അഞ്ചു തവണ അഡ്വക്കേറ്റ് ജനറൽ ഹാജരായിട്ടുണ്ട്. നിലവിൽ അഡ്വക്കേറ്റ് ജനറലിന് ക്യാബിനറ്റ് പദവി നൽകിയിട്ടുണ്ട്.

## നിയമസഭാ സമുച്ചയത്തിലെ പ്രധാന പരിപാടികൾ



### ആർ.സി.ഇ.പി. കരാർ കാർഷിക മേഖലയെ തകർക്കും: ദെവിന്ദർ ശർമ്മ

കേരള നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആന്റ് ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ കാർഷിക - പരിസ്ഥിതി സംഘടനയായ 'തണലി'ന്റെ സഹകരണത്തോടെ നിയമസഭാ സാമാജികർക്കായി 'Indian Economic Crisis and the Agrarian Sector' എന്ന വിഷയത്തിൽ പ്രഭാഷണ പരിപാടി സംഘടിപ്പിച്ചു. 2019 ഒക്ടോബർ 1-ാം തീയതി നിയമസഭാ മന്ദിരത്തിലെ ബാങ്കറ്റ് ഹാളിൽ സാമാജികരും വിശിഷ്ടാതിഥികളും ഉദ്യോഗസ്ഥരും വിദ്യാർത്ഥികളും പങ്കെടുത്ത ചടങ്ങ് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കൃഷി വകുപ്പ് മന്ത്രി വി.എസ്.സുനിൽ കുമാർ മുഖ്യാതിഥി ആയിരുന്നു. പ്രമുഖ ഗവേഷകനും മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ദെവിന്ദർ ശർമ്മ വിഷയം അവതരിപ്പിച്ച് സംസാരിച്ചു. കാർഷിക ഇന്ത്യയുടെ ഇന്നത്തെ അവസ്ഥ സൂചിപ്പിച്ച ഡോ.ശർമ്മ കാർഷിക മേഖലയ്ക്ക് സർക്കാർ പിന്തുണ നൽകുന്നതിലൂടെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിക്ക് ഉണ്ടാകാവുന്ന ഗുണകരമായ മാറ്റത്തെക്കുറിച്ച് വിശദീകരിച്ചു. ആർ.സി.ഇ.പി. കരാറിലൂടെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന ഭീഷണികളും അദ്ദേഹം ചൂണ്ടിക്കാട്ടി. നിയമസഭാ സെക്രട്ടറി എസ്.വി.ഉണ്ണികൃഷ്ണൻ നായർ, 'തണൽ' സംഘടനയുടെ ഡയറക്ടർ ശ്രീധർ രാധാകൃഷ്ണൻ എന്നിവരും സംസാരിച്ചു.



### ഡോ.പിനാകി ചക്രബർത്തിയുടെ പ്രഭാഷണം

ദേശീയ സാഹചര്യങ്ങൾ രൂപപ്പെടുത്തുമ്പോൾ സംസ്ഥാനങ്ങളുടെ സവിശേഷതകൾ കൂടി കണക്കിലെടുക്കണമെന്ന് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ. ഒക്ടോബർ 23-ാം തീയതി സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആൻഡ് ട്രെയിനിംഗും യൂണിസെഫും സംയുക്തമായി സംഘടിപ്പിച്ച പ്രഭാഷണ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബഹുസ്വരതയിൽ അധിഷ്ഠിതമാണ് ഇന്ത്യയെന്നും ഏകതാവാദം ഫെഡറൽ സംവിധാനത്തെ ദുർബലപ്പെടുത്തുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജനാധിപത്യം ശക്തവും സുതാര്യവുമായി വികസിച്ചാൽ മാത്രമേ ജനക്ഷേമ നടപടികൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയുകയുള്ളുവെന്ന് സ്പീക്കർ ഊന്നിപ്പറഞ്ഞു. ഡെപ്യൂട്ടി സ്പീക്കർ വി.ശശി അധ്യക്ഷനായ ചടങ്ങിൽ യൂണിസെഫിന്റെ തമിഴ്നാട്, കേരള മേഖലാ സോഷ്യൽ പോളിസി മേധാവി ഡോ.പിനാകി ചക്രബർത്തി മുഖ്യപ്രഭാഷണം നടത്തി. ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിൽ കേരളം മികച്ച മാതൃകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അധികാര വികേന്ദ്രീകരണത്തിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളെയും അനുബന്ധ സ്ഥാപനങ്ങളെയും ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തു പറഞ്ഞു. നിയമസഭാ സെക്രട്ടറി സ്വാഗതം ആശംസിച്ചു. നിയമസഭാംഗങ്ങൾ, ജീവനക്കാർ, പാർലമെന്ററി കോഴ്സ് പഠിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു. ചടങ്ങിൽ സി.പി.എസ്.ടി.യുടെ സർട്ടിഫിക്കറ്റ് കോഴ്സിന്റെ അഞ്ചാമത് ബാച്ച് റാങ്ക് ജേതാക്കൾക്ക് സ്പീക്കർ മെഡലുകൾ വിതരണം ചെയ്തു. കോഴ്സ് വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ധനകാര്യ വകുപ്പ് മന്ത്രി ഡോ.ടി. എം.തോമസ് ഐസക് നിർവ്വഹിച്ചു. ആറാമത് ബാച്ചിന്റെ ഉദ്ഘാടനവും ഇതോടൊപ്പം നിർവ്വഹിക്കുകയുണ്ടായി.

## സഭ ടി.വി. 'OTT' പ്ലാറ്റ്ഫോമിൽ

"എവിടെയും, എപ്പോഴും" - ഇതാണ് വിനോദത്തിന്റെ പുതിയ സൂത്രവാക്യം; ഇൻറർനെറ്റ് വ്യാപനവും പുതിയ തലമുറ ഫോണുകളുടെ വരവുമാണ് ഇത് യാഥാർഥ്യമാക്കിയത്. വിനോദമായാലും വിജ്ഞാനമായാലും ആവശ്യക്കാരിലേക്ക് നേരിട്ട് എത്തുന്നു; ഇടയിൽ സാങ്കേതികവിദ്യ മാത്രം. ടെലികോം കമ്പനികൾ ഉൾപ്പെടെ മറ്റാർക്കും ഇതിൽ ഇടപെടാൻ കഴിയില്ല. ഇൻറർനെറ്റ് വ്യാപനം ലോകത്ത് പുതിയ സാധ്യതകൾ തുറന്നു. പലതിനെയും സ്ഥാനഭ്രഷ്ടരാക്കി മറ്റു ചിലതിനായി വാതായനങ്ങൾ തുറന്നിട്ടു. ഇൻറർനെറ്റിന് മുകളിലൂടെ സഞ്ചരിക്കാൻ കഴിയുന്നത് (OVER THE TOP OF THE INTERNET or OTT) സാധ്യതകൾക്ക് പരിധിയും അതിരുകളും ഇല്ലാതാക്കി. കോടിക്കണക്കായ സന്ദേശങ്ങൾ, ചിത്രങ്ങൾ, രേഖകൾ തുടങ്ങിയവ അങ്ങനെ കൃത്യമായി മേൽവിലാസക്കാരന് എത്തിച്ചേരുന്നു. ഒറ്റവാക്കിൽ 'ഐ.പി. അഡ്രസ്' (ഇന്റർനെറ്റ് പ്രോട്ടോകോൾ അഡ്രസ്) എന്ന് പറയാമെങ്കിലും, ഇത് സങ്കീർണ്ണമായ ഒരു സാങ്കേതികവിദ്യയാണ്. ഇൻറർനെറ്റിലൂടെ കാഴ്ചക്കാർക്ക് നേരിട്ട് വാഗ്ദാനം ചെയ്യുന്ന ഒരു സ്ട്രീമിംഗ് മീഡിയ സേവനമാണ് 'ഓവർ ദി ടോപ്പ്' (OTT) മീഡിയ സേവനം. പരമ്പരാഗതമായി അത്തരം ഉള്ളടക്കത്തിന്റെ ഒരു കൺട്രോളർ അല്ലെങ്കിൽ വിതരണക്കാരനായി പ്രവർത്തിക്കുന്ന കേബിൾ, ഭൂതല ടെലിവിഷൻ പ്രക്ഷേപണം, സാറ്റലൈറ്റ് ടെലിവിഷൻ എന്നിവയെ OTT പ്ലാറ്റ്ഫോമുകൾ മറികടക്കുന്നു.

കേരള നിയമസഭയുടെ 'സഭ ടിവി' എന്ന പുതിയ സംരംഭം പുതിയ കാലത്തിന്റേയും ലോകത്തിന്റേയും രീതികളിൽ സംവദിക്കുന്നു. ഭൂതകാലത്ത് ശിലാഫലകങ്ങൾ, പെരുമ്പറ വിളംബരങ്ങൾ തുടങ്ങിയ മാധ്യമങ്ങളിലൂടെയാണ് ഭരണകർത്താക്കൾ രാജശാസനങ്ങളും, കൽപ്പനകളും, മറ്റുള്ളതും ജനങ്ങളിലേക്ക് എത്തിച്ചിരുന്നത്. എല്ലാ ജനങ്ങളിലേക്കും കലർപ്പില്ലാതെ കൃത്യമായും യഥാസമയത്തും ഇത്തരം വാർത്തകൾ എത്തിയിരുന്നില്ല. മാധ്യമസ്ഥാപനങ്ങൾ അവ നടത്തുന്നവരുടെ താൽപ്പര്യങ്ങൾ, വാർത്തകളിൽ കലർത്തപ്പെടുന്നതിനാൽ പൊതുജനം ഭരണകർത്താക്കളുമായി ആശയവിനിമയം ചെയ്യുക എന്നത് പിന്നെയും ഫലവത്തല്ലാതായിത്തന്നെ തുടർന്നു.

വർത്തമാനകാലം സാമൂഹിക മാധ്യമങ്ങളുടേതാണ്. സാങ്കേതിക വിദ്യയുടെ വളർച്ചയും ഇൻറർനെറ്റിന്റെ വ്യാപനവുമാണ് ഇതിന് പിൻബലം നൽകുന്നത്. പേഴ്സണൽ കമ്പ്യൂട്ടർ അല്ലെങ്കിൽ മൊബൈൽ ഫോൺ എന്നത് ഇന്ന് സർവ്വസാധാരണമാണ്. നവമാധ്യമങ്ങളിലൂടെ ഭരണകർത്താക്കൾക്ക് തങ്ങളുടെ സന്ദേശങ്ങളും ഭരണപരമായ അറിയിപ്പുകളും മറ്റും നേരിട്ട്, കലർപ്പില്ലാതെ, കൃത്യമായി യഥാസമയം ജനങ്ങളിലേക്ക് എത്തിക്കാൻ കഴിയുന്നു; ഇടയിൽ ഒരു മാധ്യമം ഇല്ലാതെ. ജനങ്ങളുടെ അഭിപ്രായങ്ങളും, സംശയങ്ങളും, നിർദ്ദേശങ്ങളും നേരിട്ട് ഭരണകർത്താക്കളുമായി സംവദിക്കപ്പെടുന്നു. ഇവിടെയാണ് 'സഭ ടിവി' എന്ന ഈ പുതിയ സംരംഭത്തിന്റെ പ്രസക്തി. ജനാധിപത്യ ഭരണക്രമത്തിൽ നിയമസഭ എന്നത് ജനങ്ങളുടെ പരിച്ഛേദവും പ്രാതിനിധ്യവും ആണ്. സഭാനടപടികൾ കാണാൻ ജനങ്ങൾക്ക് അവകാശവും അധികാരവും ഉണ്ടെങ്കിലും, എല്ലാവരും നേരിട്ട് എത്തുക എന്നത് പ്രായോഗികമല്ല.

നഗര-ഗ്രാമ വ്യത്യാസമില്ലാതെയുള്ള മൊബൈൽ ഫോൺ നെറ്റ് വർക്ക് കവറേജ്, കുറഞ്ഞ ഡേറ്റാ ചാർജ് എന്നിവ കാരണം ജനങ്ങൾ കൂടുതൽ സമയം മൊബൈൽ ഫോൺ ഉപയോഗിക്കുന്നു. ഭാവിയുടെ വാഗ്ദാനമായ നവമാധ്യമങ്ങൾ ആണ് കുറഞ്ഞ ചെലവിൽ ജനങ്ങളിലേക്ക് എത്താൻ എന്തുകൊണ്ടും അഭികാമ്യം. നിയമസഭയുടെ OTT പ്ലാറ്റ്ഫോമിൽ ഉള്ളടക്കങ്ങൾ ലൈവ് ആയും വീഡിയോ ഓൺ ഡിമാൻഡ് ആയും ഉണ്ടാകും. അതിനാൽ തന്നെ ജനങ്ങൾക്ക് സൗകര്യമുള്ള സ്ഥലത്തും സമയത്തും പരിപാടികൾ കാണാൻ സാധിക്കും. ഏതെങ്കിലും ഒന്ന് പൂർണമായി കാണാൻ സാധിക്കാതെ വന്നാൽ പിന്നെ ഒരു സമയത്ത്, മുമ്പ് കണ്ടു നിർത്തിയ സ്ഥാനത്തുനിന്നും തുടർന്ന് കാണാൻ സാധിക്കും. ടു ജി, ത്രീ ജി, ഫോർ ജി, ഫൈവ് ജി എന്നിങ്ങനെ മൊബൈൽ കണക്ഷൻ ബാൻഡ് വിഡ്ത് ഏതു തന്നെയായാലും പരിപാടികൾക്ക് തടസ്സം നേരിടുകയില്ല. പുതുപുത്തൻ സാങ്കേതിക വിദ്യയായ OTT പ്ലാറ്റ്ഫോമിലൂടെ സഭാനടപടികൾ, അതിന്മേലുള്ള ചർച്ചകൾ, വിശകലനങ്ങൾ, എല്ലാം ഇനി ലോകമെമ്പാടുമുള്ള മലയാളികളുടെ വിരൽത്തുമ്പിൽ; 'എവിടെയും, എപ്പോഴും'.

നിയമസഭാ പ്രസംഗങ്ങളിലൂടെ....



## മലയാളത്തിന് നിയുക്ത തിരുവിതാംകൂർ സർവ്വകലാശാലയിൽ പ്രാധാന്യം നൽകണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട്, റ്റി.റ്റി.കേശവൻ ശാസ്ത്രി 1937 ആഗസ്റ്റ് 4-ന് ശ്രീമൂലം പ്രജാസഭയിൽ നടത്തിയ പ്രസംഗം

ചുവടെ ഉദ്ധരിക്കുന്ന പ്രമേയത്തെ സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

'This Assembly recommends to the Government that provision be made for giving the necessary prominence and importance to Malayalam in the proposed University'

സർ, തിരുവിതാംകൂറിന് സ്വന്തമായി ഒരു യൂണിവേഴ്സിറ്റി ഉണ്ടാകാൻ പോകുന്ന ഈ സന്ദർഭം പ്രത്യേകിച്ച് മലയാളികൾക്ക് അധികം സന്തോഷം നൽകുന്നതാണല്ലോ. നമ്മുടെ തിരുവിതാംകൂറിന്റെ മാതൃഭാഷ മലയാളമാണെന്നും, ഈ രാജ്യവാസികളിൽ ഭൂരിഭാഗവും മലയാളഭാഷാ വ്യവഹാരം കൊണ്ട് ജീവിതം ചെയ്യുന്നവരാണെന്നുമുള്ള വിവരം പ്രത്യേകിച്ച് പറയേണ്ടതായിട്ടില്ല. അന്യഭാഷകളെ അതായത് ഇംഗ്ലീഷ് മുതലായ ഭാഷകളെപ്പോലെ മലയാള ഭാഷയ്ക്കും മലയാള സാഹിത്യത്തിനും പൂർവ്വാധികം മേന്മയും അഭിവൃദ്ധിയും വന്നുകൊണ്ടിരിക്കുന്നു എന്നുള്ളതും സ്മരണീയമായ ഒരു സംഗതിയാകുന്നു. യൂണിവേഴ്സിറ്റി സ്ഥാപനത്തോടുകൂടി തിരുവിതാംകൂറിന് ഉണ്ടാകാവുന്ന വിവിധങ്ങളായ അഭിവൃദ്ധിമാർഗ്ഗങ്ങളെ ഗണിക്കുമ്പോൾ മാതൃഭാഷയായ മലയാളത്തിനും കൂടി പ്രാമാണ്യവും സ്ഥാനവും നൽകാൻ ഗവൺമെന്റ് ഒന്നുകൂടി ദയാപൂർവ്വം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. '

വളരെക്കാലത്തിനു മുൻപു മുതൽ മലയാളഭാഷയുടെയും മലയാള സാഹിത്യത്തിന്റെയും പടിപടിയായുള്ള അഭിവൃദ്ധിക്കുവേണ്ടി എത്രയോ ആളുകൾ നിരന്തരം പരിശ്രമിക്കുകയും അവരിൽ ഓരോരുത്തരുടെയും പരിശ്രമത്തിന്റെ ഫലമായി മലയാളഭാഷയും സാഹിത്യവും ഏറ്റവും മുന്നണിയിൽ എത്തുകയും ചെയ്തിട്ടുള്ളതാണല്ലോ. മലയാളത്തിന്റെ അഭിവൃദ്ധിയെ കാംക്ഷിക്കുകയും അതിനെ യൂണിവേഴ്സിറ്റിയോടുകൂടി ഘടിപ്പിച്ച് വേണ്ട പരിഷ്കാരങ്ങൾ നൽകി അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യണമെന്നു നിർബന്ധിക്കുമ്പോൾ മലയാള ഭാഷയുടെ ഇന്നത്തെ അഭിവൃദ്ധിക്കും ശാശ്വതമായ നിലനിൽപിനും സഹായിച്ചുപോരുന്ന ഇതരഭാഷകളെക്കൂടി സംയോജിപ്പിച്ച് ചിലതു പറയേണ്ടതായിട്ടുണ്ട്. 'സംസ്കൃത ഹിമഗിരി ഗളിതാ ദ്രാവിഡഭാഷാകളിന്ദജമിളിതാ കേരളഭാഷാ ഗംഗാ വിഹരിതു' എന്നു പണ്ഡിതന്മാരായ കവികൾ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്കൃതത്തിന്റേയും തമിഴിന്റെയും സുദൃഢമായ സഹായത്തോടുകൂടി മലയാളഭാഷ മറ്റുള്ള ഭാഷകളെപ്പോലെ ഇന്ന് ഒരു ഒന്നാംതരം സാഹിതീഭാഷയായി പ്രശോഭിച്ചു വരികയാണ്. എത്രയെത്ര കവികൾ മലയാളഭാഷാ പോഷണത്തിനു ശ്രമിച്ചിട്ടുണ്ടെന്നും എത്രയെത്ര കവികൾ ഇന്ന് അതിലേക്കു ശ്രമിച്ചുവരുന്നുണ്ടെന്നുമുള്ള സംഗതി മലയാളിയുടെ അഗാധമായ സ്മൃതിപഥത്തിൽ നിന്ന് ഒരിക്കലും മാഞ്ഞുപോകാൻ പാടില്ലാത്തതാകുന്നു. മലയാളത്തിന്റെ ഉല്ക്കടമായ അഭിവൃദ്ധിയെ കാംക്ഷിക്കുമ്പോൾ സംസ്കൃതത്തിന്റേയും തമിഴിന്റേയും വളർച്ചയ്ക്കുവേണ്ട നിർദ്ദേശങ്ങൾ കൂടി ചെയ്യേണ്ടതാവശ്യമാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയോടുകൂടി മുന്നോട്ടുപോരുന്ന സംസ്കൃതത്തിന്റേയും തമിഴിന്റെയും മലയാളത്തിന്റെയും ശരിയായ നിലനിൽപ്പിനും പരിപോഷണത്തിനും വിധേയമാക്കി യൂണിവേഴ്സിറ്റി മുന്നോട്ടു പോയാൽ അതൊരു വലിയ സഹായവും അനുഗ്രഹവും തന്നെയായിരിക്കുന്നതാണ്.

സർ, മലയാളഭാഷ യൂണിവേഴ്സിറ്റിയോടുകൂടി സംഘടിപ്പിക്കുന്ന പക്ഷം വിവിധ മാർഗ്ഗങ്ങളിൽ പൊതുവേ പ്രോത്സാഹനത്തിനും പ്രവർത്തനത്തിനും കാരണമായിത്തീരുന്നതിനും പുറമേ മലയാളികളുടെ ഉദ്ബുദ്ധതയ്ക്കു വലിയ സഹായമായിത്തീരുന്നതുമാണ്. മലയാള സാഹിത്യ ലോകത്തിൽ സ്ഥിരപ്രതിഷ്ഠിതനും വിവിധ ഭാഷാപണ്ഡിതനുമായ മഹാകവി ഉള്ളൂരിനെപ്പോലെയുള്ള കവിലോകവും യുവസാഹിതീ ലോകവും പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ പരിശ്രമങ്ങൾക്ക് യൂണിവേഴ്സിറ്റി കൊണ്ടു ഗണ്യമായ അഭിവൃദ്ധി ഉണ്ടാക്കിക്കൊടുക്കേണ്ടത് ഗവൺമെന്റിന്റെ ഒരു ധർമ്മവുമാകുന്നു. അതിനാൽ യൂണിവേഴ്സിററികൊണ്ട് മലയാളഭാഷക്കു കൂടുതൽ പ്രോത്സാഹനം നൽകുന്ന വിഷയത്തിൽ ഗവൺമെന്റും സ്പെഷ്യലാഫീസറും പ്രത്യേകം ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ സഭയുടെ അംഗീകാരത്തിനായി സാദരം സമർപ്പിച്ചുകൊള്ളുന്നു.

(ശ്രീമൂലം പ്രജാസഭ, തിരുവിതാംകൂർ റെപ്രസെന്റേറ്റീവ് അസംബ്ലി, തിരു - കൊച്ചി നിയമസഭ എന്നിവയിൽ അംഗമായിരുന്ന റ്റി.റ്റി.കേശവൻ ശാസ്ത്രി 1951-52 കാലയളവിൽ തിരു-കൊച്ചി നിയമസഭയുടെ ഡെപ്യൂട്ടി പ്രസിഡന്റായിരുന്നു.)



തിരുവിതാംകൂർ സർവ്വകലാശാലയുടെ ആദ്യ ചാൻസലർ പ്രൊ ചാൻസലർ, വൈസ് ചാൻസലർ, രജിസ്ട്രാർ എന്നിവർക്കൊപ്പം



## 25 വയസ്സും 179 ദിവസവും ഏറ്റവും പ്രായം കുറഞ്ഞ എം.എൽ.എ- മാത്യു ടി.തോമസ്

ഏറ്റവും കുറഞ്ഞ പ്രായത്തിൽ കേരള നിയമസഭാംഗമായതിനുള്ള റെക്കോർഡ് മാത്യു ടി.തോമസിന്. 25 വയസ്സും 179 ദിവസവും പ്രായമുള്ളപ്പോഴാണ് അദ്ദേഹം എട്ടാം കേരള നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടത്.

തിരുവല്ല നിയോജകമണ്ഡലത്തിൽ നിന്നും 1987, 2006, 2011, 2016 എന്നീ വർഷങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട മാത്യു ടി.തോമസ് 2006-2009 കാലയളവിൽ ഗതാഗത വകുപ്പ് മന്ത്രിയായും 2016-18 കാലയളവിൽ ജലവിഭവ വകുപ്പ് മന്ത്രിയായും പ്രവർത്തിച്ചിട്ടുണ്ട്.

## സബ്ജക്ട് കമ്മിറ്റികളിലെ നാമനിർദ്ദേശം

പുതുതായി തെരഞ്ഞെടുക്കപ്പെട്ട 6 പേരുൾപ്പെടെ 8 നിയമസഭാംഗങ്ങളെ ഉൾപ്പെടുത്തി സബ്ജക്ട് കമ്മിറ്റികൾ പുനഃസംഘടിപ്പിച്ചു. കെ.സി. ജോസഫ് മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V ലും കെ.എസ്. ശബരീനാഥൻ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV ലും അംഗങ്ങളായിരിക്കും. ഷാനിമോൾ ഉസ്മാനെ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II ലും മാണി സി.കാപ്പൻ, വി.കെ.പ്രശാന്ത് എന്നിവരെ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III ലും എം.സി.കമറുദ്ദീനെ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI ലും ടി.ജെ.വിനോദിനെ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX ലും കെ.യു.ജനീഷ് കുമാറിനെ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X ലും അംഗങ്ങളായി നാമനിർദ്ദേശം ചെയ്തു.

കെ.എസ്.ശബരീനാഥൻ സബ്ജക്ട് കമ്മിറ്റി IX ലെ അംഗത്വവും കെ.സി. ജോസഫ് സബ്ജക്ട് കമ്മിറ്റി VI ലെ അംഗത്വവും രാജിവച്ചിരുന്നു. നിയമസഭാ ചട്ടം അനുസരിച്ച് എല്ലാ സാമാജികരും ഏതെങ്കിലും ഒരു സബ്ജക്ട് കമ്മിറ്റിയിൽ അംഗമായിരിക്കുന്നതാണ്.

## വെങ്കലം കരസ്ഥമാക്കി നസീമ : ലോക പഞ്ചഗുസ്തി മത്സരത്തിൽ ഇന്ത്യയ്ക്ക് നേട്ടം



നസീമ (നടുവിൽ) മറ്റ് മെഡൽ ജേതാക്കളോടൊപ്പം

റൊമേനിയയിലെ കോൺസ്റ്റന്റയിൽ ഒക്ടോബർ 26 മുതൽ നവംബർ 4 വരെ നടന്ന നാൽപത്തിയൊന്നാമത് ലോക പഞ്ചഗുസ്തി മത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച നിയമസഭാ ജീവനക്കാരി നസീമ എൻ. വെങ്കലമെഡൽ കരസ്ഥമാക്കി. അമ്പത് വയസ്സിനു മുകളിലുള്ളവരുടെ 80 കി.ഗ്രാം വിഭാഗത്തിലാണ് നിയമസഭാ സെക്രട്ടേറിയറ്റിലെ റിപ്പോർട്ടറായ നസീമയുടെ നേട്ടം.

മഹാത്മാഗാന്ധി സർവ്വകലാശാലയെ പ്രതിനിധീകരിച്ച് ദേശീയ തലത്തിൽ ഹോക്കി മൽസരങ്ങളിൽ പങ്കെടുത്തിട്ടുള്ള നസീമ ഹാൻഡ് ബോൾ, ക്രിക്കറ്റ് മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ചിട്ടുണ്ട്. 2015ൽ മലേഷ്യയിലും 2018ൽ തുർക്കിയിലും നടന്ന ലോകപഞ്ചഗുസ്തി മൽസരങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് സ്വദേശിയാണ് നസീമ.



# മഹാത്മാഗാന്ധി അനുസ്മരണ സമ്മേളനം

**മഹാത്മാഗാന്ധിയുടെ 150–ാം ജന്മവാർഷികത്തോടനുബന്ധിച്ച് കേരള നിയമസഭയുടെ പ്രത്യേക യോഗം നവംബർ 1 വെള്ളിയാഴ്ച രാവിലെ 9.00 ന് ചേർന്നു**

രാഷ്ട്രപിതാവിന്റെ 150-ാം ജന്മദിനം ആഘോഷിക്കുന്ന വേളയിൽ കേരള നിയമസഭ പ്രത്യേകമായി സമ്മേളനം ചേരുന്നത് അഭിമാനകരമാണെന്ന് സ്പീക്കർ പറഞ്ഞു. ബൃഹദാരണ്യകോപനിഷത്തിലെ 'അസതോ മാ സദ്ഗമയ, തമസോ മാ ജ്യോതിർഗമയ' എന്ന ശ്ലോകം ഉദ്ധരിച്ചുകൊണ്ടാണ് അപ്രകാരം നമ്മെ നയിക്കുകയും സമൂഹത്തെയും നമ്മുടെ ചിന്തകളെയും വല്ലാതെ സ്വാധീനിക്കുകയും ചെയ്ത ഗാന്ധിജിയെ അദ്ദേഹം അനുസ്മരിച്ചത്. ഗാന്ധിജിയുടെ പ്രവർത്തനങ്ങളുടേയും ദർശനങ്ങളുടേയും ഔന്നത്യം അദ്ദേഹം ഊന്നിപ്പറഞ്ഞു. ഗാന്ധിജി നമുക്ക് മുന്നിൽ വച്ച മാർഗ്ഗം ഇരുൾ മൂടാൻ പാടില്ലെന്നും രാഷ്ട്രത്തിന്റെ ദാർശനിക സൗരഭ്യവും അതിനു മുകളിൽ പരന്നൊഴുകാൻ ശ്രമിക്കുന്ന പ്രതിലോമ ദുർഗന്ധവും തമ്മിലുള്ള സംഘർഷത്തിന്റെ കാലത്ത് ദൃഢതയുടെ ദീപസ്തംഭം കൊണ്ട് കേരളം രാജ്യത്താകെ പ്രകാശം പൊഴിക്കണമെന്നും സ്പീക്കർ ആശംസിച്ചു.

'രക്തമാംസങ്ങളോടെ ഇങ്ങനെയൊരാൾ ഈ ഭൂമിയിൽ ജീവിച്ചിരുന്നുവെന്നത് വരും തലമുറകൾക്ക് അവിശ്വസനീയമായി തോന്നും' എന്ന് മഹാത്മാഗാന്ധിയെക്കുറിച്ച് പ്രസ്താവിച്ച ആൽബർട്ട് ഐൻസ്റ്റീൻ മാറിവരുന്ന തലമുറകൾക്ക് ഗാന്ധിജിയെ മനസ്സിലാക്കാൻ കഴിയാതെ പോകുമോയെന്ന ആശങ്ക കൂടിയാണ് പങ്കു വെച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. ആ ഉത്കണ്ഠയ്ക്ക് അടിസ്ഥാനമുണ്ടാക്കുന്ന കാര്യങ്ങളാണ് ഇന്ത്യയിൽ ഇന്ന് സംഭവിക്കുന്നതെന്നും ഗാന്ധിജിയെ നിന്ദിക്കാനുള്ള സംഘടിത ശ്രമങ്ങളും ഗാന്ധിജി വിഭാവനം ചെയ്ത സാമൂഹ്യ മൂല്യങ്ങളെ തിരുത്താനുള്ള വ്യഗ്രതയും ആസൂത്രിതമായി മുന്നേറുന്നുവെന്നുമുള്ള ആശങ്ക അദ്ദേഹം പ്രകടിപ്പിച്ചു. ഇല്ലായ്മ ചെയ്യപ്പെടുന്ന ഗാന്ധിയൻ സാമ്രാജ്യത്വ വിരുദ്ധ -മതേതര-സ്വാശ്രയ ദേശീയ മൂല്യങ്ങളെ തിരികെപിടിക്കാൻ പുനരർപ്പിക്കുക എന്നതാകണം ഈ ഘട്ടത്തിൽ നമ്മുടെ ദൗത്യമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ഒറ്റപ്പെട്ട സമരങ്ങളിലും പ്രതിക്ഷേധ യോഗങ്ങളിലും വിപ്ലവ പ്രവർത്തനങ്ങളിലും ഒതുങ്ങി നിന്ന സ്വാതന്ത്ര്യപ്രസ്ഥാനത്തെ ഇന്ത്യയിലെ ജനങ്ങളുടെ പ്രസ്ഥാനമായി മാറ്റി എന്നതാണ് ഗാന്ധിജി രാഷ്ട്രത്തിന് നൽകിയ ഏറ്റവും വലിയ സംഭാവന എന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല അഭിപ്രായപ്പെട്ടു. മനുഷ്യജീവിതത്തിൽ അടിസ്ഥാനാവശ്യങ്ങളിലൂന്നിയ പരിവർത്തനമായിരുന്നു അദ്ദേഹത്തിന്റെ മാർഗ്ഗമെന്നും ഉപ്പും ചർക്കയും അതിനുള്ള ബിംബങ്ങളായിരുന്നു എന്നും പ്രസ്താവിച്ച അദ്ദേഹം 'ഗാന്ധിയൻ' എന്നത് കേവലം ഒരു ഭൗതിക സാന്നിദ്ധ്യമല്ല, കാലാതീതമായ, സനാതനമായ ഒരു വെളിച്ചമാണെന്നും ആ വെളിച്ചത്തിലേയ്ക്ക് നൂറ്റാണ്ടുകളോളം ഇന്ത്യ പ്രകാശിച്ചു നിൽക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ടു.

തുടർന്ന് സംസാരിച്ച കക്ഷി നേതാക്കളുടെ വാക്കുകളിലൂടെ .....



'മതനിരപേക്ഷതയും ജനാധിപത്യവും സംരക്ഷിക്കാൻ വേണ്ട പ്രചോദനം ഗാന്ധിയുടെ നിലപാടുകളിൽ നിന്നും ഈ കാലഘട്ടത്തിലും നമുക്ക് ലഭിക്കുന്നുണ്ട്. ചരിത്രം അപനിർമ്മിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ പുതിയ തലമുറയ്ക്ക് ഗാന്ധിജിയെ കൂടുതൽ അടുത്തറിയുന്നതിന് അവസരമുണ്ടാക്കേണ്ടതുണ്ട്. രാജ്യത്തിന്റെ ബഹുസ്വരതയും മതനിരപേക്ഷതയും കാത്തുസംരക്ഷിക്കാൻ വേണ്ടിയുള്ള ശക്തമായ പോരാട്ടങ്ങളിലേയ്ക്ക് നാം പോകേണ്ടതുണ്ട്''

**വി.എസ്. സുനിൽ കുമാർ,** കൃഷി വകുപ്പ് മന്ത്രി.



'നമ്മുടെ രാജ്യത്തെ ചെറുപ്പക്കാർ ഗാന്ധിജിയെ കണ്ടെത്താൻ പോകുകയാണ്. നമ്മുടെ ചെറുപ്പക്കാർ ആവേശത്തിന്റെ പുത്തനുണർവ്വിന്റെ ഒരു കുത്തൊഴുക്കായി മാറാൻ പോകുകയാണ്. ഗാന്ധിയൻ - നെഹ്റുവിയൻ സംസ്കൃതിയെ തമസ്കരിക്കാനും തകർക്കാനും ശ്രമിക്കുന്നവർ ആക്കിയോണിനെപ്പോലെ സ്വന്തം വേട്ടപ്പട്ടികളാൽ പിച്ചിച്ചീന്തപ്പെടുന്ന ഒരു കാലം വരും'

**ടി.എ.അഹമ്മദ് കബീർ,** എം.എൽ.എ.



'ഇനിയും ഒരായിരം വർഷം ഇന്ത്യയ്ക്കും ലോകരാജ്യങ്ങൾക്കും പ്രകാശം പരത്തേണ്ട ദീപമാണ് ഗാന്ധിജി. നാരായണ ഗുരുദേവനെയും അയ്യങ്കാളിയെയും സന്ദർശിച്ച അദ്ദേഹത്തിന് കേരളത്തിലെ ജനങ്ങളോടുള്ള വിനയം നമ്മൾ കൺ തുറന്ന് കാണേണ്ടിയിരിക്കുന്നു'

**പി.ജെ.ജോസഫ്,** എം.എൽ.എ.



'ഇന്നും ഇന്ത്യയുടെ ഭൂരിഭാഗം ഇങ്ങനെ നിലനിൽക്കുന്നത് മഹാത്മജി നൽകിയ സന്ദേശത്തിന്റെ അടിസ്ഥാനത്തിലാണ്. ആ സന്ദേശത്തിൽ ഗാന്ധിജിയെ എത്തിച്ചത് ശ്രീബുദ്ധനും ക്രിസ്തുദേവനും മുഹമ്മദ് നബിയും പോലുള്ള മഹാന്മാരാണ്. അവരുടെ സന്ദേശങ്ങളെല്ലാം സമഞ്ജസമായി ചേർത്തുകൊണ്ട് ലോകത്തിന് മുമ്പാകെ ഗാന്ധിജി കാണിച്ച ആ വഴിയിലൂടെ നമുക്ക് മുന്നേറേണ്ടതുണ്ട്. ഇന്ത്യയെ ആ പാതയിൽ നിന്നും മാറ്റിക്കൊണ്ടുവരാൻ ഒരു ശക്തിക്കും സാധിക്കില്ല'

**സി.കെ.നാണു,** എം.എൽ.എ.



'മാനവികത, അഹിംസ എന്നിവയിൽ ഊന്നിനിന്നുകൊണ്ട് പരിവർത്തനത്തിന്റെ പാത മഹാത്മജി ചൂണ്ടിക്കാണിച്ചു. അദ്ദേഹം അനായാസം ആ വഴിയിലൂടെ നടന്ന് പരശതം പേർക്ക് കരുത്ത് പകർന്നു. ഗാന്ധിജിയെന്ന വെളിച്ചത്തെ കൂടുതൽ അറിയാൻ ശ്രമിക്കുംതോറും നാം ഓരോരുത്തരും നല്ല മനുഷ്യരായി മാറുകയാണ്''

**എ.കെ.ശശീന്ദ്രൻ,** ഗതാഗത വകുപ്പ് മന്ത്രി



'ആത്മീയ മൂല്യങ്ങളിൽ ഉറച്ചു വിശ്വസിക്കുമ്പോഴും മതമൗലിക വാദത്തെ അദ്ദേഹം എന്നും തിരസ്കരിച്ചിട്ടുണ്ട്. ഗ്രാമങ്ങളെ ശാക്തീകരിച്ചുകൊണ്ട് രാജ്യത്തെ പുരോഗതിയിലേയ്ക്ക് നയിക്കുകയെന്ന അദ്ദേഹത്തിന്റെ ചിന്ത തീർച്ചയായും നമുക്കൊക്കെ പ്രചോദനമാകണം'

**അനൂപ് ജേക്കബ്,** എം.എൽ.എ.



'രാജ്യത്തെ നിയമസഭകളിൽ ഇങ്ങനെയൊരു അനുസ്മരണം ആദ്യത്തേതായിരിക്കും. ഈ രാജ്യം ഗാന്ധിയുടെ ജീവിത സമർപ്പണം കൊണ്ട് നേടിയെടുത്ത എല്ലാം നഷ്ടമാവുകയാണ്. ഗാന്ധിജിയുടെ നെഞ്ചിലേക്കുതിർന്ന വെടിയുണ്ടകൾ വിശ്രമിച്ചിട്ടില്ല. ആ വെടിയുണ്ടകൾ പലരുടെയും നെഞ്ചിലേയ്ക്ക് കടന്നു വരികയാണ്. രാജ്യം ഇന്ന് നേരിടുന്ന സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ പ്രത്യാഘാതങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരം കാണാനുള്ള ഏക മാർഗ്ഗം ഗാന്ധിയിലേയ്ക്ക് മടങ്ങുക മാത്രമാ ണ്''

**രാമചന്ദ്രൻ കടന്നപ്പള്ളി,** തുറമുഖ വകുപ്പ് മന്ത്രി.



'വരുംതലമുറയ്ക്ക് ഗാന്ധിജിയെ കുറിച്ച് കൂടുതൽ അറിയാനുള്ള വ്യവസ്ഥയുണ്ടാക്കണം. എല്ലാ ക്ലാസ്സുകളിലും, എല്ലാ പുസ്തകങ്ങളിലും ഗാന്ധിജിയെക്കുറിച്ച് പോസിറ്റീവായി ജനങ്ങൾക്ക് മനസ്സിലാക്കാൻ വേണ്ടിയുള്ള ഒരു പാഠമുണ്ടാകണം'

**ഒ.രാജഗോപാൽ,** എം.എൽ.എ.



'ഗാന്ധിജിയെ മറയ്ക്കാൻ ആരെങ്കിലും ശ്രമിക്കുന്നുണ്ടെങ്കിൽ അത് നൈമിഷകമായ ഒരു വൃഥാപരിശ്രമം മാത്രമാണ്. ഒരു പുസ്തകത്തിൽ ചരിത്രം മാറ്റിയെഴുതിയാൽ ഭാരതീയന്റെ മനസ്സിൽ നിന്നും ലോകജനതയുടെ മനസ്സിൽ നിന്നും മഹാത്മാഗാന്ധിയെന്ന വ്യക്തിത്വം മറഞ്ഞുപോകില്ല'

**കെ.ബി.ഗണേഷ് കുമാർ,** എം.എൽ.എ.

**കേരള നിയമസഭയിൽ ഗാന്ധിജിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഗാന്ധി പഠന കേന്ദ്രം ആരംഭിക്കാൻ തീരുമാനിച്ച വിവരം സ്പീക്കർ അറിയിച്ചു.**

സഭ പിരിഞ്ഞതിനുശേഷം സ്പീക്കറും, ഡെപ്യൂട്ടി സ്പീക്കറും, അംഗങ്ങളും നിയമസഭാ സമുച്ചയത്തിനു മുമ്പിലുള്ള ഗാന്ധിപ്രതിമയിൽ പുഷ്പാർച്ചന നടത്തി.

# അറിഞ്ഞിട്ടും കൊടുക്കാതെപോയ ഒരു വാർത്ത

*ദൃശ്യമാധ്യമരംഗത്ത് നിയമസഭാ നടപടികളുടെ മികച്ച റിപ്പോർട്ടിംഗിനുള്ള ജി. കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡിന് അർഹനായ മാതൃഭൂമി ന്യൂസ് റിപ്പോർട്ടർ **സീജി ജി.എസ്.** 'അറിവോര'ത്തോട് പ്രതികരിക്കുന്നു.*

**ദൃശ്യമാധ്യമ രംഗത്തെ കടുത്ത മത്സരം, മാധ്യമ ധാർമ്മികത എന്നിവയുടെ കാര്യത്തിലെ നിലപാട്?**

മത്സരം യാഥാർഥ്യമാണ്. വാർത്ത ആദ്യം ബ്രേക്ക് ചെയ്യുക, ആദ്യ ദൃശ്യങ്ങളും പ്രതികരണങ്ങളും നൽകുക, മികച്ച എക്സ്ക്ലൂസീവുകൾ, വിറപ്പിക്കുന്ന അഭിമുഖങ്ങൾ....... ഇതെല്ലാം മത്സരത്തിന്റെ ഭാഗവുമാണ്. ഏത് മത്സരത്തിനും അതിന്റേതായ ധാർമികതയും നിയമങ്ങളും ഉള്ളതുപോലെ അതിർവരമ്പുകൾ മാധ്യമ രംഗത്തുമുണ്ട്. പക്ഷേ നിർഭാഗ്യവശാൽ ആ അതിർ വരമ്പുകൾ നേർത്തു പോകുന്നു. പൊലിപ്പിച്ച് കാട്ടുന്ന നിസാര സംഭവങ്ങൾ, വ്യാജ വാർത്തകൾ, വക്കീലും ജഡ്ജിയുമാകുന്ന അവതാരകനും റിപ്പോർട്ടറും തുടങ്ങിയ വിമർശനങ്ങൾ കുറേയേറെ ശരിയാണ്. കുറേയൊക്കെ തെറ്റുമാണ്. നിലപാടുകളില്ലാത്ത സെൻസേഷണലിസവും അപകടകരമാണ്. എങ്കിലും മത്സരത്തിന് അതിന്റേതായ മെച്ചമുണ്ട്. വാർത്തകൾ ഇന്ന് ആർക്കും മുക്കാനാവില്ല. മാത്രമല്ല ഒരുവാർത്തയുടെ അവസാനംവരെ പിന്തുടരേണ്ടിയുംവരും; എല്ലാ വശങ്ങളും റിപ്പോർട്ട് ചെയ്യേണ്ടിയും വരും.

**നിയമസഭാ റിപ്പോർട്ടിംഗിനിടെ മറക്കാനാവാത്ത അനുഭവം?**

കലാലയ രാഷ്ട്രീയ രംഗത്തും പിന്നീടുള്ള സജീവ രാഷ്ട്രീയത്തിലും



എനിക്ക് മറക്കാനാകാത്ത പേരാണ് ജി.കാർത്തികേയൻ എന്ന ജി.കെ. മാധ്യമ പ്രവർത്തകനായി തിരുവനന്തപുരത്ത് വന്നപ്പോഴും ജി.കെ. കരുതലും സ്നേഹവും തന്നു. വാർത്തകൾ മാത്രം ഒരിക്കലും തന്നില്ല. 2011 ലെ ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ ജി.കെ ഉണ്ടാകില്ലെന്നും പകരം സ്പീക്കറാകുമെന്ന വാർത്ത ഇന്ത്യാവിഷന്റെ സ്ക്രീനിൽ കണ്ടതിന് തൊട്ടു പിന്നാലെ ജി.കെ. എന്നെ വിളിച്ചു. 'നിന്റെ വാർത്ത ശരിയാകുന്നതിനോട് എനിക്ക് താത്പര്യമില്ല' എന്ന ഒറ്റ വാചകം പറഞ്ഞ് ഫോൺ വച്ചു. വാർത്ത ശരിയായി, ജി.കെ. സ്പീക്കറും. ഓരോ സെഷനും കഴിഞ്ഞ് സ്പീക്കറുടെ ഓഫീസിൽ വച്ച് ജി.കെയെ കണ്ടിറങ്ങുമ്പോൾ, അദേഹം കൂടുതൽ കൂടുതൽ നിരാശനാണെന്ന് എനിക്ക് തോന്നി. അങ്ങനെ ഒരു സെഷൻ അവസാനിച്ച ദിവസം, 2014 ജൂലൈ 17 (ആണെന്നാണ് ഓർമ്മ) കാണുമ്പോൾ ജി.കെ.യുടെ മുഖത്ത് പതിവില്ലം ഗൗരവം. 'സ്പീക്കർ സ്ഥാനം ഒഴിയുന്നതിനെ കുറിച്ച് എന്ത് പറയുന്നു?' എന്ന ജി.കെ. യുടെ ചോദ്യത്തിന് 'കെ.പി.സി.സി പ്രസിഡന്റ് ആകാനാണോ?'എന്ന എന്റെ മറുചോദ്യം ജി.കെ. ക്ക് രസിച്ചു. ജി.കെ. നാളെ സ്ഥാനം ഒഴിയുമെന്ന് ബോധ്യപ്പെട്ട ഞാൻ ഒരു വലിയ വാർത്തയുടെ ആവേശവുമായി മടങ്ങാൻ തുടങ്ങവെ ജി.കെ. എന്റെ വാർത്താ പ്രതീക്ഷകളെ തകർത്തു. പത്രസമ്മേളനം നടത്തി രാജി പ്രഖ്യാപിക്കും വരെ വാർത്ത നൽകരുതെന്ന് തീർത്തു പറഞ്ഞു. എന്ത് പറഞ്ഞാലും തീരുമാനം മാറില്ല എന്ന് ഉറപ്പുള്ളതിനാൽ അതിന് ഞാൻ തുനിഞ്ഞില്ല. ഞാൻ കൂടി പങ്കെടുത്ത വാർത്താസമ്മേളനത്തിൽ ജി.കെ. രാജി പ്രഖ്യാപിച്ചു. തലേന്ന് വൈകുന്നേരം എന്നോട് പറഞ്ഞ അതേ വാചകങ്ങൾ ഒരു നഷ്ടബോധത്തോടെ ഞാൻ കേട്ടിരുന്നു. അങ്ങനെ അറിഞ്ഞിട്ടും കൊടുക്കാതെ പോയ ഒരു വലിയ വാർത്ത കൂടിയായിരുന്നു എനിക്ക് ജി.കെ.

**നിയമസഭാ നടപടികൾ പോലെ ഗൗരവമായ കാര്യങ്ങൾ ആക്ഷേപഹാസ്യ പരിപാടികൾക്കായി ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് ?**

ആക്ഷേപഹാസ്യം മലയാളിയുടെ ദൃശ്യകലാ ചരിത്രത്തിന്റെ, സാഹിത്യത്തിന്റെ, കലയുടെ, ദൈനംദിന ജീവിതത്തിന്റെ ഭാഗമല്ലേ? അപ്പോൾ നിയമസഭാ നടപടികളെ അതിൽ നിന്ന് ഒഴിച്ചു നിർത്തണോ? മാത്രമല്ല അത് നമ്മുടെ ജനാധിപത്യത്തിന്റെ സുതാര്യതയും സഹിഷ്ണുതയും വ്യക്തമാക്കുന്നു. മാത്രമല്ല, ജനപ്രതിനിധികളും അവരെ വോട്ടുചെയ്ത് ജയിപ്പിച്ചവരും ഇതെല്ലാം കണ്ട് രസിക്കുന്നതിലെന്താണ്തെറ്റ്? 'ഇന്നത്തെ വക്രദൃഷ്ടിയിൽ എന്നെക്കുറിച്ച് എന്തെങ്കിലുമുണ്ടോ?' എന്ന് ചോദിക്കുന്ന എത്രയോ എം.എൽ.എ.മാർ ഉണ്ട്.

**സഭാ നടപടികളുടെ നിലവാരം സംബന്ധിച്ച് ?**

നിലവാരമുള്ള പ്രസംഗങ്ങളുണ്ട്, നിലവാരമുള്ള പെരുമാറ്റവുമുണ്ട് സഭക്കുള്ളിൽ. പക്ഷെ അത് പൂർണമായും റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നതാണ് നിർഭാഗ്യകരം. നമ്മുടെ നേതാക്കളിൽ സ്വാഭാവികമായും മാധ്യമശ്രദ്ധ കിട്ടുന്ന ഒരു വിഭാഗമുണ്ട്. അവരുടെ നിയമസഭാ ചെയ്തികളും അത്തരത്തിൽ തന്നെ വിലയിരുത്തപ്പെടും. എന്നാൽ ആഴത്തിലുള്ള വായനയ്ക്കും പഠനത്തിനും ശേഷം വിഷയം അവതരിപ്പിക്കുന്ന കുറേയേറെ പേർക്ക് അവർ അർഹിക്കുന്ന അംഗീകാരം കിട്ടുന്നുണ്ടോ എന്ന് സംശയം. അത് മാധ്യമങ്ങളുടെ മാത്രം പ്രശ്നമായി കാണാനാകില്ല. ബഹളംവെച്ചും നിലവാരമില്ലാത്ത ഉപമകൾ നടത്തിയും മാധ്യമശ്രദ്ധ നേടാൻ ശ്രമിക്കുന്ന ജനപ്രതിനിധികളും കാലത്തിന് അനുസരിച്ച് മാറണം. ഒപ്പം മാധ്യമങ്ങൾ നിയമസഭാ വാർത്തകൾക്ക് മുൻഗണനാക്രമം നിശ്ചയിക്കുകയും വേണം.

**സഭയും മാധ്യമങ്ങളും തമ്മിലുള്ള അർത്ഥവത്തായ പാരസ്പര്യത്തിനുള്ള നിർദ്ദേശങ്ങൾ?**

സഭയിൽ മാധ്യമങ്ങൾക്ക് ഇതുവരെ വിലക്ക് ഇല്ലെന്നത് സമാധാനം. വലിയ കുഴപ്പമൊന്നുമില്ലാതെ ജനപ്രതിനിധികളും ജനങ്ങളെ വിവരങ്ങൾ ധരിപ്പിക്കുന്നവരും ഒത്തുപോകുകയും ചെയ്യുന്നു. വല്ലപ്പോഴുമുള്ള ഫുട്ബോൾ, ക്രിക്കറ്റ് കളികൾക്കപ്പുറം, മാധ്യമങ്ങളും സാമാജികരുമായി ഇടപെടലും ആശയവിനിമയവും ഒരുമിച്ചുള്ള പരിപാടികളും സെമിനാറുകളും പദ്ധതികളും വേണം. അത് ഇരുകൂട്ടർക്കും ഗുണകരമാകും. നിയമസഭയും പത്രപ്രവർത്തക യൂണിയനും പ്രസ് -ക്ലബ്, മാധ്യമസ്ഥാപനങ്ങളും ഒരുമിച്ച് ഇതിനായി ശ്രമിക്കണം.

# കെടാതെ കാക്കണം - ഭാഷയുടെ കൈത്തിരിനാളം

ഏകഭാഷാ വാദം ചില കോണുകളിൽ നിന്നുയരുമ്പോൾ ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യം രൂപപ്പെടുത്തുന്ന പ്രത്യേകതകളിലേയ്ക്ക് ഒന്നു കണ്ണോടിക്കുന്നത് നന്നായിരിക്കും. ആംഗലേയ ഭാഷയോടുള്ള വിധേയത്വം നമ്മുടെ ദൈനംദിന ജീവിതത്തിൽ എത്രമാത്രം ആഴ്ന്നിറങ്ങിയിരിക്കുന്നു എന്നതിന്റെ ഉദാഹരണമാണ് മാതൃഭാഷയിലുള്ള പ്രാവീണ്യക്കുറവ്. ഇത്തരം പ്രതിസന്ധികൾ നേരിടുന്ന ഭാഷകൾ കാലക്രമേണ 'ഗ്ലോട്ടോഫാഗി'* എന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചേരും.



**അനില ആർ.**

ഇന്ന് ഭാരതത്തിലെ വിഭിന്നങ്ങളായ ഭാഷകൾ ഒന്നാകെ നേരിടുന്ന സമസ്യയാണ് ഭാഷയുടെ വംശനാശം. ഏകഭാഷാ വാദം സംസ്കാരച്യുതിയാണ് നമുക്ക് മുന്നിൽ തീർക്കുന്നത്. ഭാഷാ പരിവർത്തനം ഭരണകൂടത്തിന്റെ ലക്ഷ്യമായി മാറുമ്പോൾ നശിക്കുന്നത് നാനാത്വത്തിൽ ഏകത്വമാണ്. ഇത് നമ്മുടെ ഭരണഘടനയിൽ പ്രതിപാദിച്ചിട്ടുള്ള അടിസ്ഥാന തത്വങ്ങളിൽ നിന്നുള്ള വ്യതിയാനമാണ്. ഒരു തരം സാംസ്കാരിക അധഃപതനമാണ്.

ഭാഷാ വൈരുദ്ധ്യത്തെ പ്രോത്സാഹിപ്പിക്കുന്ന ഭാരത സംസ്കാരത്തിന്റെ ചരിത്രത്തെ ആശയപരമായും രാഷ്ട്രീയപരമായും നശിപ്പിക്കുവാൻ ശ്രമിക്കുന്നവർ നമ്മുടെ യഥാർത്ഥമായ വികസനത്തെ തടുക്കുന്നു. ഭാഷാ നശീകരണത്തിനെ തിരെയുള്ള ചെറുത്തുനിൽപ്പ്മാർഗ്ഗങ്ങൾ പ്രായോഗികമാക്കിയില്ലെങ്കിൽ ഇല്ലാതാവുക ഒരു ജനതയുടെ സ്വപ്നവും സ്വത്വവുമാണ്.

780 ഭാഷകൾ ഭാരതത്തിലുണ്ടെന്ന് പീപ്പിൾസ് ലിംഗ്വസ്റ്റിക് സർവ്വേ അവകാശപ്പെടുമ്പോൾ സർക്കാർ രേഖകൾ പ്രകാരം 122 ഭാഷകൾ മാത്രമേ ഇവിടെ നിലനിൽക്കുന്നുള്ളു. കഴിഞ്ഞ കുറെ വർഷങ്ങൾ കൊണ്ട് ഏകദേശം 50 ഓളം ഭാഷകൾ അന്ത്യശ്വാസം വലിച്ച നാടാണ് ഭാരതം. ആയിരം വർഷത്തിലേറെ പഴക്കമുള്ള ഭാരതത്തിലെ ഭാഷകൾ ഇന്ന് കേവലം 300 വർഷം പഴക്കമുള്ള ഇംഗ്ലീഷിനോട് നിലനിൽപ്പിനായുള്ള പോരാട്ടത്തിലാണ്. 179 ഭാഷകളുടേയും 544 ഭാഷാഭേദങ്ങളുടേയും നിലനിൽപ്പ് ഇന്ന് പ്രതിസന്ധിയിലായിരിക്കുന്നു. പല ഗ്രാമ്യ ഭാഷകളും ഉപഭാഷകളും ഇന്ന് 'ആസന്നമൃത്യു' കാത്തിരിപ്പാണ്.

ഏകദേശം പത്ത് കോടി ആളുകൾ സംസാരിക്കുന്ന 55 ഭാഷകളുടെ ഒരു സമ്മേളന മിശ്രണമാണ് ഹിന്ദി ഭാഷ. മൈഥിലി, ഭോജ്പുരി, രാജസ്ഥാനി, അവധി, മഗധി, ഛത്തിസ്ഗർഹി, ഹരിയാൺവി തുടങ്ങിയ ഭാഷകളാണ് ഇതിൽ പ്രധാനം. 2011 ലെ സെൻസസ് പ്രകാരം കേവലം 43.63% ആളുകളുടെ മാതൃഭാഷയാണ് ഹിന്ദി. ബംഗാളി (8.03%), മറാത്തി (6.86%), തെലുഗ (6.7%), തമിഴ് (5.7%) തുടങ്ങിയ ഭാഷകൾക്കൊപ്പം 8-ാം പട്ടികയിൽപ്പെടുത്തിയ 13 ഭാഷകൾ മാതൃഭാഷയായി ഉള്ളത് ജനസംഖ്യയുടെ ഒരു ശതമാനം ആളുകൾക്കാണ്. അതായത് സംസ്കൃതം ഒഴികെ മറ്റു ഷെഡ്യൂൾ ഭാഷകൾ സംസാരിക്കുന്നവരുടെ എണ്ണം പത്തുലക്ഷത്തിന് മേലെയാണ്. 2001-2011 കാലഘട്ടത്തിൽ ഹിന്ദി സംസാരഭാഷയായി ഉപയോഗിക്കുന്നവരിൽ ഏകദേശം 25% വർദ്ധനവ് ഉണ്ടായി. ഇതിനു കാരണങ്ങൾ പലതാണെങ്കിലും ജനസംഖ്യാ പെരുപ്പം ഒരു പ്രധാന കാരണമാണ്. 1971-2011 കാലഘട്ടത്തിൽ ഹിന്ദി സംസാരഭാഷയായവർ 161% വളർന്നെങ്കിൽ ദ്രാവിഡ ഭാഷകൾ കേവലം 81% വളരാനുള്ള കാരണം ജനസംഖ്യാ നിയന്ത്രണം മൂലമുള്ള ജനസംഖ്യാ വളർച്ചാ നിരക്കിലെ കുറവാണ്. തൊഴിൽബന്ധ കുടിയേറ്റം കാരണം ഹിന്ദി മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് എത്തുന്നു. ഒപ്പം ഉറുദു, കൊങ്കിണി എന്നിവ സംസാരിക്കുന്നവരുടെ എണ്ണം കുറയുകയാണ്. അതിൽ ഉറുദു മാതൃഭാഷയായുള്ള മുസ്ലീങ്ങളുടെ ജനസംഖ്യാ വളർച്ചാ നിരക്ക് യു.പി.യിൽ കൂടുമ്പോൾ ഉറുദു ഭാഷ സംസാരിക്കുന്നവരുടെ നിരക്ക് കുറയുന്നു. അതോടൊപ്പം വനഭാഷകൾ പലതും നാമാവശേഷമാകുന്ന ഘട്ടത്തിലാണെന്ന് ഭാഷാ സെൻസസ് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ അവസരത്തിൽ ഭരണകൂടം ഉറപ്പാക്കേണ്ടത് മൗലികാവകാശങ്ങളിൽ ഒന്നായ ഭാഷാസ്വാതന്ത്ര്യമാണ്. അതിനാൽ ഏകഭാഷാ വാദം ഭാരതത്തിന്റെ പൈതൃകത്തിനെതിരെയുള്ള വെല്ലുവിളിയാണ്. മഹാകവി വള്ളത്തോളിന്റെ വാക്കുകൾ കാലങ്ങൾക്കിപ്പുറവും മനസ്സിന്റെ തന്ത്രികളിൽ ഈണമായ് മുഴങ്ങുന്നു.

***'കൊണ്ടാടി നാനാവിചിന്തനതന്തുക്കൾ***
***കൊണ്ടാത്മഭാഷയെ വായ്പിക്കാകിൽ***
***കേരളത്തിന്നിയിരുൾക്കുണ്ടിൽ നിന്നൊന്നു***
***കേറാൻ പിടികയറെന്തു വേറെ?***
***മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ !***
***മർത്ത്യനു പെറ്റമ്മ തൻഭാഷ താൻ.'***

***(വള്ളത്തോൾ - 'എന്റെ ഭാഷ').***

**(കേരള നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രം നടത്തുന്ന 'സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസസ് ആന്റ് പ്രൊസീജിയർ' അഞ്ചാമതു ബാച്ചിൽ ഒന്നാം റാങ്ക് നേടിയ അനില ആർ 'ഏകഭാഷ- ആവശ്യമോ' എന്ന വിഷയത്തിൽ അറിവോരത്തിന് നൽകിയ പ്രതികരണം.)**

***ചെറുഭാഷകളേയും ഉപഭാഷകളേയും വലിയഭാഷകൾ വിഴുങ്ങുന്ന അവസ്ഥ (ഫ്രഞ്ച്)**

# വികസനത്തിൽ രാഷ്ട്രീയ ഭേദമുണ്ടാകില്ല - മാണി സി.കാപ്പൻ

പാലാ ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച മാണി സി.കാപ്പൻ നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു. ഒക്ടോബർ 9 ന് നിയമസഭാ മന്ദിരത്തിലെ ബാങ്ക്വറ്റ് ഹാളിൽ സ്പീക്കറുടെ മുമ്പാകെ ദൈവനാമത്തിലാണ് സത്യപ്രതിജ്ഞ ചെയ്തത്. മുഖ്യമന്ത്രി പിണറായി വിജയൻ, പാർലമെന്ററികാര്യ വകുപ്പുമന്ത്രി എ.കെ. ബാലൻ, ഡെപ്യൂട്ടി സ്പീക്കർ വി. ശശി, നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർ എന്നിവരും നിയമസഭാ സാമാജികരും സന്നിഹിതരായിരുന്നു.

പാലാ മണ്ഡലത്തെ അമ്പത് വർഷത്തിലധികം പ്രതിനിധീകരിച്ച കെ.എം. മാണിയുടെ നിര്യാണത്തെ തുടർന്നുണ്ടായ ഉപതെരഞ്ഞെടുപ്പിൽ എൻ.സി.പി. സ്ഥാനാർത്ഥിയായി മൽസരിച്ച മാണി സി. കാപ്പൻ കേരള കോൺഗ്രസ് (എം) ലെ ജോസ് ടോം പുലിക്കുന്നേലിനെ 2943 വോട്ടിന്റെ ഭൂരിപക്ഷത്തിൽ പരാജയപ്പെടുത്തിയാണ് നിയമസഭാംഗമായത്.

സ്വാതന്ത്ര്യസമര സേനാനിയും മുൻ പാർലമെന്റംഗവുമായ ചെറിയാൻ ജെ.കാപ്പന്റേയും ത്രേസ്യാമ്മ ചെറിയാന്റേയും മകനായി 1956 മേയ് 30 ന് പാലായിലാണ് മാണി സി.കാപ്പൻ ജനിച്ചത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥിയായിരിക്കെ യൂണിവേഴ്സിറ്റി വോളിബോൾ ടീമിലും ഇന്ത്യൻ യൂണിവേഴ്സിറ്റി ടീമിലും അംഗമായിരുന്നു. 1978 മുതൽ നാല് വർഷം അബുദാബി സ്പോർട്സ് ക്ലബിൽ വോളിബോൾ താരമായിരുന്നു. നാളികേര വികസന ബോർഡ് വൈസ് ചെയർമാൻ, പാലാ നഗരസഭാ കൗൺസിലർ, ഇന്ത്യൻ വോളിബോൾ ഫെഡറേഷന്റെ ട്രഷറർ തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. ചലച്ചിത്ര നിർമ്മാതാവും അഭിനേതാവുമാണ്. 1994,1995 വർഷങ്ങളിൽ മികച്ച ജനപ്രീതിയാർജ്ജിച്ച ചലച്ചിത്രങ്ങൾക്കുള്ള 'കേരള ഫിലിം ക്രിട്ടിക്സ്' അവാർഡ് ലഭിച്ചു.





ഓൾ ഇന്ത്യാ വോളിബോൾ ടൂർണമെന്റ് ടീം ഇടത്ത് നിന്ന് ആറാമത് മാണി സി.കാപ്പൻ

അൻപത്തിരണ്ട് വർഷത്തിന് ശേഷം പാലായ്ക്ക് ലഭിച്ച പുതിയ ജനപ്രതിനിധിയായ മാണി സി.കാപ്പൻ 'അറിവോര'ത്തോട് സംസാരിക്കുന്നു ....

**നിയമസഭാംഗമാകാൻ ലഭിച്ച അവസരത്തെക്കുറിച്ച് എന്താണ് അഭിപ്രായം?**

മാന്യമായ പൊതുപ്രവർത്തന പാരമ്പര്യമുള്ള ഒരു കുടുംബത്തിലെ അംഗമാണ് ഞാൻ. നിയമസഭാംഗത്വം എന്റെ രാഷ്ട്രീയ പൊതുപ്രവർത്തന മേഖലയെ വിപുലപ്പെടുത്തുകയും ഉത്തരവാദിത്വം വർദ്ധിപ്പിച്ചതായും ഞാൻ മനസ്സിലാക്കുന്നു. ഇടത്തരം കർഷകരും തൊഴിലാളികളുമടങ്ങുന്ന സാധാരണക്കാരുടെ പ്രതിനിധിയാകാൻ അവസരം തന്നതിന് എന്റെ രാഷ്ട്രീയ പ്രസ്ഥാനത്തോടും ഇടതുപക്ഷ മുന്നണിയോടും സർവ്വോപരി തങ്ങളുടെ പ്രതിനിധിയായി എന്നെ തെരഞ്ഞെടുത്ത് എന്നിൽ അർപ്പിച്ച വിശ്വാസത്തിനു പാലായിലെ പ്രബുദ്ധരായ വോട്ടർമാരോടും ഞാൻ നന്ദി പറയുന്നു.

അരനൂറ്റാണ്ടിലധികം വലതുപക്ഷ രാഷ്ട്രീയത്തിന്റെ ഈറ്റില്ലമായിരുന്ന ഈ മണ്ഡലത്തിൽ ജനപക്ഷരാഷ്ട്രീയത്തിന്റെ കൊടി പാറിക്കാൻ എനിക്ക് ലഭിച്ച അവസരം ഒരു ചരിത്ര നിയോഗമായും നേരിന്റെ രാഷ്ട്രീയത്തിന് ലഭിച്ച അംഗീകാരമായും ഞാൻ കരുതുന്നു.

**പതിനാലാം കേരള നിയമസഭയിൽ ഇനി ചെറിയൊരു കാലയളവ് മാത്രമേ ശേഷിക്കുന്നുള്ളൂ. താങ്കളുടെ പ്രവർത്തനം എങ്ങനെ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു?**

എത്രകാലം എന്നതിലുപരി ലഭ്യമായ സമയം എങ്ങനെ വിനിയോഗിക്കുന്നു എന്നതാണ് പ്രധാനം. മുന്നിലുള്ള ഓരോ നിമിഷവും വിലപ്പെട്ടതാണ്. അതോടൊപ്പം കഴിഞ്ഞുപോയ കാലത്തിന്റെ പ്രാധാന്യവും തിരിച്ചറിയേണ്ടതുണ്ട്. ആദ്യകാല മുനിസിപ്പാലിറ്റികളിൽ ഒന്നായ പാലായുടെ വികസനം പുറത്തു പ്രചരിക്കപ്പെടുന്നതുപോലെയാണോ എന്ന് സ്വയം വിമർശനപരമായി എല്ലാവരും വിലയിരുത്തണം. വിദ്യാഭ്യാസ രംഗത്ത് സഭ നൽകിയ സംഭാവനകൾ യുവതലമുറയ്ക്ക് അവസരങ്ങളുടെ അനന്തമായ സാധ്യതകൾ തുറന്നിടുകയും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്തു. കാർഷികരംഗത്ത് തോട്ടവിളകൾക്ക് പ്രാധാന്യമുണ്ടായിരുന്ന കഴിഞ്ഞ ദശകങ്ങളിൽ ക്രയവിക്രയ ശേഷി വർദ്ധിച്ചത് പ്രദേശത്തിന്റെ സ്വാഭാവിക പുരോഗതിക്ക് കാരണമായി.

എന്നാൽ ആധുനിക കൃഷിരീതികളോ, കാർഷിക സംഭരണശാലകളോ, വ്യവസായശാലകളോ പുതിയ തൊഴിലവസരങ്ങളോ പൊതുമേഖലയിൽ സൃഷ്ടിക്കപ്പെട്ടില്ല. ഹൈറേഞ്ചിന്റെ പ്രവേശനകവാടമായ, സുഗന്ധദ്രവ്യങ്ങളുടെ വിപണനകേന്ദ്രമായ പാലാ അതിന്റെ സ്വാഭാവിക പ്രൗഢിക്കനുസൃതമായി വികസിച്ചതായി പറയാൻ കഴിയില്ല. ലേബർ ഇൻഡ്യ, ബ്രില്യന്റ്, കിസ്ക്കോ കരിയർ ഹൈലൈറ്റ്സ് പോലുള്ള സ്ഥാപനങ്ങളുടെ വളർച്ച പാലായെ കേരളത്തിന്റെ എൻട്രൻസ് കോച്ചിംഗ് മേഖലയുടെ കേന്ദ്രമാക്കി. എന്നാൽ അതിനനുസരിച്ച അടിസ്ഥാന സൗകര്യവികസനങ്ങൾ പാലായിൽ ഉണ്ടായോ എന്ന് സത്യസന്ധമായ വിലയിരുത്തൽ നടത്തേണ്ടതുണ്ട്. **വികസന മുൻഗണനാക്രമം നിശ്ചയിച്ച് വിവിധ തലങ്ങളിലെ ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ, രാഷ്ട്രീയപ്രവർത്തകർ, സാമൂഹ്യപ്രവർത്തകർ എന്നിവരിൽ നിന്നും അഭിപ്രായ സമന്വയമുണ്ടാക്കി മുന്നോട്ട് പോകാൻ ശ്രമിക്കും.**

ഗതാഗതസൗകര്യ വികസനത്തിനുള്ള റോഡുകൾ, പാലങ്ങൾ, 'ആർദ്രം' പദ്ധതി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്ത് വിശിഷ്യാ സർക്കാർ ആതുരാലയങ്ങളുടെ സമഗ്ര വികസനം, മീനച്ചിലാറിന്റെ ജലസമൃദ്ധി ഉപയോഗപ്പെടുത്തി മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കൽ, സർക്കാർ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനം എന്നീ മേഖലകൾക്ക് മുന്തിയ പരിഗണന നൽകും. 'ലൈഫ്' പദ്ധതിയുടെ സഹായത്തോടെ ഭവനരഹിതരായവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണും. സാധാരണക്കാരും കർഷകരുമായ ജനങ്ങൾക്ക് അവരുടെ അപേക്ഷകളും പരാതികളും നിർദ്ദേശങ്ങളും എപ്പോൾ വേണമെങ്കിലും സമർപ്പിക്കുവാനായി പാലായിൽ ഒരു എം.എൽ.എ. ഓഫീസ് തുറന്നു.

കാർഷികരംഗത്തിന്റെ ആധുനികവൽക്കരണം, കാർഷികോത്പ്പന്നങ്ങളുടെ സംഭരണം, കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ, സ്പോർട്സ് ഫിലിം സിറ്റി, ടൂറിസം വികസനം എന്നിവയ്ക്കു പ്രത്യേക പരിഗണന നൽകും. പട്ടണത്തിന്റെ സമഗ്രവികസനത്തിനും മണ്ഡലത്തിന്റെ വികസനത്തിനും പ്രത്യേകം മാസ്റ്റർ പ്ലാൻ തയ്യാറാക്കും. വികസനത്തിൽ രാഷ്ട്രീയഭേദമുണ്ടാകില്ല. പുതിയ പദ്ധതികളും ഓഫീസുകളും സ്ഥാപിക്കുന്നത് പ്രാദേശികവൽക്കരിച്ച് പട്ടണത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ച് സ്ഥലലഭ്യത ഉറപ്പാക്കി വികസനമുരടിപ്പിന് അറുതി വരുത്തും. പ്രതിസന്ധികളോട് പട വെട്ടി മുന്നേറുന്ന കർഷകന്റെ മനസ്സുള്ള ഒരു സർവ്വോപരി പാലാക്കാരനാണ് ഞാൻ.

***കേരളം വളരുന്നു പശ്ചിമഘട്ടങ്ങളെ കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ***

എന്ന മഹാകവി പാലാ നാരായണൻ നായരുടെ വരികൾ പാലായുടെ കാര്യത്തിൽ അന്വർത്ഥമാക്കാനാണ് എനിക്കിഷ്ടം.

**രാഷ്ട്രീയരംഗത്തെ പ്രവർത്തനം സിനിമാ കലാരംഗത്ത് സഹായകരമായിട്ടുണ്ടോ?**

അടിസ്ഥാനപരമായി ഞാൻ ഒരു സ്പോർട്സ്മാനാണ്. വിജയത്തേയും പരാജയത്തേയും സ്പോർട്സ്മാൻ സ്പിരിറ്റോടെ കാണാൻ അതുകൊണ്ട് തന്നെ എനിക്കു കഴിയുന്നു. മത്സരരംഗത്ത് എതിർചേരിയിൽ നിൽക്കുന്നവരെ പ്രതിയോഗികളായല്ല; നമ്മുടെ കഴിവുകൾ അതിന്റെ പാരമ്യത്തിൽ പുറത്തെടുക്കാൻ സഹായിക്കുന്നവരായി കാണാൻ അതുകൊണ്ട് തന്നെ എനിക്കു കഴിയാറുണ്ട്. മത്സരം വ്യക്തികൾ തമ്മിലല്ല, ആശയങ്ങളും നിലപാടുകളും തമ്മിലാണ്. വ്യക്തികൾ കേവലം പ്രതിനിധികൾ മാത്രമാണ്. പ്രകാശം പരക്കുമ്പോൾ അന്ധകാരം അലിഞ്ഞില്ലാതാകുന്നതുപോലെ പിൻതിരിപ്പൻ ആശയങ്ങൾ പുരോഗമന ആശയങ്ങൾക്ക് വഴിമാറിയേ തീരൂ.

രാഷ്ട്രീയപ്രവർത്തന പാരമ്പര്യമുള്ള ഒരു കുടുംബത്തിലെ അംഗം എന്ന നിലയിൽ എനിക്കു ലഭിച്ച അവസരങ്ങൾ എന്റെ കലാകായിക സംസ്കാരത്തെ തീർച്ചായും സ്വാധീനിച്ചിട്ടുണ്ട്. സാധാരണക്കാരുടെ പ്രശ്നങ്ങൾ അവർക്കു മനസ്സിലാകുന്ന രീതിയിൽ നർമ്മരസ പ്രധാനമായി ദൃശ്യവൽക്കരിക്കാൻ എനിക്കത് സഹായകരമായി. പ്രതിസന്ധികളിൽ തളരാതെ ഊർജ്ജവും , പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിനുള്ള പ്രചോദനവും അതെനിക്ക് പ്രദാനം ചെയ്യുന്നു. രാഷ്ട്രീയ പ്രവർത്തനം തീർച്ചയായും എന്നിലെ കലാകാരന്റെ പൂർണ്ണതയിലേയ്ക്കുള്ള യാത്രയിൽ ഊന്നുവടിയായിരുന്നു.

# തെരഞ്ഞെടുപ്പിന്റെ നേരനുഭവം പകർന്ന് ഞെക്കാട് സ്കൂൾ

പൊതുതെരഞ്ഞെടുപ്പിന്റെ മാതൃകയിൽ വർക്കലയ്ക്കടുത്ത് ഞെക്കാട് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ നടത്തിയ 2019-ലെ സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ് വൈവിധ്യങ്ങൾ കൊണ്ട് ശ്രദ്ധേയമായി. 3000ത്തിലധികം കുട്ടിവോട്ടർമാർക്ക് വേണ്ടി 250ലധികം പോളിംഗ് ഉദ്യോഗസ്ഥരും സുരക്ഷാ ഉദ്യോഗസ്ഥരും തെരഞ്ഞെടുപ്പ് ജോലികളിൽ പങ്കാളികളായി. രാവിലെ എട്ട് മണി മുതൽ സ്കൂളിൽ ഒരുക്കിയ പ്രത്യേക കളക്ഷൻ സെന്ററിൽ നിന്ന് പോളിംഗ് സാമഗ്രികൾ ഉദ്യോഗസ്ഥർ




ഏറ്റുവാങ്ങി. സുരക്ഷാ ഉദ്യോഗസ്ഥരുടെ ചുമതലയുണ്ടായിരുന്ന എൻ. സി. സി കേഡറ്റുകളുടെ സഹായത്തോടെയാണ് പോളിംഗ് ഉദ്യോഗസ്ഥർ ബൂത്തുകളിലേക്ക് എത്തിയത്. ഓരോ ബൂത്തിലും മൂന്ന് പോളിംഗ് ഉദ്യോഗസ്ഥരും ഒരു പ്രിസൈഡിംഗ് ഓഫീസറും നാല് പോളിംഗ് ഏജന്റുമാരും ഉണ്ടായിരുന്നു.

വിവിധ ബൂത്തുകളിൽ തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ പങ്കെടുത്തവർ പോസ്റ്റൽ ബാലറ്റിലൂടെയാണ് വോട്ട് രേഖപ്പെടുത്തിയത്. നൂറിലധികം പോളിംഗ് ബൂത്തുകളാണ് വിഎച്ച്എസ്ഇ, ഹയർസെക്കൻഡറി, ഹൈസ്കൂൾ, യു.പി വിഭാഗങ്ങളിലെ വോട്ടർമാർക്കായി ഒരുക്കിയിരുന്നത്. പല ബൂത്തുകളിലും വോട്ടർമാരുടെ നീണ്ട നിര തന്നെ ഉണ്ടായി. തിരിച്ചറിയൽ രേഖയുടെ സഹായത്തോടെ വോട്ട് ചെയ്ത വിദ്യാർത്ഥികളുടെ കൈവിരലിൽ മഷി പുരട്ടുകയും സ്ഥാനാർത്ഥിയുടെ പേര് അച്ചടിച്ച ബാലറ്റും സീലും നൽകുകയും ചെയ്തു .വോട്ട് എണ്ണി തിട്ടപ്പെടുത്തി പോളിംഗ് ഉദ്യോഗസ്ഥർ തിരികെ കളക്ഷൻ സെന്ററിൽ എത്തിച്ചു. അന്നേ ദിവസം 2.30 ന് സ്കൂൾ പാർലമെൻറ് യോഗം കൂടി ഭാരവാഹികളെയും തെരഞ്ഞെടുത്തു. തെരഞ്ഞെടുത്ത പ്രതിനിധികൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്തു.

എൻ. സി. സി, ജെ. ആർ. സി, ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് എന്നിവയിലെ കുട്ടികൾക്കായിരുന്നു സുരക്ഷാ ചുമതല. 2800ലധികം കുട്ടികളാണ് അവരുടെ സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിനു വേണ്ടി വിവിധ ബൂത്തുകളിൽ എത്തിയത്. തൽസമയ വാർത്ത അവതരണം, കളക്ഷൻ സെന്ററിലെ മൈക്ക് അനൗൺസ്മെൻറ്, തൽസമയ ചിത്രപ്രദർശനം , മീഡിയ സെന്റർ, തെരഞ്ഞെടുപ്പ് നിരീക്ഷക സംഘം എന്നിവ കുട്ടികൾക്ക് വേറിട്ട അനുഭവമായി. പി. ടി. എ. പ്രസിഡന്റ് കെ.ഷാജികുമാർ, പ്രിൻസിപ്പൽമാരായ ആർ.പി.ദിലീപ്, എം.ആർ. മധു, ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ് സുമ എസ്., മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ മണിയമ്മ കെ എന്നിവർ സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി. തെരഞ്ഞെടുപ്പ് പ്രക്രിയ നേരിട്ട് കാണുന്നതിനായി ഒട്ടനവധി രക്ഷകർത്താക്കളും നാട്ടുകാരും സ്കൂളിൽ എത്തിയിരുന്നു. പൊതു തെരഞ്ഞെടുപ്പിന്റെ മാതൃകയിൽ നടത്തിയ 2019ലെ സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ് ഒരു മാതൃകാപഠന പ്രവർത്തനമായി.

**നാളെയുടെ പൗരന്മാരായ വിദ്യാർത്ഥികൾക്ക് ജനാധിപത്യ പ്രക്രിയയെക്കുറിച്ച് അനുഭവിച്ചറിയാൻ ഉതകുന്ന തരത്തിൽ മാതൃകാപരമായി തെരഞ്ഞെടുപ്പ് നടത്തിയ ഞെക്കാട് വി.എച്ച്.എസ്.എസ്. അധികൃതരുടെ നടപടി അനുകരണീയവും അഭിനന്ദനാർഹവുമാണ്. മൂവായിരത്തിലധികം കുട്ടി വോട്ടർമാർ, ഇരുന്നൂറ്റി അൻപതിലധികം പോളിംഗ് ഉദ്യോഗസ്ഥർ, സുരക്ഷാ ഉദ്യോഗസ്ഥർ, വോട്ടിംഗ് കഴിഞ്ഞ് ചൂണ്ടുവിരലിൽ പുരണ്ട മഷിയുമായി വീട്ടിലേക്കു പോകുന്ന നാളെയുടെ പൗരന്മാർ, ജനാധിപത്യ പ്രക്രിയയെ അടുത്തറിഞ്ഞ് നാടിന്റെ വികസനത്തിൽ വലിയ പങ്ക് വഹിക്കാൻ ഇവർക്കാകും എന്നത് നിസ്തർക്കമാണ്"**



**ബി. സത്യൻ,
എം.എൽ.എ**

**'പൊതുതെരഞ്ഞെടുപ്പ് മാതൃകയിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തി കുഞ്ഞുമനസ്സുകളിൽ ജനാധിപത്യത്തിന്റെ മഹത്വത്തെക്കുറിച്ച് ബോധവത്കരണം നടത്താനുള്ള ശ്രമം അങ്ങേയറ്റം അഭിനന്ദനാർഹമാണ്. ഒന്നുമില്ലായ്മയിൽ നിന്നു എന്തെങ്കിലുമൊക്കെയാകാൻ ഞങ്ങളെ പ്രാപ്തമാക്കിയത് ഞെക്കാട് സ്കൂളിന്റെ അറിവോരങ്ങളിലൂടെയുള്ള സഹയാത്രകളാണ്. ഗ്രാമത്തിന്റെ നന്മയും വിശുദ്ധിയും കാത്തു സൂക്ഷിക്കുന്ന ഈ സരസ്വതിക്ഷേത്രം കുട്ടികളുടെ സർഗ്ഗശേഷി പരിപോഷിപ്പിക്കുവാനും നിതാന്തജാഗ്രത പുലർത്താറുണ്ട്. ക്ലാസ് മുറികളിൽ നിന്ന് സമൂഹവിഹായസ്സിലേക്ക് ചിറകുവിരിച്ച പറക്കാൻ കുഞ്ഞുങ്ങൾക്ക് പാഠങ്ങൾ പകർന്നു നൽകുന്ന ഈ വിദ്യാലയം ഒത്തൊരുമയുടെ ഉദാത്ത മാതൃക കൂടിയാണ്.'**



**ഡോ.വി.മണികണ്ഠൻ നായർ,
പ്രിൻസിപ്പൽ, ഗവ.കോളേജ്,
ആറ്റിങ്ങൽ(പൂർവ്വ വിദ്യാർത്ഥി)**

# കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ 64-ാമത് കോൺഫറൻസ്





കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷന്റെ 64-ാമത് സമ്മേളനം 2019 സെപ്തംബർ 22 മുതൽ 29 വരെ ഉഗാണ്ടയുടെ തലസ്ഥാനമായ കമ്പാലയിലെ മുനിയോനോ കോമൺവെൽത്ത് റിസോർട്ടിൽ നടന്നു. 'Adaption, Engagement and Evolution of Parliament in a Rapidly changing Commonwealth' എന്നതായിരുന്നു സമ്മേളനത്തിന്റെ വിഷയം. സമ്മേളനത്തിന്റെ ഉദ്ഘാടനം സെപ്റ്റംബർ 26-ന് വിക്ടോറിയ തടാകത്തിനടുത്ത് സജ്ജീകരിച്ച ആഡിറ്റോറിയത്തിൽ ഉഗാണ്ടയുടെ പ്രസിഡന്റ് യൊവേരി കഗുത മുസവേനി നിർവ്വഹിച്ചു. കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷനിലെ 53 അംഗരാജ്യങ്ങളിൽ നിന്നും അഞ്ഞൂറോളം പാർലമെന്റ് അംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു.

കേരള നിയമസഭയെ പ്രതിനിധീകരിച്ച് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ, നിയമസഭാ സ്പെഷ്യൽ സെക്രട്ടറി സി.ജോസ് എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു.

പാർലമെന്റുകളുടെ പ്രവർത്തനത്തിന് ശാസ്ത്ര സാങ്കേതിക വിദ്യ നിലവിൽ എത്രത്തോളം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്നും ഏതെല്ലാം മേഖലകളിലാണ് പുതിയ പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നത് എന്നതും സമ്മേളനം ചർച്ച ചെയ്തു. കേരളം, ഹിമാചൽ പ്രദേശ്, തെലങ്കാന എന്നീ നിയമസഭകളുടെ സ്പീക്കർമാർ അതത് നിയമസഭകളിൽ ഐ.ടി, ഓൺലൈൻ സംവിധാനങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച് വിശദീകരിച്ചു. ലോക്സഭാ സ്പീക്കർ ഓം ബിർളയും സമ്മേളനത്തിൽ പ്രതിനിധിയായിരുന്നു.

കേരള നിയമസഭയിൽ നടപ്പാക്കി വരുന്ന കടലാസ് രഹിത ഇ- നിയമസഭ, സഭാ ടി.വി, ജനാധിപത്യം- പൗരബോധം എന്നിവ വളർത്തുന്നതിനുള്ള പരിപാടികൾ സംപ്രേഷണം ചെയ്യുന്നതിനുള്ള പദ്ധതി, ഫെസ്റ്റിവൽ ഓൺ ഡെമോക്രസി തുടങ്ങിയവ സംബന്ധിച്ച് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ സംസാരിച്ചു.

'തൊഴിലില്ലായ്മ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ' എന്ന സെഷനിൽ ജി.ഡി.പി. എന്ന സങ്കൽപ്പത്തിന് പകരം 'Gross Domestic Happiness' എന്ന പുതിയ സങ്കൽപ്പത്തിന് രൂപം നൽകണമെന്ന് സ്പീക്കർ അഭിപ്രായപ്പെട്ടു. ഈ നിർദ്ദേശം പ്രതിനിധികൾ സ്വാഗതം ചെയ്യുകയുണ്ടായി.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടു. സമ്മേളനത്തിന്റെ ഭാഗമായി നടന്ന ആറാമത് ത്രൈവാർഷിക കോമൺവെൽത്ത് വിമൻ പാർലമെന്റേറിയൻസ് കോൺഫറൻസ് ചെയർപേഴ്സണും മലേഷ്യയിലെ പാർലമെന്റംഗവുമായ ഡോ.ഡാറ്റോ നൊറൈനി അഹമദ് ഉദ്ഘാടനം ചെയ്തു.

സമ്മേളന പ്രതിനിധികൾ നൈൽ നദിയുടെ ഉത്ഭവസ്ഥാനമായ ഉഗാണ്ടയിലെ 'ജിൻജ' സന്ദർശിക്കുകയുണ്ടായി. തലസ്ഥാനമായ കമ്പാലയിൽ നിന്ന് 60 കിലോമീറ്റർ അകലെയുള്ള ജിൻജയിലെ നൈൽ നദിയിൽ മഹാത്മാഗാന്ധിയുടെ ചിതാഭസ്മം നിമജ്ജനം ചെയ്തിട്ടുണ്ട്. ഇതിന്റെ സ്മരണയ്ക്കായി നദിക്കരയിൽ സ്ഥാപിച്ച ഗാന്ധിജിയുടെ അർദ്ധകായ പ്രതിമ മുൻ പ്രധാനമന്ത്രി ഐ.കെ. ഗുജ്റാൾ ആണ് അനാച്ഛാദനം ചെയ്തത്. ഉഗാണ്ടയിലെ 'കാഗ്ള ഹിൽസ്' എന്ന ഗ്രാമപ്രദേശം സന്ദർശിച്ച് ചെറിയ മൺകുടിലുകളിൽ താമസിക്കുന്ന ഗ്രാമീണരുമായി സന്ദർശക സംഘം ആശയവിനിമയം നടത്തി.



കാഗ്ള ഹിൽസ്

# പതിനാലാം കേരള നിയമസഭയിൽ പുതുമുഖങ്ങൾ

**അഞ്ച് നിയോജക മണ്ഡലങ്ങളിലേക്ക് ഒക്ടോബർ 21 ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച എം.എൽ.എ. മാർ സത്യപ്രതിജ്ഞ ചെയ്തു. കെ.യു.ജനീഷ് കുമാർ (കോന്നി), എം.സി.കമറുദ്ദീൻ (മഞ്ചേശ്വരം), വി.കെ.പ്രശാന്ത് (വട്ടിയൂർക്കാവ്), ഷാനിമോൾ ഉസ്മാൻ (അരൂർ), ടി.ജെ.വിനോദ് (എറണാകുളം) എന്നിവരാണ് പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ . പതിനാറാം സമ്മേളനത്തിന്റെ ആദ്യ ദിനമായ 2019 ഒക്ടോബർ 28-ാം തിയതി ചോദ്യോത്തര വേളയ്ക്ക് ശേഷം നിയമസഭാ ചേമ്പറിൽ സ്പീക്കറുടെ മുമ്പാകെ പുതിയ എം.എൽ.എ.മാർ സത്യപ്രതിജ്ഞ ചെയ്തു.**

**കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യമുന്നണി വിജയിച്ച നാലു സീറ്റിലും ഇടതുപക്ഷ ജനാധിപത്യമുന്നണി വിജയിച്ച ഒരു സീറ്റിലുമാണ് ഉപതെരഞ്ഞെടുപ്പ് നടന്നത്. ലോക്സഭാംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട അടൂർ പ്രകാശ്, കെ.മുരളീധരൻ, എ.എം.ആരിഫ്, ഹൈബി ഈഡൻ എന്നിവർ രാജിവച്ച ഒഴിവിലും പി.ബി.അബ്ദുൾ റസാഖ് എം.എൽ.എ.യുടെ മരണത്തെ തുടർന്ന് ഉണ്ടായ ഒഴിവിലുമാണ് ഉപതെരഞ്ഞെടുപ്പ് നടന്നത്. ഉപതെരഞ്ഞെടുപ്പിലൂടെ സഭയിലെത്തിയ അഞ്ചുപേരും ആദ്യമായാണ് സഭാംഗമാകുന്നത്. അഞ്ച് സീറ്റുകളിലേയ്ക്ക് ഒരേസമയം ഉപതെരഞ്ഞെടുപ്പ് നടത്തുന്നത് കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമാണ്.**

**പുതിയ നിയമസഭാംഗങ്ങൾ 'അറിവോര'ത്തിന് നൽകിയ പ്രതികരണത്തിലൂടെ**

## ഷാനിമോൾ ഉസ്മാൻ

*'വളരെ പ്രതീക്ഷയോടെയാണ് നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തത്. അരൂർ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ അഭിമാനം ഉയർത്തിപ്പിടിക്കേണ്ടത് എന്റെ കർത്തവ്യമാണെന്ന്*



*ഞാൻ വിശ്വസിക്കുന്നു.*

*വികസനപരമായ കാര്യങ്ങളിലും അടിസ്ഥാന ജീവിത സൗകര്യങ്ങൾ ഉയർത്തുന്നതിലും മുഴുവൻ സമയം മാറ്റി വയ്ക്കേണ്ടതായുണ്ട്. ഒപ്പം നിയമ നിർമ്മാണത്തിൽ കൃത്യമായ ഇടപെടലുകൾ നടത്തേണ്ടത് ഭരണഘടനാപരമായ ഉത്തരവാദിത്തവുമാണ്. പുതിയ അംഗം എന്ന നിലയിൽ വളരെ പെട്ടെന്ന് ചട്ടങ്ങളും നിയമങ്ങളും പഠിച്ചെടുക്കുക എന്നതാണ് നേരിടുന്ന പ്രധാന വെല്ലുവിളി. പരമാവധി നേരത്തെ പഠിച്ചെടുക്കാനുള്ള പരിശ്രമം നടത്തി വരികയാണ്.*

*ജനങ്ങൾ വലിയ പ്രതീക്ഷയാണ് വച്ചു പുലർത്തുന്നത്. വെറും ഒന്നരവർഷം മാത്രമാണെനിക്കുള്ളത്. ഈ സമയപരിമിതി ഉൾക്കൊണ്ടുകൊണ്ട് പരമാവധി ജനങ്ങൾക്കൊപ്പം നിൽക്കുക എന്നതാണ് എന്റെ ദൗത്യം...'*

ആലപ്പുഴയിലെ ആലിശ്ശേരി വാർഡ് സ്വദേശിയും എം.എ., എൽ.എൽ.ബി. ബിരുദധാരിയും ആയ ഷാനിമോൾ ഉസ്മാൻ എ.ഐ.സി.സി. അംഗവും കെ.പി.സി.സി. യുടെ രാഷ്ട്രീയകാര്യ സമിതി അംഗവുമാണ്. ആലപ്പുഴ മുനിസിപ്പൽ ചെയർപേഴ്സൺ, ആലപ്പുഴ ജില്ലാ പഞ്ചായത്തംഗം, കേരള യൂണിവേഴ്സിറ്റി സെനറ്റംഗം, കേരള യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. 2006 ൽ പെരുമ്പാവൂരിൽ നിന്നും 2016 ൽ ഒറ്റപ്പാലത്തു നിന്നും നിയമസഭാ തെരഞ്ഞെടുപ്പിൽ മൽസരിച്ചിട്ടുണ്ട്. യു.എസ്.എ., യു.എ.ഇ., ഒമാൻ, സിംഗപ്പൂർ, മലേഷ്യ, ബഹ്റൈൻ എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

## വി.കെ.പ്രശാന്ത്

*'നിയമസഭാ സാമാജികനായി ആദ്യമായി നിയമസഭ ഹാളിൽ*



*എത്തിയ നിമിഷം ഒരിക്കലും മറക്കാനാവാത്തതാണ്. സത്യപ്രതിജ്ഞ ചെയ്തതിന് ശേഷമുള്ള ആദ്യ രണ്ട് ദിവസവും സഭ നേരത്തെ പിരിഞ്ഞതിനാൽ മൂന്നാം ദിവസം ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട ഉപചോദ്യത്തിലൂടെയാണ് സഭാ രേഖകളിൽ ആദ്യമായി എന്റെ പേര് എഴുതിച്ചേർക്കപ്പെട്ടത്.*

*ഏറെ പിന്നാക്കാവസ്ഥയിലുള്ള വട്ടിയൂർക്കാവ് മണ്ഡലത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുക എന്ന വെല്ലുവിളിയാണ് ഏറ്റെടുക്കാനുള്ളത്. വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം, പേരൂർക്കട ജംഗ്ഷനിലെ ട്രാഫിക് ക്രമീകരണം മെച്ചപ്പെടുത്തൽ, ഊളമ്പാറ മാനസികാരോഗ്യ കേന്ദ്രത്തിന്റെ നവീകരണം, പേരൂർക്കട മാർക്കറ്റ് പുനരുദ്ധാരണം തുടങ്ങി നിരവധി വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. വട്ടിയൂർക്കാവിന്റെ സമഗ്ര വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ യുവജനശക്തി പ്രയോജനപ്പെടുത്തുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതാണ്.'*

തിരുവനന്തപുരം കഴക്കൂട്ടത്ത് ജനിച്ച വി.കെ.പ്രശാന്ത് തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിൽ നിന്ന് ബിരുദമെടുത്തു. പേരൂർക്കട ലോ-അക്കാദമിയിൽ നിന്ന് നിയമബിരുദമെടുക്കുകയും അഭിഭാഷകനായി പ്രവർത്തിക്കുകയും ചെയ്തു. എസ്.എഫ്.ഐ.യിലൂടെ പൊതുപ്രവർത്തനമാരംഭിച്ച വി.കെ.പ്രശാന്ത് കഴക്കൂട്ടം ഗ്രാമപഞ്ചായത്തംഗമായിരുന്നു. 2015 മുതൽ തിരുവനന്തപുരം കോർപ്പറേഷൻ മേയറായി പ്രവർത്തിച്ചു വരികയായിരുന്നു.

## കെ.യു.ജനീഷ് കുമാർ

*'സർക്കാരുമായി ചേർന്ന് നിരവധി വികസന പ്രവർത്തനങ്ങൾ*



*കോന്നിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കോന്നി മെഡിക്കൽ കോളേജിന്റെ പൂർത്തീകരണം, കർഷകരുടെ ജീവൽ പ്രശ്നങ്ങളിൽ പരിഹാരം കാണുക, വന്യമൃഗ ശല്യത്തിന് അറുതി വരുത്തുക, റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുക, ടൂറിസം കേന്ദ്രങ്ങളുടെ വികസനം തുടങ്ങിയവ അടിയന്തര ശ്രദ്ധ അർഹിക്കുന്ന വിഷയങ്ങളാണ്. പ്രഗൽഭമതികളായ നിരവധി ജനപ്രതിനിധികൾ അംഗമായ സഭയിൽ ഒരു സാമാജികനാകാൻ കഴിഞ്ഞതിൽ അഭിമാനവും സന്തോഷവുമുണ്ട്.'*

പത്തനംതിട്ട ജില്ലയിലെ സീതത്തോട് സ്വദേശിയായ സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും നിയമബിരുദവും ഉള്ള കെ.യു.ജനീഷ് കുമാർ പത്തനംതിട്ട ബാറിലെ അഭിഭാഷകനാണ്. നിലവിൽ സി.പി.ഐ (എം) പത്തനംതിട്ട ജില്ലാ കമ്മിറ്റി അംഗം, ഡി.വൈ. എഫ്.ഐ. സംസ്ഥാന വൈസ് പ്രസിഡന്റ്, എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. എസ്.എഫ്.ഐ. ജില്ലാ സെക്രട്ടറി, ഡി.വൈ. എഫ്.ഐ. ജില്ലാ സെക്രട്ടറി, എം.ജി. സർവ്വകലാശാല യൂണിയൻ ജനറൽ സെക്രട്ടറി, സംസ്ഥാന യുവജന കമ്മീഷൻ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 2010-ൽ സീതത്തോട് ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായിരുന്നു. റഷ്യയിൽ നടന്ന ലോകയുവജന സമ്മേളനത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു.

## ടി.ജെ.വിനോദ്

*'പുതുമുഖ എം.എൽ.എ. ആയി കടന്നുവന്ന എന്നെ വലിയ പ്രതീക്ഷകളോടെയാണ് മണ്ഡലത്തിലെ ജനങ്ങൾ നോക്കി കാണുന്നത്. സത്യസന്ധതയും ആത്മാർത്ഥതയും കൈമുതലാക്കി മാതൃകാപരമായ ഒരു പ്രവർത്തനം നിയമസഭയിൽ*



*കാഴ്ചവയ്ക്കാൻ സാധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഒരുപാട് പ്രഗൽഭമതികളായ വ്യക്തികൾ പ്രതിനിധാനം ചെയ്യുന്ന ഈ സഭയിൽ അംഗമാകാൻ കഴിഞ്ഞത് ഭാഗ്യമായി കരുതുന്നു. നിയമസഭാ നടപടികളും ചട്ടങ്ങളും എത്രയും വേഗം മനസ്സിലാക്കി നല്ലൊരു പാർലമെന്റേറിയനാകുക എന്നതാണ് എന്റെ ആഗ്രഹം'*

കൊച്ചി തമ്മനം സ്വദേശിയായ ടി.ജെ.വിനോദ് ബി.കോം ബിരുദധാരിയാണ്. കളമശ്ശേരി സെന്റ് പോൾസ് കോളേജ് യൂണിയൻ ചെയർമാൻ, യൂത്ത് കോൺഗ്രസ്സ് ജില്ലാ ജനറൽ സെക്രട്ടറി, എറണാകുളം ഡി.സി. സി. പ്രസിഡന്റ്, ജില്ലാ ആർച്ചറി അസോസിയേഷൻ പ്രസിഡന്റ്, കൊച്ചി മുനിസിപ്പൽ കൗൺസിലർ, ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

## എം.സി.കമറുദ്ദീൻ

*'മഹാരഥന്മാരായ നേതാക്കൾ ചരിത്രത്തിന്റെ ഭാഗമായി മാറിയ ഒരു മഹാസഭയാണിത്. അവർ ഇരുന്ന കസേരയിലിരിക്കാൻ കഴിയുക എന്നത് വലിയ അംഗീകാരം തന്നെയാണ്. മുമ്പൊരിക്കൽ ഗ്യാലറിയിൽ നിന്നും നിയമസഭ കണ്ടുകൊണ്ടിരിക്കുമ്പോൾ, ഒരു എം.എൽ.എ. മാനവമൈത്രിയെക്കുറിച്ച് സംസാരിക്കുകയായിരുന്നു. അന്ന് ഞാൻ ആലോചിച്ചത് ഞാനായിരുന്നെങ്കിൽ അവിടെ ഒരു മാനവമൈത്രിയുടെ കവിത ചൊല്ലുമായിരുന്നു എന്ന്. ഇന്നത് പ്രാവർത്തികമാക്കാൻ കഴിഞ്ഞു. സന്ദർഭത്തിനനുസരിച്ച് രണ്ട് വരി കവിത ചൊല്ലാൻ കഴിഞ്ഞു. എല്ലാംകൊണ്ടും ഒരു വഴിത്തിരിവായി മാറി ഈ ഉപതെരഞ്ഞെടുപ്പ്. കേരളത്തിലെയും കർണ്ണാടകത്തിലെയും പ്രമുഖരായ പലരേയും പരിചയപ്പെടാൻ കഴിഞ്ഞു.എന്നിൽ അർപ്പിച്ച വിശ്വാസ്യത നിലനിർത്താൻ അനുഗ്രഹിക്കേണമേ*



*എന്ന ദൈവത്തോടുള്ള പ്രാർത്ഥനയാണെന്നും എന്റെ മനസ്സിൽ.'*

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിനടുത്ത് എടച്ചാക്കൈ ഗ്രാമത്തിലാണ് എം.സി.കമറുദ്ദീൻ ജനിച്ചത്. എം.എസ്.എഫിലൂടെ പൊതുപ്രവർത്തനരംഗത്തു വന്ന അദ്ദേഹം യൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ്, മുസ്ലീം ലീഗ് ജില്ലാ പ്രസിഡന്റ്, ജില്ലാ പഞ്ചായത്തംഗം, കരകൗശല വികസന കോർപ്പറേഷൻ ചെയർമാൻ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. യു.എ.ഇ., സൗദി അറേബ്യ, ഖത്തർ, കുവൈറ്റ്, ഇസ്രയേൽ, മലേഷ്യ, ഹോങ്കോങ് തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

# കോഫി ഹൗസിൽ പുതുചരിത്രമെഴുതി വനിതകൾ

രുചിയും മണവുമുള്ള ഭക്ഷണ പാനീയങ്ങൾ വൃത്തിയോടെ പകർന്നു നൽകി ഏവരുടേയും മനസ്സിൽ ചേക്കേറിയ ഇന്ത്യൻ കോഫി ഹൗസിന്റെ കേരള ചരിത്രത്തിൽ ഇടം പിടിച്ച് ഏഴ് വനിതകൾ. തങ്ങളുടെ പ്രിയപ്പെട്ടവരുടെ വിയോഗത്തിൽ ഇരുളടഞ്ഞു പോയ ജീവിതത്തിൽ ആശ്രിത നിയമനം വഴി പ്രത്യാശയുടെ നറുങ്ങ് വെട്ടത്തിലേക്ക്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇന്ത്യൻ കോഫി ഹൗസിന്റെ 61 വർഷത്തെ കേരള ചരിത്രത്തിൽ അതിന്റെ പ്രവർത്തന സമയം സ്ത്രീ ജീവനക്കാരെ ഒഴിവാക്കുന്നതിന് കാരണമായിരുന്നു. ആ ചരിത്രമാണ് ഏതാനും സ്ത്രീകളുടെ ഇച്ഛാശക്തിക്കു മുമ്പിൽ മാറ്റിയെഴുതപ്പെട്ടത്.



ഷീനയും ശ്രീക്കുട്ടിയും കോഫി ഹൗസിൽ

കേരളത്തിലാകമാനം ഇന്ത്യൻ കോഫി ഹൗസുകളിൽ നിയമിതരായ ഏഴ് വനിതകളിൽ രണ്ടുപേർ എം.എൽ.എ. ഹോസ്റ്റലിലാണ്. തങ്ങളുടെ കുടുംബനാഥൻമാർ ജോലി ചെയ്തിരുന്ന കോഫി ഹൗസിൽ ജോലിയിൽ പ്രവേശിച്ചതിന്റെ ആഹ്ലാദത്തിലാണ് ഷീനയും ശ്രീക്കുട്ടിയും.

ഭർത്താവിന്റെ ആകസ്മിക വിയോഗത്തെത്തുടർന്ന് ഭർതൃമാതാവും മകളും അടങ്ങുന്ന കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവന്ന തിരുവനന്തപുരം, കല്ലയം സ്വദേശി ഷീന ആശ്രിത നിയമനം വഴി കോഫി ഹൗസിലെ ജോലിക്കായി മുട്ടാത്ത വാതിലുകളില്ല. പിതാവിന്റെ ചികിത്സാർത്ഥം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിയ ഷീനയ്ക്ക് ഒരു നിമിത്തം പോലെ ട്രാഫിക് വാർഡന്റെ ജോലി ലഭിച്ചു. എങ്കിലും ഒരു സ്ഥിര വരുമാനത്തിനായുള്ള ശ്രമം തുടർന്നു കൊണ്ടിരുന്നു. കോഫി ഹൗസിലെ ആശ്രിത നിയമനത്തിനായുള്ള തടസ്സം നീക്കിക്കിട്ടുക എന്നതായിരുന്നു ആദ്യ കടമ്പ. അതിനായി മുഖ്യമന്ത്രിയുടെ ഓഫീസിൽ അപേക്ഷ നൽകി. ആ അപേക്ഷയിന്മേൽ വ്യവസായ വകുപ്പ് കൈക്കൊണ്ട മേൽ നടപടികളുടെ ഫലമാണ് ഷീനയും ശ്രീക്കുട്ടിയുമുൾപ്പെടെ ഏഴുപേരെ ഇന്ത്യൻ കോഫി ഹൗസിന്റെ തലപ്പാവണിയിച്ചത്. ഇതിനു സഹായിച്ച വ്യവസായ വകുപ്പ് ഉദ്യോഗസ്ഥനെ നന്ദിയോടെ ഓർമ്മിച്ചു കൊണ്ടായിരുന്നു ഷീന 'അറിവോര'ത്തിനോട് സംസാരിച്ചത്. ഷീനയ്ക്ക് രണ്ട് വർഷത്തോളം കാത്തിരിക്കേണ്ടി വന്നെങ്കിലും ഭർത്താവ് മരിച്ച് നാല് മാസത്തിനകം തന്നെ ശ്രീക്കുട്ടിക്ക് ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞു. തിരുവനന്തപുരം, പുന്നക്കുളം സ്വദേശിയായ ശ്രീക്കുട്ടിക്ക് രണ്ട് ആൺകുട്ടികളാണ്.

നിലവിൽ രാവിലെ 8 മുതൽ വൈകുന്നേരം 6 വരെയാണ് ജോലി സമയം ക്രമീകരിച്ചിരിക്കുന്നത്. സഹപ്രവർത്തകരുടെ പിന്തുണ ഇരുവരും എടുത്തു പറഞ്ഞു. സ്ത്രീകളാണെന്ന പേരിൽ ഒരിക്കലും ജോലിയിൽ വേർതിരിവ് പാടില്ല എന്ന ശക്തമായ നിലപാടിലാണ് ഇവർ. തൊഴിൽസ്ഥാപനം നിഷ്കർഷിക്കുന്ന പ്രവർത്തന സമയം, അത് 24 മണിക്കൂറാണെങ്കിലും അവിടെ നിയമിതരാകുന്നതിൽ നിന്നും വനിതകളെ ഒഴിവാക്കരുതെന്ന പക്ഷക്കാരാണ് ഇരുവരും. തങ്ങളുടെ കുടുംബങ്ങൾ താങ്ങായി നിന്നതുകൊണ്ടാണ് ഈ ജോലിയിൽ എത്തിപ്പെടാൻ കഴിഞ്ഞതെന്ന് രണ്ടുപേരും ഉറപ്പിച്ചു പറയുന്നു. പുതിയ പ്രവർത്തന മേഖലയാണെങ്കിലും സ്ഥിര വരുമാനം ഉറപ്പു നൽകുന്ന ജോലിയിലൂടെ ലഭിക്കുന്ന സുരക്ഷിതത്വം ഭാവി കരുപ്പിടിപ്പിക്കാൻ സഹായിക്കുമെന്ന ശുഭപ്രതീക്ഷയിലാണ് ഷീനയും ശ്രീക്കുട്ടിയും.



**'ചെറുതും വലുതുമായ ചില തൊഴിൽ മേഖലകളിൽ സ്ത്രീകളെ ഇപ്പോഴും മാറ്റി നിർത്തുന്നുണ്ട്. ഡ്രൈവർ ഉൾപ്പെടെയുള്ള ജോലികൾ സ്ത്രീകൾക്കായി തുറന്നു നൽകേണ്ടതുണ്ട്. കോഫി ഹൗസിൽ വനിതകളെ നിയമിക്കുന്നതിൽ സർക്കാർ മുൻകൈ എടുത്തത് അഭിനന്ദനാർഹമാണ്.'**

**ഇ.എസ്.ബിജിമോൾ** എം.എൽ.എ

## കോഫി ഹൗസ് .... അല്പം ചരിത്രം

ഓരോ മലയാളിയുടേയും രുചിയോർമ്മയിൽ ഗൃഹാതുരത്വം ഉണർത്തുന്ന ഒന്നാണ് ഇന്ത്യൻ കോഫിഹൗസ് റസ്റ്റോറന്റ് ശൃംഖല. യൂറോപ്യൻ ഭക്ഷണശാലകളുടെ ആഢ്യത്വത്തിലേക്കും ഉപചാരത്തിലേക്കും ഇന്ത്യയിലെ സാധാരണക്കാരൻ നടന്നു കയറിയത് ഇന്ത്യൻ കോഫി ഹൗസുകളിലൂടെയാണ്. കേരളത്തിന്റെ മുക്കിലും മൂലയിലും പ്രൗഢിയുടെ തലപ്പാവണിഞ്ഞ് നിൽക്കുന്ന ഇന്ത്യൻ കോഫി ഹൗസിന് ഒരു നൂറ്റാണ്ടോളം നീളുന്ന ചരിത്രത്തിന്റെ ഗരിമ കൂടിയുണ്ട്. ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിൽ 1940 കളിൽ സ്ഥാപിതമായ കോഫി ബോർഡ് ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ ഇന്ത്യൻ കോഫി ഹൗസ് ശൃംഖലയ്ക്ക് രൂപം കൊടുത്തു. 1957 ന്റെ അവസാനനാളുകളിൽ നഷ്ടത്തിലായ കോഫി ബോർഡ് അടച്ചുപൂട്ടാൻ തീരുമാനിക്കുകയും ആയിരത്തോളം ജീവനക്കാരുടെ ജീവിതമാർഗ്ഗം അടയുകയും ചെയ്തു. ഈ അവസരത്തിൽ എ.കെ. ഗോപാലന്റെ നേതൃത്വത്തിൽ ആൾ ഇന്ത്യാ കോഫിബോർഡ് ലേബർ യൂണിയൻ അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനെക്കണ്ട് തൊഴിലാളികളുടെ സഹകരണ സംരംഭമായി കോഫി ഹൗസുകൾ തുടർന്ന് പ്രവർത്തിക്കുന്നതിനുള്ള അനുമതി തേടി. ഇതിനെത്തുടർന്ന് ജബൽപൂർ ആസ്ഥാനമാക്കി ഇന്ത്യൻ കോഫി വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സ്ഥാപിക്കുകയും ഇന്ത്യൻ കോഫി ഹൗസ് ശൃംഖല ആരംഭിക്കുകയും ചെയ്തു.

കേരളത്തിൽ 1958 ൽ എ.കെ. ഗോപാലന്റെ പരിശ്രമത്തിൽ തൃശ്ശൂരിൽ കോഫി ബോർഡ് വർക്കേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥാപിക്കുകയും സ്വരാജ് റൗണ്ടിൽ ഇന്ത്യൻ കോഫി ഹൗസ് ശാഖ തുടങ്ങുകയും ചെയ്തു. അതേ വർഷം തന്നെ കണ്ണൂർ ആസ്ഥാനമായി മറ്റൊരു കോഫി ബോർഡ് വർക്കേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി കൂടി സ്ഥാപിതമായി. രണ്ട് സൊസൈറ്റികളുടെയും കീഴിൽ എൺപതോളം ശാഖകളുമായി തൊഴിൽ സമരങ്ങളും അടച്ചുപൂട്ടലുകളും അതിജീവിച്ച് രുചിക്കൂട്ടുകൾ കൊണ്ട് ഉപചാരം തീർത്ത് ഇന്ത്യൻ കോഫി ഹൗസ് അതിന്റെ ജൈത്രയാത്ര തുടരുന്നു.



എ.കെ.ജി.കോഫി ബോർഡ് ജീവനക്കാരോടൊപ്പം



# പൊന്നാനിയിൽ നിന്നുള്ള ആദ്യ സ്പീക്കർ- എൻ ഗോപാലമേനോൻ

പൊന്നാനി മണ്ഡലത്തിൽ നിന്നുള്ള ആദ്യ സ്പീക്കർ എന്ന ബഹുമതി നെടിയം വീട്ടിൽ ഗോപാലമേനോൻ എന്ന എൻ.ഗോപാലമേനോന് സ്വന്തം. സ്പീക്കറായത് മദ്രാസ് നിയമസഭയിലാണെന്നു മാത്രം. 1952 ൽ അന്നത്തെ മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്ന മലബാറിൽ നിന്ന് പൊതുമണ്ഡലമായ പൊന്നാനിയെ പ്രതിനിധീകരിച്ച് കോൺഗ്രസ് അംഗമായിട്ടായിരുന്നു എൻ. ഗോപാലമേനോൻ സഭാംഗമായത്. സ്പീക്കറായിരുന്ന ജെ.ശിവഷൺമുഖം പിള്ളയുടെ രാജിയെത്തുടർന്ന് നടന്ന സ്പീക്കർ തെരഞ്ഞെടുപ്പിൽ വിജയിച്ച് 1955 സെപ്റ്റംബർ 27 ന് അദ്ദേഹം മദ്രാസ് നിയമസഭാ സ്പീക്കറായി. സംസ്ഥാന പുനഃസംഘടനയെത്തുടർന്ന് പൊന്നാനി മണ്ഡലം കേരള സംസ്ഥാനത്തിന്റെ ഭാഗമായതിനാൽ 1956 നവംബർ 1 മുതൽ സ്പീക്കർ പദവി ഒഴിയുകയാണെന്ന് 1956 ഒക്ടോബർ 23 ന് എൻ.ഗോപാലമേനോൻ സഭയിൽ പ്രസ്താവിച്ചു. മദ്രാസ് നിയമസഭയ്ക്ക് അദ്ദേഹം നൽകിയ സേവനങ്ങളെ പ്രകീർത്തിക്കുകയും നിയമസഭാ പ്രവർത്തനങ്ങൾക്ക് നിഷ്പക്ഷമായും നിശ്ചയദാർഢ്യത്തോടെയും നേതൃത്വം നൽകിയ അദ്ദേഹത്തിന് നന്ദി അറിയിക്കുകയും ചെയ്യുന്ന പ്രമേയം സഭാനേതാവ് അവതരിപ്പിക്കുകയും സഭ പാസ്സാക്കുകയും ചെയ്തു. സഭാനേതാവും പ്രതിപക്ഷ നേതാവും ഒരു വെള്ളി ചെപ്പും അശോക സ്തംഭത്തിന്റെ മാതൃകയും അദ്ദേഹത്തിന് സമ്മാനിക്കുകയും ചെയ്തു.

കേരള നിയമസഭയിലല്ലാതെ മറ്റൊരു നിയമസഭയിൽ സ്പീക്കറായ ആദ്യ മലയാളിയായ എൻ.ഗോപാലമേനോൻ 1896 ജനുവരി 15 ന് മലബാറിന്റെ ഭാഗമായിരുന്ന ഗുരുവായൂരിലാണ് ജനിച്ചത്. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് ബിരുദവും മദ്രാസ് ലോ കോളേജിൽ നിന്ന് നിയമബിരുദവും നേടിയതിനു ശേഷം മദ്രാസിൽ അഭിഭാഷകനായി പ്രവർത്തിച്ചു. 1936 മുതൽ ഇരുപത് വർഷം അദ്ദേഹം മദ്രാസ് കോർപ്പറേഷൻ കൗൺസിലറായിരുന്നു. ഒരു തവണ അദ്ദേഹം ഡെപ്യൂട്ടി മേയറായി തെരഞ്ഞെടുക്കപ്പെട്ടു. ദക്ഷിണഭാരത അത്‌ലറ്റിക് അസോസിയേഷൻ അംഗം, നാഷണൽ ഇന്ത്യൻ അസോസിയേഷൻ അംഗം, മദ്രാസ് പീപ്പിൾസ് ബാങ്ക് ഡയറക്ടർ, മദ്രാസ് യൂണിവേഴ്സിറ്റി സെനറ്റ് മെമ്പർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള നിരവധി പ്രവർത്തനങ്ങളിൽ ഗോപാലമേനോൻ വ്യാപൃതനായിരുന്നു. 'പാർലമെന്ററി പ്രാക്ടീസസ്' എന്ന പുസ്തകവും അദ്ദേഹം രചിച്ചിട്ടുണ്ട്. എൻ. ഗോപാലമേനോൻ 1967 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ തൃശ്ശൂർ മണ്ഡലത്തിൽ നിന്നും സ്വതന്ത്ര പാർട്ടിയുടെ സ്ഥാനാർത്ഥിയായി മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. 1972 ഫെബ്രുവരി 9 ന് അദ്ദേഹം അന്തരിച്ചു.

ദാവീദിന്റെയും സോളമന്റേയും കാലം മുതൽ ഈജിപ്റ്റിന് മലബാറുമായി വാണിജ്യബന്ധങ്ങളുണ്ടായിരുന്നതായി ബൈബിൾ പഴയ നിയമത്തിൽ സൂചനകളുണ്ട്. പൊന്നാനിയുടെ ചരിത്രം 'പൊൻനാണയങ്ങളുടെ' വ്യാപാര ചരിത്രം മാത്രമല്ല; അത് രാഷ്ട്രീയ ചരിത്രം കൂടിയാണ്.

## ചിത്രജാലകം



ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ രാജ്ഭവനിൽ സ്പീക്കർ സന്ദർശിച്ചപ്പോൾ



2019 ലെ നിയമസഭാ മാധ്യമ അവാർഡുകൾ ഗവർണർ സമ്മാനിക്കുന്നു




ഇ-നിയമസഭ വിദഗ്ധ സമിതി യോഗം

# എസ്. മണികുമാർ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്



കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി എസ്. മണികുമാർ ചുമതലയേറ്റു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുമ്പാകെയാണ് സത്യപ്രതിജ്ഞ ചെയ്തത്. മുൻ ഗവർണർ ജസ്റ്റിസ് (റിട്ട.) പി.സദാശിവം, മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ എ.കെ.ബാലൻ, എം.എം.മണി, ഡോ. ടി.എം. തോമസ് ഐസക്, കടന്നപ്പള്ളി രാമചന്ദ്രൻ തുടങ്ങിയവർ ചടങ്ങിന് സാക്ഷ്യം വഹിച്ചു.

1961 ഏപ്രിൽ 24 ന് തമിഴ്നാട്ടിൽ ജനിച്ച ജസ്റ്റിസ് മണികുമാർ 1983 ലാണ് അഭിഭാഷകനായി എൻറോൾ ചെയ്തത്. അസിസ്റ്റന്റ് സോളിസിറ്റർ ജനറൽ, കേന്ദ്രസർക്കാരിന്റെ സീനിയർ സ്റ്റാന്റിംഗ് കൗൺസൽ, തമിഴ്നാട് ഗവ.പ്ലീഡർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ച അദ്ദേഹം ഇരുപത്തിരണ്ട് വർഷത്തെ അഭിഭാഷകവൃത്തിക്കശേഷം 2006 ജൂലൈയിൽ മദ്രാസ് ഹൈക്കോടതിയിൽ അഡീഷണൽ ജഡ്ജിയായി നിയമിതനായി. 2009 നവംബർ മുതൽ സ്ഥിരം ജഡ്ജിയായി മദ്രാസ് ഹൈക്കോടതിയിൽ പ്രവർത്തിച്ചു വരികയായിരുന്നു.

## കേരള ഹൈക്കോടതി ചരിത്ര വഴിയിലൂടെ..

1956 നവംബറിൽ കേരള സംസ്ഥാനത്തിനൊപ്പം പിറവിയെടുത്ത കേരള ഹൈക്കോടതിയുടെ ചരിത്രപ്പെരുമ രാജഭരണകാലത്തോളം നീളുന്നു.

കേരള ഹൈക്കോടതിയുടെ ചരിത്രത്തിൽ തങ്കലിപികളിൽ എഴുതപ്പെട്ട പേരാണ് കേണൽ മൺറോ. ദേശവാഴികളും നാട്ടുവാഴികളും നീതിന്യായം നിർവ്വഹിച്ചുവന്ന തിരുവിതാംകൂറിലും കൊച്ചിയിലും ജില്ലാ കോടതികളും ഹജ്ജൂർ കോടതികളും സ്ഥാപിച്ചത് കേണൽ മൺറോ ദിവാനായിരുന്ന 1811-12 കാലഘട്ടത്തിലായിരുന്നു. ഇവയിൽ ഹജ്ജൂർ കോടതികൾക്കായിരുന്നു പരമാധികാരം. തിരുവിതാംകൂറിലെ ഹജ്ജൂർ കോടതി 1861 മുതൽ 1881 വരെ സദർ കോടതികളായി എല്ലാ അധികാരത്തോടെയും പ്രവർത്തിച്ചു. ഈ സദർ കോടതിക്ക് ഇന്ന് ഹൈക്കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരുന്നു. 1887 ൽ ഒരു ചീഫ് ജസ്റ്റിസ് ഉൾപ്പെടെ അഞ്ച് ജഡ്ജിമാരുൾപ്പെടുന്ന തിരുവിതാംകൂർ ഹൈക്കോടതി നിലവിൽ വന്നു. മുപ്പത്തിയഞ്ചുകാരനായ ജസ്റ്റിസ് രാമചന്ദ്ര അയ്യരായിരുന്നു തിരുവിതാംകൂർ ഹൈക്കോടതിയുടെ ആദ്യ ചീഫ് ജസ്റ്റിസ്.

കൊച്ചിരാജ്യത്ത് 1812 ൽ തൃപ്പൂണിത്തുറയിലും തൃശ്ശൂരിലുമായി രണ്ട് സബ്കോടതികളും എറണാകുളത്ത് മേലധികാരത്തോടെ ഹജ്ജൂർ കോടതിയും സ്ഥാപിച്ചു.ഹജ്ജൂർ കോടതിക്ക് മൂന്ന് ജഡ്ജിമാരുടെ സേവനം ലഭിച്ചിരുന്നു.1835 ൽ ഹജ്ജൂർ കോടതി 'രാജാസ് കോർട്ട് ഓഫ് അപ്പീൽ', ആയും സബ് കോടതികൾ ജില്ലാ കോടതികളായും പുനഃക്രമീകരിച്ചു. പരമാധികാരം കയ്യാളിയിരുന്ന 'രാജാസ് കോർട്ട് ഓഫ് അപ്പീൽ', 1900ൽ കൊച്ചിൻ ചീഫ് കോടതിയായി പുനർ നാമകരണം ചെയ്തു. ഷൺമുഖം ചെട്ടിയാർ ദിവാനായിരുന്ന കാലഘട്ടത്തിൽ കൊച്ചിൻ ചീഫ് കോടതി ഹൈക്കോടതിയായി മാറി.

തിരു-കൊച്ചി സംസ്ഥാനം നിലവിൽ വന്നതോടെ 1949 ജൂലൈ 7ന് തിരുവിതാംകൂർ-കൊച്ചി ഹൈക്കോടതി എറണാകുളം ആസ്ഥാനമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. 1956 നവംബർ 1 ന് സംസ്ഥാന പുനഃസംഘടനാ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാനം നിലവിൽ വന്നതോടെ തിരുവിതാംകൂർ-കൊച്ചി ഹൈക്കോടതിയുടെയും മദ്രാസ് ഹൈക്കോടതിയുടെ പരിധിയിലായിരുന്ന മലബാർ ജില്ലയുടെയും അധികാര പരിധി ഉൾക്കൊള്ളിച്ച് കേരള ഹൈക്കോടതി സ്ഥാപിതമായി. കേരള സംസ്ഥാനത്തിന് പുറമേ ലക്ഷദ്വീപും കേരള ഹൈക്കോടതിയുടെ അധികാരപരിധിയിൽ വരുന്നു.

35 സ്ഥിരം ജഡ്ജിമാരുടെയും 12 അഡീഷണൽ ജഡ്ജിമാരുടെയും തസ്തികകളാണ് ഹൈക്കോടതിയിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്. 62 വയസ്സാണ് ജഡ്ജിമാരുടെ വിരമിക്കൽ പ്രായം.

## കോളേജ് ഹോസ്റ്റലുകളിൽ മൊബൈൽ, ഇന്റർനെറ്റ് നിയന്ത്രണം മൗലികാവകാശ ലംഘനമെന്ന് ഹൈക്കോടതി


ഫഹീമാ ഷിറിൻ

കോളേജ് ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾ മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവ ഉപയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് മൗലികാവകാശ ലംഘനമെന്ന് ഹൈക്കോടതി. ഇന്റർനെറ്റ് പോലുള്ളവയുടെ ഉപയോഗം വിദ്യാഭ്യാസ അവകാശം ഉറപ്പാക്കുമെന്നുള്ള ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ കൗൺസിൽ പ്രഖ്യാപനം ചൂണ്ടിക്കാട്ടിയാണ് ജസ്റ്റിസ് പി.വി. ആശയുടെ ഉത്തരവ്.

കോഴിക്കോട് ചേളന്നൂർ എസ്.എൻ. കോളേജിലെ പെൺകുട്ടികളുടെ ഹോസ്റ്റലിൽ വൈകിട്ട് ആറ് മുതൽ രാത്രി പത്ത് വരെ മൊബൈൽ ഉപയോഗം വിലക്കിയ നടപടിയിൽ പ്രതിഷേധിച്ച് വിദ്യാർത്ഥിനി ഫഹീമാ ഷിറിൻ നൽകിയ ഹർജിയാണ് കോടതി പരിഗണിച്ചത്.

മൊബൈൽ ഫോൺ വഴി ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തുന്നത് ഭരണഘടനയുടെ 19(1)(a) അനുച്ഛേദപ്രകാരമുള്ള സംസാരത്തിനും അഭിപ്രായപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യത്തിന്റെ ലംഘനമാണെന്ന് ഹർജിക്കാരി ചൂണ്ടിക്കാട്ടിയിരുന്നു. ഇന്റർനെറ്റിനുള്ള അവകാശം മനുഷ്യാവകാശമാണെന്നും എല്ലാവർക്കും ഇന്റർനെറ്റ് ലഭ്യമാക്കുന്നതിന് സർക്കാർ ശ്രമം നടത്തിവരികയാണെന്നും 2017 ലെ ബജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി ഡോ.ടി.എം. തോമസ് ഐസക് പരാമർശിച്ച കാര്യവും ഹർജിക്കാരി ചൂണ്ടിക്കാട്ടിയിരുന്നു.

എങ്ങനെ പഠിക്കണം, എപ്പോൾ പഠിക്കണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കാനാകുംവിധം പ്രായപൂർത്തിയായവരാണ് ഹോസ്റ്റൽ അന്തേവാസികളെന്ന് കോളേജ് അധികൃതരും രക്ഷിതാക്കളും മനസ്സിലാക്കണം. യു.ജി.സി. തന്നെ ഓൺലൈൻ കോഴ്സുകൾ നടത്തുന്ന സാഹചര്യത്തിൽ ഇന്റർനെറ്റ് പോലുള്ളവയുടെ ഉപയോഗം നിയന്ത്രിക്കുന്നത് അറിവ് സമ്പാദിക്കാനും, സഹപാഠികൾക്കൊപ്പം മത്സരിക്കാനുമുള്ള വിദ്യാർത്ഥികളുടെ അവകാശങ്ങളെ ഹനിക്കലാണെന്നും അത് അവരുടെ ഭാവി നശിപ്പിക്കുമെന്നും കോടതി ചൂണ്ടിക്കാട്ടി.

ലൈബ്രറിയിൽ നിന്ന് പഠിക്കുന്നതുപോലെയാണ് ചില കുട്ടികൾ ഇ-ബുക്കുകൾ ഉപയോഗിക്കുന്നത് എന്നും 18ന് മേൽ പ്രായമുള്ള വിദ്യാർത്ഥികൾക്ക് സ്വന്തം പഠനരീതി തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം നൽകണമെന്നും അറിവ് സമ്പാദിക്കുന്നതിനുള്ള വഴി തടയലല്ല അച്ചടക്കം നടപ്പാക്കൽ എന്നും കോടതി വ്യക്തമാക്കി.

ചേളന്നൂർ കോളേജ് ഹോസ്റ്റലിലെ നിയന്ത്രണങ്ങൾ കോടതി റദ്ദാക്കുകയും നടപടി ചോദ്യം ചെയ്തതിന് ഹോസ്റ്റലിൽ നിന്നും പുറത്താക്കിയ ഹർജിക്കാരിയെ തിരിച്ചെടുക്കാൻ ഉത്തരവിടുകയും ചെയ്തു.

# നിരോധനാജ്ഞ ലംഘിച്ച് കൈക്കുഞ്ഞുമായി ജയിലിലേക്ക്: എ.വി.കുട്ടിമാളു അമ്മ

**സേവന രാഷ്ട്രീയത്തിൽ അടിയുറച്ചു വിശ്വസിച്ചു പ്രവർത്തിച്ച 'അനാഥരുടെ അമ്മ', 'രാഷ്ട്രീയ കേരളത്തിന്റെ ഓപ്പോൾ' എന്നീ വിളിപ്പേരുകളിൽ അറിയപ്പെട്ടിരുന്ന മഹതിയാണ് എ.വി. കുട്ടിമാളു അമ്മ. ത്യാഗോജ്ജ്വലമായ സംഭവ പരമ്പരയായിരുന്നു അവരുടെ ജീവിതം.**

***ചോരതുടിക്കും ചെറുകയ്യുകളെ***
***പേറുക വന്നീ പന്തങ്ങൾ......***
വൈലോപ്പിള്ളി


കടപ്പാട്: മാതൃഭൂമി ആർക്കൈവ്സ്


മദ്രാസ് നിയമസഭാ അസംബ്ളി 1967ൽ

കേരളപ്പിറവിക്ക് മുൻപ് മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്ന മലബാറിൽ നിന്ന് മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിൽ അംഗമായിരുന്ന ഏക വനിതയാണ് എ.വി.കുട്ടിമാളു അമ്മ. സ്വാതന്ത്ര്യസമരത്തിൽ മലബാറിലെ മുന്നണിപ്പോരാളിയായിരുന്ന കുട്ടിമാളു അമ്മ 1905 ഏപ്രിൽ 23 ന് പാലക്കാട് ജില്ലയിലെ കുറ്റനാടിനടുത്ത ആനക്കര വടക്കത്ത് കുടുംബത്തിലാണ് ജനിച്ചത്. അമ്മു സ്വാമിനാഥൻ, ലക്ഷ്മി എൻ. മേനോൻ, മൃണാളിനി സാരാഭായ്, സുഭാഷിണി അലി തുടങ്ങിയ പ്രഗൽഭമതികൾക്ക് ജന്മം നൽകിയ തറവാടാണ് ആനക്കര വടക്കത്ത്. സ്ത്രീകൾക്ക് ഔപചാരിക വിദ്യാഭ്യാസ സൗകര്യങ്ങൾ പരിമിതമായിരുന്ന അക്കാലത്ത് അവർ സ്വന്തം പരിശ്രമം മൂലം മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളിൽ പ്രാവീണ്യം നേടി. കെ.പി.സി.സി. പ്രസിഡന്റും മദ്രാസിലെ നിയമമന്ത്രിയുമായിരുന്ന കോഴിപ്പുറത്ത് മാധവമേനോനുമായുള്ള വിവാഹം കുട്ടിമാളു അമ്മയുടെ ജീവിതത്തിൽ വഴിത്തിരിവായി. സ്വദേശി പ്രസ്ഥാനത്തിലും നിസഹകരണ പ്രസ്ഥാനത്തിലും സജീവമായി പങ്കെടുത്ത അവർ വിദേശവസ്ത്ര ബഹിഷ്ക്കരണത്തിന്റെ ഭാഗമായി 1931 ൽ മലബാറിൽ വിദേശവസ്ത്ര വ്യാപാരശാലകളുടെ മുമ്പിൽ പിക്കറ്റിംഗിന് നേതൃത്വം നൽകി. നിരോധനാജ്ഞ ലംഘിച്ച് രണ്ട് മാസം പ്രായമുള്ള കൈക്കുഞ്ഞിനേയുമെടുത്ത് ധീരമായി സ്ത്രീകളുടെ ഒരു ജാഥയ്ക്ക് നേതൃത്വം നൽകിയ കുട്ടിമാളു അമ്മയെ അറസ്റ്റ് ചെയ്ത് രണ്ട് വർഷത്തെ തടവിന് ശിക്ഷിച്ചു. രണ്ട് മാസം പ്രായമുള്ള കുഞ്ഞിനെ ജയിലിൽ പ്രവേശിപ്പിക്കാൻ ജയിൽ അധികൃതർ വിസമ്മതിച്ചപ്പോൾ കുഞ്ഞിന് തന്നോടൊപ്പം ജയിലിൽ കഴിയാനുള്ള അവകാശമുണ്ടെന്ന് നിയമവ്യവസ്ഥകൾ ചൂണ്ടിക്കാട്ടി അവർ സമർത്ഥിച്ചു. ഒടുവിൽ അധികാരികൾ വഴങ്ങുകയും അമ്മയോടൊപ്പം കുഞ്ഞും തടവിൽ കഴിയാൻ അനുമതി നൽകുകയും ചെയ്തു.

1934 ൽ ജയിൽ മോചിതയായ കുട്ടിമാളു അമ്മ കോഴിക്കോട് നഗരസഭാംഗമായി പ്രവർത്തിച്ചുവരുമ്പോൾ 1936ൽ മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കാമരാജ് മലബാറിൽ പ്രചരണം നടത്തിയപ്പോൾ അദ്ദേഹത്തിന്റെ തമിഴ് പ്രസംഗം മൊഴിമാറ്റം നടത്തിയിരുന്നത് കുട്ടിമാളു അമ്മയായിരുന്നു. വ്യക്തി സത്യാഗ്രഹത്തിന്റെ ഭാഗമായി 1940ൽ ഒരു വർഷവും ക്വിറ്റിന്ത്യാ സമരത്തിന്റെ ഭാഗമായി 1942 മുതൽ രണ്ടു വർഷവും മദ്രാസ് പ്രസിഡൻസി ജയിലിൽ അവർ തടവുശിക്ഷ അനുഭവിച്ചു. 1944ൽ ജയിൽ മോചിതയായശേഷം മലബാറിൽ കോൺഗ്രസ്സിനെ പുന:സംഘടിപ്പിക്കുവാൻ നേതൃത്വം നൽകിയ കുട്ടിമാളു അമ്മ ഒരു വർഷം കെ.പി.സി.സി. പ്രസിഡന്റായി പ്രവർത്തിച്ചു. എ.ഐ.സി.സി.യിലും കോൺഗ്രസ് പ്രവർത്തക സമിതിയിലും അംഗമായിരുന്ന അവർ 1946 ൽ വീണ്ടും കോഴിക്കോട്- തലശ്ശേരി ജനറൽ മണ്ഡലത്തിൽ നിന്നും മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു.

സ്വാതന്ത്ര്യാനന്തരം കോഴിക്കോട് വെസ്റ്റ് ഹില്ലിലെ അഗതികൾക്കും നിരാലംബർക്കുമുള്ള അനാഥ മന്ദിരത്തിന്റെ ചുമതലയും ജീവകാരുണ്യ പ്രവർത്തനങ്ങളുമായി ശിഷ്ടജീവിതം നയിച്ചു. ഏവരാലും ഉപേക്ഷിക്കപ്പെട്ട ഭിക്ഷക്കാർക്ക് പോലും അമ്മയായി നിന്ന കാരുണ്യമായിരുന്നു കുട്ടിമാളു അമ്മ. അനേകരെ ജീവിതത്തിലേയ്ക്ക് കൈപിടിച്ചുയർത്തി അന്നവും വസ്ത്രവും പാർപ്പിടവും തൊഴിലും നൽകി അനാഥരല്ല എന്ന ധൈര്യം ആ അമ്മ അവർക്ക് പകർന്നു. ഒരു നേരത്തെ അന്നത്തിന് വഴിയില്ലാതിരുന്ന അഗതികൾക്കു വേണ്ടി അവർ ആവിഷ്കരിച്ച പദ്ധതിയായിരുന്നു 'പിടിയരി'. വീടുകൾ തോറും കയറിയിറങ്ങി 'പിടിയരി' ശേഖരിച്ച് അനാഥമന്ദിരത്തിലെത്തിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യം. അനാഥാലയത്തിലെ അന്തേവാസികളെ അവരുടെ സ്വന്തം കാലിൽ നിൽക്കാൻ സഹായിക്കുന്നതരത്തിൽ നൂൽനൂൽക്കാനും, ചർക്കയും തക്ലിയും ഉപയോഗിക്കാനും പഠിപ്പിച്ചു. വെള്ളിമാടുകുന്ന് ബാലമന്ദിരത്തിലും ചേവായൂർ കുഷ്ഠരോഗാശുപത്രിയിലും കഴിയുന്ന അന്തേവാസികളുടെ അടുത്തുചെല്ലാനും അവരുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കാനും അമ്മ വളരെയധികം ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ ജയിൽശിക്ഷ പൂർത്തിയാക്കി പുറത്തുവന്നപ്പോൾ താമസിക്കാൻ ഇടമില്ലാതെ രണ്ടുമാസം അവർ താമസിച്ചത് പുവർഹോം സൊസൈറ്റിയിലായിരുന്നെന്ന് മകൻ കേണൽ വി.എം. അച്യുതൻ, ശതാബ്ദിസ്മരണലേഖനത്തിൽ കുറിച്ചിട്ടുണ്ട്. മലബാർ ഹിന്ദിപ്രചാരസഭയുടെ പ്രവർത്തനങ്ങളിൽ നേതൃത്വം വഹിച്ചിരുന്ന അവർ മാതൃഭൂമി ദിനപത്രത്തിന്റെ ഡയറക്ടറായും ഏറെക്കാലം പ്രവർത്തിച്ചിരുന്നു. 1985 ൽ നിര്യാതയായി.

കുട്ടിമാളു അമ്മയോടൊപ്പം ജയിലിൽ അടയ്ക്കപ്പെട്ട മകൾ എ.വി. മീനാക്ഷി 2019 നവംബർ 10 ന് ചെന്നൈയിൽ അന്തരിച്ചു.

കേരള നിയമസഭാ സെക്രട്ടേറിയറ്റിനു വേണ്ടി നിയമസഭാ സെക്രട്ടറി പ്രസിദ്ധീകരിക്കുന്നത്.
വിവരവിഭവ വികസന വിഭാഗം ഫോൺ : (0471) 2512493, 2512667, 2512353 ; ഇ-മെയിൽ : kladrd@gmail.com വെബ്സൈറ്റ് : www.niyamasabha.org